# ദീപനാളം

കലാസാംസ്കാരിക ദേശീയവാരിക

2022 നവംബർ 3 | ദീപം 55 | നാളം 34 | Published from : PALA | പേജ് 16 | വില 8 രൂപ | www.deepanalam.org





തോമസ് കുഴിഞ്ഞാലിൽ




# ഋഷികളുടെ നാടിന് അഭിമാനമായി ബ്രിട്ടനിൽ ഋഷി സുനക്

ഏഷ്യക്കാർക്കു പൊതുവെയും, ഇന്ത്യക്കാർക്കു പ്രത്യേകിച്ചും സന്തോഷം പകർന്ന ഒരു വാർത്ത മാധ്യമങ്ങളിൽ നിറയുകയാണ്. ഏഷ്യയിൽനിന്നുള്ള ഇന്ത്യൻവംശജനായ ഋഷി സുനക് ബ്രിട്ടന്റെ പ്രധാനമന്ത്രിക്കസേരയിൽ ഉപവിഷ്ടനാകുന്നു എന്നതാണ് പ്രധാനപ്പെട്ട ആ സന്തോഷവാർത്ത.

ബോറിസ് ജോൺസൺ മന്ത്രിസഭയിൽ ധനകാര്യവകുപ്പുമന്ത്രിയായിരുന്ന (ബ്രിട്ടനിൽ ചാൻസലർ) ഋഷി സുനക്, പ്രധാനമന്ത്രിപദം രാജിവച്ചിറങ്ങിയ ലിസ് ട്രസിന്റെ പിൻഗാമിയായി ചുമതലയേറ്റു. ഭരണകക്ഷിയായ കൺസർവേറ്റീവ് പാർട്ടിയുടെ നേതാവായി തീരുമാനിക്കപ്പെട്ടതോടെയാണ് അദ്ദേഹം പ്രധാനമന്ത്രിയാകാൻ നിയോഗിക്കപ്പെട്ടത്.

പ്രധാനമന്ത്രിസ്ഥാനത്തേക്കു തിരഞ്ഞെടുക്കപ്പെടാൻ ആഗ്രഹിച്ചിരുന്ന പ്രമുഖരുടെ മുൻനിരയിലുണ്ടായിരുന്ന പെന്നി മോർഡോൺടും ബോറിസ് ജോൺസണും പാർട്ടിയംഗങ്ങളുടെ പിന്തുണ നേടാനാകാതെ മത്സരരംഗത്തുനിന്നു പിന്മാറുകയാണെന്നറിയിച്ചത് ഋഷി സുനകിന് അനുകൂലഘടകമായി. 2015 മുതൽ യോർക്കിലെ റിച്ച്മണ്ടിൽനിന്നുള്ള പാർലമെന്റംഗമായ ഋഷി, പാർട്ടി നേതാവായി തിരഞ്ഞെടുക്കപ്പെട്ട വിവരം കൺസർവേറ്റീവ് പാർട്ടിയുടെ പാർലമെന്റംഗങ്ങളുടെ കമ്മിറ്റിയുടെ അധ്യക്ഷൻ സർ ഗ്രഹാം ബ്രാഡിയാണ് പുറംലോകത്തെ അറിയിച്ചത്. പാർട്ടിനേതാക്കളെ തിരഞ്ഞെടുക്കാൻ ചുമതലപ്പെട്ട ഈ സംഘം '1922 കമ്മിറ്റി' എന്നാണ് വിളിക്കപ്പെടുന്നത്.

ബ്രിട്ടീഷ് ഭരണകാലത്തെ പഞ്ചാബ് പ്രവിശ്യയിലെ ഗുജ്റൻവാല സ്വദേശികളായിരുന്ന ഹൈന്ദവകുടുംബാംഗങ്ങളായ ഋഷിയുടെ മുത്തച്ഛനും മുത്തശ്ശിയും വർഗീയകലാപങ്ങളിൽനിന്നു രക്ഷപ്പെട്ട് സൗത്താഫ്രിക്കയിൽ കുടിയേറിയവരാണ്. അവിടെനിന്നു കെനിയയിലും ടാങ്കനിക്കയിലും ഇപ്പോൾ ടാൻസാനിയ ജീവിതമാർഗം തേടി അലഞ്ഞ കുടുംബം 1960 കളിലാണ് ഇംഗ്ലണ്ടിലെത്തുന്നത്. കെനിയയിൽ ജനിച്ച ഡോ. യാഷ്വീർ സുനകിന്റെയും ടാങ്കനിക്കയിൽ ജനിച്ച ഉഷാ സുനകിന്റെയും സീമന്തപുത്രനായി 1980 മേയ് 12-ാം തീയതി യോർക്കിലെ സതാംപ്ടണിലായിരുന്നു ഋഷിയുടെ ജനനം. പിതാവായ യാഷ്വീർ ആരോഗ്യവകുപ്പിൽ ചികിത്സാവിദഗ്ധനായും മാതാവ് ഉഷ ഫാർമസിസ്റ്റായും ജോലി ചെയ്ത് കുടുംബം പുലർത്തി. അനുജൻ സഞ്ജയ് സുനക് ഒരു മനഃശാസ്ത്രജ്ഞനായും ഇളയസഹോദരി രാഖി ഐക്യരാഷ്ട്രസംഘടനയിൽ വിദ്യാഭ്യാസവകുപ്പിലും ജോലി ചെയ്യുന്നു. സതാംപ്ടണിലെയും ഹാംപ്ഷെയറിലെയും വിൻചെസ്റ്ററിലെയും സ്കൂളുകളിൽ പ്രാഥമികപഠനം പൂർത്തിയാക്കിയ ഋഷി, ഓക്സ്ഫോഡിലെ ലിങ്കൺ കോളജിൽനിന്ന് ധനതത്ത്വശാസ്ത്രത്തിൽ ബിരുദം സമ്പാദിച്ചു. ബിരുദപഠനത്തിനിടെ തത്ത്വശാസ്ത്രത്തിലും രാഷ്ട്രീയത്തിലും അവഗാഹം നേടി. ഫുൾബ്രൈറ്റ് സ്കോളർഷിപ്പ് ലഭിച്ച് യു എസി ലെ കാലിഫോർണിയയിലുള്ള സ്റ്റാൻഫോർഡ് സർവകലാശാലയിൽനിന്ന് 2006 ൽ എം ബി എ ബിരുദം കരസ്ഥമാക്കി. സ്റ്റാൻഫോഡിലെ വിദ്യാഭ്യാസകാലം തന്റെ ജീവിതത്തിലെ മറക്കാനാവാത്ത കാലഘട്ടമായിരുന്നുവെന്ന് അദ്ദേഹം അനുസ്മരിച്ചിട്ടുണ്ട്. അവിടെ സഹപാഠിയായിരുന്ന അക്ഷതയുമായുള്ള പ്രണയവിവാഹം 2009 ലായിരുന്നു. ബഹുരാഷ്ട്ര ഐ ടി കമ്പനിയായ ഇൻഫോസിസിന്റെ സഹസ്ഥാപകനും ചെയർമാനുമായിരുന്ന എൻആർ നാരായണമൂർത്തിയുടെ മകളാണ് അക്ഷത. ഇൻഫോസിസിലും വിവിധ കമ്പനികളിലുമായി അക്ഷതയുടെ സമ്പാദ്യം 70 കോടി പൗണ്ട് വരുമെന്നു പറയപ്പെടുന്നുണ്ട്. വെസ്റ്റ്മിനിസ്റ്ററിലെ ഏറ്റവും വലിയ കോടീശ്വരനും ബ്രിട്ടനിലെ 222 ാമത്തെ സമ്പന്നനുമായി എണ്ണപ്പെടുന്ന ഋഷി സുനകിന്റെ ആസ്തി 73 കോടി പൗണ്ടും വരുമത്രേ! 10 ഡൗണിംഗ് സ്ട്രീറ്റിലുൾപ്പെടെയുള്ള അഞ്ച് ആഡംബരവസതികൾ ഈ ദമ്പതികൾക്കുണ്ട്. റിഷിക്കും അക്ഷതയ്ക്കുമായി വിദ്യാർത്ഥിനികളായ രണ്ടു പെൺമക്കൾ. കൃഷ്ണ സുനകും, അനൗസ്ക സുനകും.

ബിസിനസ് അഡ്മിനിസ്ട്രേഷനിൽ ബിരുദാനന്തരബിരുദം സമ്പാദിച്ച് ഇംഗ്ലണ്ടിൽ തിരിച്ചെത്തിയ ഋഷി കൺസർവേറ്റീവ് പാർട്ടിയിൽ അംഗത്വമെടുത്ത് രാഷ്ട്രീയത്തിലും സജീവമായി. വടക്കൻയോർക്ക് ഷൈറിലെ റിച്ച്മണ്ട് മണ്ഡലത്തിൽനിന്ന് 2015 ൽ പാർലമെന്റിലേക്കു തിരഞ്ഞെടുക്കപ്പെടുമ്പോൾ 35 വയസ്സു മാത്രമായിരുന്നു പ്രായം. പ്രധാനമന്ത്രിയായിരുന്ന ബോറിസ് ജോൺസന്റെ വിശ്വസ്തനായി മാറിയ ഋഷിയെ 2019 ൽ ധനകാര്യവകുപ്പിൽ ചീഫ് സെക്രട്ടറിയായും 2020 ൽ അതേ വകുപ്പിൽ ചാൻസലറായും നിയമിച്ചു. 2018 ൽ തദ്ദേശസ്വയംഭരണവകുപ്പിന്റെ ചുമതല വഹിച്ചിട്ടുള്ള ഋഷി, കൊവിഡുകാലത്തെ അതിജീവിക്കാനെടുത്ത തീരുമാനങ്ങളുടെ പേരിൽ ജനഹൃദയങ്ങളിൽ ഇടംനേടി. ബ്രെക്സിറ്റ് വഴി യൂറോപ്യൻ യൂണിയനിൽനിന്നു പുറത്തുകടക്കാനും സൈനികവും സാമ്പത്തികവുമായി യുക്രെയ്നെ കൈയയച്ചു സഹായിക്കാനും ബോറിസ് ജോൺസണ് പിന്തുണ നൽകിയവരിൽ പ്രമുഖനും ഋഷി സുനകായിരുന്നു. ഒരു മികച്ച എഴുത്തുകാരൻകൂടിയായ ഋഷിയുടെ ഏറ്റവും പ്രശസ്തമായ ഗ്രന്ഥം 'എ പോർട്രെയ്റ്റ് ഓഫ് മോഡേൺ ബ്രിട്ടൻ' നിരൂപകശ്രദ്ധ പിടിച്ചുപറ്റിയ ഗ്രന്ഥമാണ്.


▶12



അഡ്വ. അപർണ എം.

# മാധ്യമകുലപതിയുടെ മഹായാനങ്ങൾ



**ലോകവാർത്താവിനിമയ രംഗത്ത് ശതവർഷം പൂർത്തിയാക്കിയ ബിബിസിയുടെ ചരിത്രവഴികളിലൂടെ ഒരു യാത്ര.**

**സൂ**ര്യാസ്തമയമില്ലാതിരുന്ന മഹാസാമ്രാജ്യത്തിന്റെ ഏറ്റവും വിശിഷ്ടമായ സംഭാവനയെന്താണ്? അഥവാ ബ്രിട്ടീഷ് സാമ്രാജ്യം ലോകത്തിനു നൽകിയതെന്തെല്ലാമാണ്? ഇംഗ്ലീഷ് വിദ്യാഭ്യാസംമുതൽ ഒട്ടേറെയുള്ളതുകൊണ്ട് ഒറ്റ വാക്കിൽ ഉത്തരം പറയാനാകില്ല. എന്നാൽ, ലോകഗതിതന്നെ മാറ്റിമറിച്ച ബ്രിട്ടീഷ് സംഭാവന എന്തെന്നു ചോദിച്ചാൽ സംശയലേശമെന്യേ ഒറ്റ വാക്കിൽ ഉത്തരം പറയാം: വാർത്താവിനിമയം. വാർത്താവിപ്ലവം എന്നു പറഞ്ഞാലും തെറ്റില്ല. കാരണം, വാർത്താവിനിമയരംഗത്ത് വിപ്ലവകരമായ മാറ്റങ്ങളാണ് ബ്രിട്ടീഷുകാർ കൊണ്ടുവന്നത്. അതിനു നിമിത്തമായതാകട്ടെ, ബിബിസിയും (ബ്രിട്ടീഷ് ബ്രോഡ്കാസ്റ്റിങ് കോർപ്പറേഷൻ).

വാർത്താവിനിമയരംഗത്തു വിപ്ലവകരമായ മാറ്റങ്ങൾ കൊണ്ടുവന്ന ബിബിസിക്ക് നൂറു വയസ്സു തികയുന്നു. ലോകത്താദ്യമായി ഏകീകൃതമായ രീതിയിൽ ഒരു വാർത്താവിനിമയസംവിധാനം കൊണ്ടുവന്നതു ബിബിസിയാണ്. വാർത്തകളെ വലിയ സാധ്യതകളാക്കി മാറ്റിയ ഒരു മഹത്തായ കണ്ടുപിടിത്തം. വൈജ്ഞാനിക രീതിയിൽ തുടങ്ങിയ വാർത്താവിതരണം ഇന്നു ലോകത്ത് ഏറ്റവും വിപണനസാധ്യതയുള്ള ഉത്പന്നമാണ്. മൂല്യശോഷണം എന്നൊക്കെ നമുക്കു വ്യാഖ്യാനിക്കാമെങ്കിലും വാർത്താവിതരണ – വിപണനരംഗത്തു വന്നിട്ടുള്ള മാറ്റങ്ങൾ അമ്പരപ്പിക്കുന്നതാണ്. ഇത്തരുണത്തിൽ ലോകമാധ്യമചരിത്രത്തിൽ പ്രഥമസ്ഥാനമുള്ള ബിബിസിയുടെ നൂറു വർഷത്തെ വളർച്ചയും വികാസവും പരിശോധിക്കുന്നത് ഉചിതമായിരിക്കും.

**ബിബിസിയുടെ തുടക്കം**

ബിബിസി 1922 ഒക്ടോബർ 18 നാണ് പ്രവർത്തനമാരംഭിച്ചത്. ആദ്യമായി വാർത്താപ്രക്ഷേപണം നടത്തിയത് നവംബർ 14-ാം തീയതിയാണ്. ബ്രിട്ടീഷ് ബ്രോഡ്കാസ്റ്റിങ് കമ്പനി എന്നായിരുന്നു അന്നത്തെ നാമധേയം. പിന്നീട് 1972 ലാണ് ബ്രിട്ടീഷ് ബ്രോഡ്കാസ്റ്റിംഗ് കോർപറേഷനായി രൂപാന്തരപ്പെട്ടത്.

ഒന്നാംലോകമഹായുദ്ധത്തിന്റെ സന്തതിയാണു ബിബിസിയെന്നു പറയാം. യുദ്ധസമയത്ത് വയർലെസ് സംവിധാനം ഏറെ പ്രയാസപ്പെട്ടിരുന്നു എന്നു മനസ്സിലാക്കിയ ബ്രിട്ടീഷ് മിലിട്ടറി ഉദ്യോഗസ്ഥരാണു ബ്രോഡ്കാസ്റ്റിങ് സംവിധാനം കൂടുതൽ കാര്യക്ഷമമാക്കുക എന്ന ആശയം മുന്നോട്ടുവച്ചത്. ജനറൽ പോസ്റ്റ് ഓഫീസിലെ ഉദ്യോഗസ്ഥർക്കായിരുന്നു ഇതു നടപ്പാക്കാനുള്ള ചുമതല. റേഡിയോ സാങ്കേതികവിദ്യ നിർമിക്കുന്നവർക്കു മാത്രമായി എട്ടു സ്റ്റേഷനുകൾക്കു ലൈസൻസ് അനുവദിക്കുക എന്നതായിരുന്നു ആദ്യ പദ്ധതി. 1922 മേയ് 18-ാം തീയതി ഇതു സംബന്ധിച്ച് ഒരു യോഗം നടന്നു. ഈ യോഗത്തിൽ രൂക്ഷമായ ആശയസംഘട്ടനം നടന്നു. പ്രാദേശികമായി ഒരു സ്റ്റേഷനെന്ന ആശയത്തോടു നിർമാതാക്കൾ യോജിച്ചില്ല. രാജ്യംമുഴുവൻ ഉൾക്കൊള്ളുന്ന ഒരു ബ്രോഡ്കാസ്റ്റിങ് സംവിധാനത്തോടായിരുന്നു അവർക്കു താത്പര്യം. റേഡിയോ കണ്ടുപിടിച്ച മർക്കോണിയുടെ കമ്പനിതന്നെയാണ് എട്ടു സ്റ്റേഷനുകൾക്കുപകരം വിപുലമായ ഒരു ബ്രോഡ്കാസ്റ്റിങ് കമ്പനി എന്ന ആശയം മുന്നോട്ടുവച്ചത്. ബിബിസി എന്ന സ്ഥാപനത്തിന്റെ തുടക്കത്തിലേക്കു നയിച്ച ആദ്യാശയം ഇതായിരുന്നു. ഇതിനും ഇരുപത്തഞ്ചു വർഷങ്ങൾക്കു മുമ്പു തന്നെ മർക്കോണി റേഡിയോ കണ്ടുപിടിച്ചുകഴിഞ്ഞിരുന്നു. അതായത്, 1897 ൽ. അതിന്റെ ഏറ്റവും വിപ്ലകരമായ പരിണാമമായിരുന്നു ബിബിസി എന്നു പറയാം.

**തുടക്കം 1000 വാക്കുകളിൽ**

1922 നവംബർ 14-ാം തീയതി വൈകിട്ട് ആറു മണിക്ക് ബിബിസിയുടെ ആദ്യവാർത്ത പുറത്തുവന്നു. മർക്കോണി സ്ഥാപിച്ച 2 എൽ ഒ സ്റ്റേഷനിൽനിന്ന് വാർത്ത വായിച്ച ആർതർ ബൊറോസാണു ബിബിസിയുടെ വിക്ഷേപണത്തിനു തുടക്കമിട്ടത്. അധികംപേരൊന്നും ആ വാർത്ത കേട്ടിരിക്കില്ല. വളരെ പരിമിതമായ ദൂരത്തുമാത്രമേ അതു ലഭ്യമാകുമായിരുന്നുള്ളൂ.

തുടക്കത്തിൽ രണ്ടു വർഷത്തേക്കായിരുന്നു ലൈസൻസ് നൽകിയിരുന്നത്. പരസ്യം നൽകാൻ പാടില്ല എന്നും നിയമമുണ്ടായിരുന്നു. റേഡിയോ സൈറ്റുകൾ വിൽക്കുമ്പോൾ കിട്ടുന്ന റോയൽറ്റിയും ശ്രോതാക്കളിൽനിന്നു പിരിച്ചിരുന്ന വാർഷികലൈസൻസ് ഫീസുമായിരുന്നു കമ്പനിയുടെ വരുമാന സ്രോതസ്സ്. ആദ്യകാലങ്ങളിൽ റേഡിയോയ്ക്കു ലൈസൻസ് എടുക്കണമായിരുന്ന ഇന്ത്യയിലും ഈ നിയമം വളരെക്കാലം നിലനിന്നു.

**റേഡിയോ പ്രചരിപ്പിക്കാൻ വാരിക**

അതേ, അങ്ങനെയും ഒരു പരീക്ഷണം ബിബിസി നടത്തിയിരുന്നു. റേഡിയോ പരിപാടികളുടെ വിശദാംശങ്ങൾ ജനങ്ങളിലെത്തിക്കാൻ ഒരു ആഴ്ചപ്പതിപ്പു പ്രസിദ്ധീകരിച്ചുതുടങ്ങി. റേഡിയോ ടൈംസ് എന്ന പേരിൽ 1923 സെപ്റ്റംബറിൽ റേഡിയോയെക്കുറിച്ചും റേഡിയോ പ്രോഗ്രാമുകളെക്കുറിച്ചും വിശദീകരിച്ചുകൊണ്ട് റേഡിയോ ടൈംസ് ആഴ്ചപ്പതിപ്പിന്റെ ആദ്യലക്കം പുറത്തിറങ്ങി. ആദ്യകാലത്ത് രണ്ടരലക്ഷം കോപ്പികളാണ് അച്ചടിച്ചിരുന്നത്. ഈ പ്രസിദ്ധീകരണം ജനങ്ങളിൽ വലിയ സ്വാധീനം ചെലുത്തുകയും റേഡിയോ ടൈംസിന്റെ പ്രചാരം ആറുലക്ഷമായി വർദ്ധിക്കുകയും ചെയ്തു. ബിബിസിയുടെ പ്രചാരത്തിന്റെ ഗതിവേഗത്തെയാണ് ഇതു ചൂണ്ടിക്കാണിക്കുന്നത്.

**വിഭജനത്തിലൂടെ വികസനം**

1940 കാലഘട്ടമായപ്പോഴേക്കും ബിബിസി വളർച്ചയുടെ പാതയിൽ ഏറെ മുന്നേറിക്കഴിഞ്ഞിരുന്നു. ഈ അവസരത്തിൽ ഈസ്റ്റേൺ സർവീസ്, പസഫിക് സർവീസ് എന്നിങ്ങനെ ബിബിസിയുടെ വിദേശവിഭാഗം വിഭജിക്കപ്പെട്ടു. നോർത്ത് അമേരിക്ക, ആഫ്രിക്ക എന്നിവയൊക്കെ ഉൾപ്പെടുന്ന ഈസ്റ്റേൺ സർവീസിലാണ് ഇന്ത്യയും ഉൾപ്പെട്ടത്.

1940 മേയ് 11-ാം തീയതി ബിബിസി ഇന്ത്യയിലും വാർത്താപ്രക്ഷേപണത്തിനു തുടക്കമിട്ടു. ഹിന്ദി, ഉറുദു ഭാഷകളിൽ ഏതാനും മിനിറ്റുകൾ നീണ്ടുനിൽക്കുന്ന വാർത്തമാത്രമേ ആദ്യകാലത്ത് ഉണ്ടായിരുന്നുള്ളൂ. പിന്നീടു രണ്ടു മണിക്ക് റിലേ ദൈർഘ്യമുള്ള പരിപാടികളും വന്നുതുടങ്ങി. 1941 ൽ മറാഠിയിലും 1944 ൽ ബിബിസി ബംഗാളിയും ആരംഭിച്ചു.



മാർക്ക് ടളി

**ബിബിസിയുടെ ഇന്ത്യൻ മുഖം**

ബിബിസിയുടെ ഇന്ത്യൻ മുഖം എന്നു വിശേഷിപ്പിക്കപ്പെടുന്ന മാർക്ക് ടളി എന്ന ബ്രിട്ടീഷുകാരനാണ് ബിബിസിയുടെ ഇന്ത്യയിലെ വളർച്ചയ്ക്ക് അടിസ്ഥാനമിട്ടതെന്നു പറയാം. പേരിലും കാഴ്ചയിലും മാത്രം ബ്രിട്ടീഷുകാരനെന്നും ബാക്കിയെല്ലാം ഇന്ത്യക്കാരനെന്നുമാണ് ഇദ്ദേഹത്തെ സുഹൃത്തുക്കൾ വിശേഷിപ്പിച്ചിരുന്നത്. ഹിന്ദി നന്നായി സംസാരിക്കുകയും വായിക്കുകയും ചെയ്യുന്ന മാർക്ക് ടളി ഇന്ത്യൻ സംസ്കാരത്തെ ഉൾക്കൊള്ളുന്നതിൽ തികച്ചും തത്പരനായിരുന്നു.

1965 ൽ മാർക്ക് ടളി ഇന്ത്യയിലെത്തി. മികച്ച പ്രവർത്തനം കൊണ്ട് ബിബിസി ഇന്ത്യൻ ജനതയുടെ ഹൃദയത്തിൽ ഇടംപിടിച്ചു. എന്നാൽ അടിയന്തരാവസ്ഥക്കാലത്ത് അദ്ദേഹത്തിനു ലണ്ടനിലേക്കു മടങ്ങേണ്ടിവന്നു. അസ്വാതന്ത്ര്യം ഏതു രൂപത്തിലായാലും തുറന്നെതിർക്കുന്ന അദ്ദേഹത്തെ ഉൾക്കൊള്ളാൻ അന്നത്തെ ഇന്ത്യൻ സാഹചര്യത്തിനു കഴിഞ്ഞില്ല. മാധ്യമസെൻസർഷിപ്പുപോലുള്ള പാരതന്ത്ര്യം അംഗീകരിക്കാൻ അദ്ദേഹത്തിനു കഴിഞ്ഞില്ല. 1975 ൽ ലണ്ടനിലേക്കു മടങ്ങിയ മാർക്ക് ടളി അടിയന്തരാവസ്ഥ പിൻവലിച്ചതിനുശേഷം സ്വന്തം ഇഷ്ടപ്രകാരം ഇന്ത്യയിലേക്കു തിരിച്ചുവന്നു.

ബിബിസിയുടെ ടുഡേ, ദ വേൾഡ് അറ്റ് വൺ, ഫ്രം അവർ ഓൺ കറസ്പോണ്ടന്റ് തുടങ്ങിയ വാർത്താപരിപാടിയുടെ സ്ഥിരം ശബ്ദമായിരുന്നു മാർക്ക് ടളി. എന്നാൽ, പിന്നീട് അദ്ദേഹം കമ്പനിയുമായി അകന്നു. 1994 ൽ 30 വർഷം നീണ്ട ബിബിസിയിലെ സേവനം അദ്ദേഹം അവസാനിപ്പിക്കുകയായിരുന്നു. സ്വതന്ത്രമാധ്യമപ്രവർത്തനത്തിനായി എന്നും വാദിച്ചിരുന്ന മാർക്ക് ടളി എന്ന പത്രപ്രവർത്തകന് പുതിയ മാധ്യമസംസ്കാരം ഉൾക്കൊള്ളാനായില്ല എന്നതാണു വസ്തുത.

**ബിബിസി ഇന്ന്**

1922 നവംബർ 14 ന് ലണ്ടനിലെ മർക്കോണി ഹൗസിൽ നിന്ന് തീർത്തും പരിമിതമായ സൗകര്യങ്ങളോടെ പ്രക്ഷേപണം ആരംഭിച്ച ബിബിസി ഇന്ന് വളർച്ചയുടെ പാരമ്യത്തിൽ എത്തിനിൽക്കുകയാണ്. റേഡിയോ പ്രക്ഷേപണം മാത്രമായി തുടങ്ങിയെങ്കിലും പിന്നീട് ടി.വി. സംപ്രേക്ഷണത്തിലും ചുവടുറപ്പിച്ചു.

വിവരസാങ്കേതികരംഗത്തുവൻകുതിച്ചുചാട്ടമുണ്ടായതോടെ എണ്ണമറ്റ രീതിയിൽ വാർത്താമാധ്യമങ്ങൾ ഉണ്ടായെന്നു പറയാം. എന്നാലിന്നും ലോകമാധ്യമഗുരുവായി ബിബിസി നിലനിൽക്കുന്നു എന്നതാണു വസ്തുത. തുടക്കം മുതൽ അവർ പ്രകടിപ്പിച്ച പ്രഫഷണലിസവും ആർജവവും തന്നെയാണിതിനു കാരണം. വളർച്ചയുടെ കാര്യത്തിലും ബിബിസിയെ വെല്ലാൻ മറ്റൊരു കമ്പനിക്കും കഴിഞ്ഞിട്ടില്ല.

നേരത്തേ സൂചിപ്പിച്ചതുപോലെ വളരെ ചെറിയ തുടക്കമായിരുന്നെങ്കിലും വളർച്ചയും അതിവേഗമായിരുന്നു. ലോകത്ത് ഒരു നവീനമാധ്യമസംസ്കാരം സൃഷ്ടിക്കാൻ ബിബിസിക്കു കഴിഞ്ഞു.

എട്ടു ടി.വി. ചാനലുകൾ, അമ്പതിലേറെ റേഡിയോ സ്റ്റേഷനുകൾ, വമ്പൻ വെബ് സൈറ്റ്- ബിബിസി കാലഘട്ടത്തിന്റെ മാറ്റത്തിനൊപ്പം വളരുകയാണ്. ഏതാണ്ട് 43 ഭാഷകളിൽ ഇന്നു ബിബിസിയുടെ സേവനം ലഭ്യമാണ്. അമ്പത്തിരണ്ടായിരം കോടി (52,000) രൂപയുടെ വിപണന മൂല്യം ഇന്നു ബിബിസിക്കുണ്ടെന്നു കരുതപ്പെടുന്നു.

നൂറ്റാണ്ടിലെ നിറവിലെത്തുന്ന സന്തോഷത്തിലും സ്വകാര്യവത്കരണം എന്ന ഭീഷണി ബിബിസിയെ വേട്ടയാടുന്നുണ്ട്. സ്വകാര്യവത്കരിച്ചാൽ ഇതുവരെ ബിബിസി കാത്തുസൂക്ഷിച്ച വിശ്വാസ്യത നഷ്ടപ്പെടും എന്നു കരുതുന്നവരുണ്ട്. ബ്രിട്ടനിൽ പൊടുന്നനേയുണ്ടായ ഭരണമാറ്റം ബിബിസിയുടെ ഭാവിയെ എങ്ങനെ ബാധിക്കും എന്നു പ്രവചിക്കാൻ കഴിയില്ല. എന്തായാലും, നൂറ്റാണ്ടിന്റെ നിറവിൽ നിൽക്കുന്ന ബിബിസി തന്നെയാണ് ഇന്നും ലോകമാധ്യമങ്ങൾക്കു പ്രചോദനമാകുന്നത്. ബിബിസിയുടെ ചരിത്രം ഒരു കാലഘട്ടത്തിന്റെ ചരിത്രംകൂടിയാണ്.

■

# മലയാളത്തിന്റെ ജ്ഞാനനിക്ഷേപം

**പ്രമുഖ ഭാഷാപണ്ഡിതനും ഗവേഷകനുമായിരുന്ന അന്തരിച്ച ഡോ. സ്കറിയ സക്കറിയയെ ഡോ. പോൾ മണലിൽ അനുസ്മരിക്കുന്നു**



ഡോ. പോൾ മണലിൽ

**ജ്ഞാ**നനിക്ഷേപത്തെ ജനാധിപത്യവത്കരിച്ച എഴുത്തുകാരനും പ്രഭാഷകനും ചിന്തകനുമായിരുന്നു ഡോ. സ്കറിയ സക്കറിയ. അക്ഷരങ്ങളിലൂടെയും അനുഭവങ്ങളിലൂടെയും അന്വേഷണങ്ങളിലൂടെയും ആർജിച്ച അറിവും പാണ്ഡിത്യവും തനിക്കു ചുറ്റും നിന്നവർക്കിടയിലും തന്നെ തേടി വന്നവർക്കിടയിലും വാരി വിതറിയ അദ്ദേഹം അധ്യാപകവൃത്തിയിലും പ്രഭാഷണകലയിലും ഗവേഷണമാർഗങ്ങളിലും മാത്രമല്ല, വ്യാപരിച്ച സമസ്തമേഖലകളിലും തനിമയുടെ കൈമുദ്ര ചാർത്തിക്കൊണ്ട് മരണംവരെയും വേറിട്ട വഴികളിലൂടെ സഞ്ചരിച്ച ജ്ഞാനപർവമായിരുന്നു. ജ്ഞാനതപസ്യയിലൂടെ ഭാഷയുടെ അതിരുകളെ വിസ്തൃതമാക്കിയ സ്കറിയ സക്കറിയ തന്റെ അറിവിന്റെ അതിരുകളെയും നിരന്തരം വിസ്തൃതമാക്കിയ അപൂർവ വ്യക്തിത്വമായിരുന്നു. ഇപ്രകാരം അതിരുകളില്ലാത്ത അറിവിന്റെ കലവറ സൃഷ്ടിച്ച അദ്ദേഹം അതു തനിക്കു മാത്രമായി കരുതിവയ്ക്കാതെ വിജ്ഞാനദാഹികൾക്കു മുമ്പിൽ പങ്കുവച്ചു. അറിവിന്റെ അമൃതം കുടത്തിനകത്തു സൂക്ഷിച്ചുവച്ച ഒരു ദേവനായിരുന്നില്ല സ്കറിയ സക്കറിയ. സർവമാനജനതയ്ക്കും വെളിച്ചം കവർന്നുനൽകിയ ഗ്രീക്ക് പുരാണത്തിലെ ഐക്കൊറസ്സിനെപ്പോലെ ഇച്ഛാശക്തിയോടെ കൊടുമുടികളിൽനിന്ന് അറിവുശേഖരിച്ചു സമസ്തജനതയ്ക്കും അദ്ദേഹം പ്രദാനം ചെയ്തു. അധ്യാപകസപര്യയും സാഹിത്യസപര്യയും പ്രഭാഷണസപര്യയും മറ്റും അതിനുള്ള ഉപാധിയാക്കി മാറ്റി. ജ്ഞാനത്തിന്റെ കലവറ മറ്റുള്ളവർക്കുവേണ്ടി പങ്കുവയ്ക്കാൻ തയ്യാറായതിലൂടെയാണ് അദ്ദേഹം പാണ്ഡിത്യത്തെ ജനാധിപത്യവത്കരിച്ചുവെന്നു വിവക്ഷിക്കാൻ കഴിയുന്നത്.

പത്രപ്രവർത്തകനായി കോട്ടയത്ത് എത്തിയ കാലംമുതലാണ് ഡോ. സ്കറിയാ സക്കറിയായുമായി എനിക്കുള്ള ബന്ധം തുടങ്ങുന്നത്. അത് ഏതാണ്ട് നാല്പതു സംവത്സരങ്ങൾക്കുമുമ്പാണ്. അദ്ദേഹത്തിന്റെ വിദ്യാർത്ഥിയായി പഠിക്കാനുള്ള ഭാഗ്യം ലഭിച്ചിട്ടില്ലെങ്കിലും സമാന്തരമായ അന്വേഷണപാതകളിൽവച്ചു കണ്ടുമുട്ടുമ്പോൾ ഞാനദ്ദേഹത്തിന്റെ വിദ്യാർത്ഥിയായി മാറിയെന്നുള്ളതാണു വസ്തുത. മിഷനറിമലയാളം, ക്രൈസ്തവ സംസ്കാരം, ബൈബിൾ സൗന്ദര്യശാസ്ത്രം, ക്രൈസ്തവപാരമ്പര്യങ്ങളിലെ തനിമ എന്നിങ്ങനെയുള്ള വിഷയങ്ങളിലെ അന്വേഷണങ്ങൾക്കിടയിലാണ് ഞാൻ അദ്ദേഹത്തെ കണ്ടുമുട്ടിയതെങ്കിലും എനിക്ക് എത്തിനോക്കാൻ പോലും കഴിയാത്ത വിജ്ഞാനത്തിന്റെ സ്വർഗലോകങ്ങളിലാണ് അദ്ദേഹം വ്യാപരിക്കുന്നതെന്ന ബോധ്യം എനിക്ക് ആദ്യംമുതലേ അനുഭവപ്പെട്ടു. സ്കറിയ സക്കറിയ ഭാഷയിൽ പരിവർത്തിച്ചത് വിജ്ഞാനത്തിന്റെ സ്വർഗലോകത്തിലേക്കുള്ള വഴികാട്ടിയായിട്ടായിരുന്നു.

'ഉദയംപേരൂർ സൂനഹദോസിന്റെ കാനോനകൾ' വായിച്ചാണ് ഞാൻ ഡോ. സ്കറിയ സക്കറിയായെ ആദ്യം സമീപിക്കുന്നത്. ഈ പുസ്തകത്തിന്റെ പ്രൗഢമായ ആമുഖപഠനത്തിൽ അദ്ദേഹം അവതരിപ്പിച്ച ആശയങ്ങളുമായി പൊരുത്തപ്പെട്ടുകൊണ്ടാണ് ഞാൻ അദ്ദേഹത്തിന്റെ ശിഷ്യനായി മാറുന്നത്. സ്കറിയ സക്കറിയ ഈ പുസ്തകം എഴുതുന്നതിനുമുമ്പ് എന്റെ മിത്രമായിരുന്ന സാമുവൽ ചന്ദനപ്പള്ളി ഉദയംപേരൂർ സൂനഹദോസിനെപ്പറ്റി ഒരു പുസ്തകം എഴുതിയിരുന്നു. അതിന്റെ വായനയുടെ തുടർച്ചയായിട്ടായിരുന്നു ഞാൻ സ്കറിയ സക്കറിയായുടെ 'ഉദയംപേരൂർ സൂനഹദോസിന്റെ കാനോനകൾ' വായിച്ചത്. അതു വായിച്ചതോടെ കാനോനകളുടെ വായന സമഗ്രമായി എനിക്കനുഭവപ്പെട്ടു. ആ വിഷയത്തിലുള്ള തുടരന്വേഷണത്തിൽ നിന്നു ഞാൻ പിന്മാറുകയും ചെയ്തു. ഇപ്രകാരം ഓരോ പുസ്തകത്തിലും അറിവിന്റെ സമഗ്രത സ്കറിയ സക്കറിയ പ്രദാനം ചെയ്തു.

'ഉദയംപേരൂർ സൂനഹദോസിന്റെ കാനോനകൾ' വായിച്ചതിനുശേഷം എന്റെ അറിവിനെ മറ്റൊരു ചവിട്ടുപടിയിൽ എത്തിച്ച അദ്ദേഹത്തിന്റെ വേറൊരു പഠനം 'വർത്തമാനപ്പുസ്തക'ത്തിന് എഴുതിയ ആമുഖപഠനമായിരുന്നു. ആമുഖപഠനങ്ങൾ എങ്ങനെ ഭാഷയുടെയും സാഹിത്യത്തിന്റെയും അതിരുകളെ വിസ്തൃതമാക്കുന്ന ആമുഖപഠനങ്ങളാക്കി മാറ്റാമെന്നു തെളിയിക്കുന്നതായിരുന്നു സ്കറിയ സക്കറിയ എഴുതിയ ഓരോ ആമുഖപഠനവുമെന്ന് ഇത്തരുണത്തിൽ ഞാനോർക്കുന്നു. പ്രൊഫ. മാത്യു ഉലകംതറ സംശോധനം ചെയ്ത പാറേമ്മാക്കൽ തോമ്മാക്കത്തനാരുടെ 'വർത്തമാനപ്പുസ്തക'ത്തിനു സ്കറിയ സക്കറിയ എഴുതിയ ആമുഖപഠനവും എന്റെ ചരിത്രബോധത്തെ ആകർഷിച്ചെന്നു മാത്രമല്ല, പുതിയ അന്വേഷണങ്ങൾക്കു വഴിതുറക്കാനും എന്നെ പ്രചോദിപ്പിച്ചു. മലയാളത്തിലെ യാത്രാവിവരണപ്രസ്ഥാനത്തിന്റെ പുലർകാലത്തെപ്പറ്റി അന്വേഷിക്കാൻ അതൊരു വഴിത്തിരിവായി.

ഡോ. സ്കറിയ സക്കറിയായുടെ അഭിരുചികളുടെ കലവറ എന്നെ വിസ്മയിപ്പിച്ചിട്ടുണ്ട്. അടിസ്ഥാനപരമായി ഭാഷാപഠനത്തിലാണ് അദ്ദേഹം ശ്രദ്ധ കേന്ദ്രീകരിച്ചതെന്നു പറയാമെങ്കിലും ഭാഷാശാസ്ത്രം, ഭാഷാചരിത്രം, മലയാള ഭാഷാപഠനം എന്നിവയുടെ ചുറ്റുവട്ടത്തുനിന്ന് അറിവിന്റെ അനന്തമായ ആകാശത്തിലേക്ക് അദ്ദേഹം തന്റെ കൈരളീസപര്യയെ പുനഃപ്രതിഷ്ഠിച്ചു. അതൊന്നും എഴുതിയാൽ തീരില്ല. മലയാളത്തിൽ സംസ്കാരപഠനവും താരതമ്യസാഹിത്യപഠനവും ഇത്ര കാമ്പുള്ളതാക്കി മാറ്റിയതു സ്കറിയ സക്കറിയ ആയിരുന്നു. ജൂതപഠനം, സ്ത്രീപഠനം, മിഷനറി മലയാളപഠനം, ഫോക്‌ലോർ പഠനം, വിവർത്തനപഠനം എന്നിങ്ങനെ സ്കറിയ സക്കറിയായുടെ മുദ്രപതിപ്പിച്ച എത്രയോ വിജ്ഞാനവഴികളുണ്ട്.



> ജ്ഞാനതപസ്യയിലൂടെ ഭാഷയുടെ അതിരുകളെ വിസ്തൃതമാക്കിയ ഡോ.സ്കറിയ സക്കറിയ തന്റെ അറിവിന്റെ അതിരുകളെയും നിരന്തരം വിസ്തൃതമാക്കിയ അപൂർവ വ്യക്തിത്വമായിരുന്നു. ജ്ഞാനത്തിന്റെ കലവറ മറ്റുള്ളവർക്കുവേണ്ടി പങ്കുവയ്ക്കാൻ തയ്യാറായതിലൂടെയാണ് അദ്ദേഹം പാണ്ഡിത്യത്തെ ജനാധിപത്യവത്കരിച്ചുവെന്നു വിവക്ഷിക്കാൻ കഴിയുന്നത്.

അതെല്ലാം മലയാളത്തിന്റെ വഴികൾ തന്നെയായിരുന്നു. അതുകൊണ്ടാവണം അത്തരം പഠനങ്ങൾ സമാഹരിച്ചു ശിഷ്യർ പുറത്തിറക്കിയ പുസ്തകത്തിനു 'മലയാളവഴികൾ' എന്നു നാമകരണം ചെയ്തത്. അദ്ദേഹത്തിന്റെ കീഴിൽ ഗവേഷണം നടത്തിയവർ പിഎച്ച്.ഡി നേടിയതും വിവിധ വൈജ്ഞാനികമേഖലകളിലെ പഠനങ്ങളെ മുൻനിർത്തിയായിരുന്നു. അതിൽ സ്പോർട്ട്സും ജനപ്രിയ സാഹിത്യവും പടിയോലയും സിനിമയും നാട്ടറിവുകളും പാട്ടുകളും ഒക്കെ ഉൾപ്പെട്ടിരുന്നു.

ഡോ. സ്കറിയ സക്കറിയയുടെ പഠനങ്ങൾ ഓരോ വിഷയത്തിലും ഓരോ ശാഖയിലുമുള്ള പഠനങ്ങൾക്കുള്ള ആമുഖപഠനങ്ങൾതന്നെയായിരുന്നു. 1852 ൽ കാതറൈൻ ഹന്നാമുല്ലൻസ് ബംഗാളിയിൽ എഴുതിയ 'ഫുൽമോനി ഓ കരുണാർ ബിബരൺ' എന്ന നോവൽ 1858 ൽ ജോസഫ് പീറ്റ് 'ഫുൽമോനി എന്നും കോരുണ എന്നും, പേരായ രണ്ട് സ്ത്രീകളുടെ കഥ' എന്ന പേരിൽ മലയാളത്തിലേക്കു വിവർത്തനം ചെയ്യുകയുണ്ടായി. 1986 ൽ അദ്ദേഹം പശ്ചിമ ജർമനിയിലെ ടൂബിങ്ങൻ യൂണിവേഴ്സിറ്റി ലൈബ്രറി സന്ദർശിച്ച വേളയിൽ ഈ മലയാളം വിവർത്തനത്തിന്റെ ഒരു പ്രതി കണ്ടെടുത്ത്, 1989 ൽ ഡി.സി. ബുക്സ് വഴി പുനഃപ്രസിദ്ധീകരിച്ചു. അതിനുമുമ്പ് ഈ നോവലിനെപ്പറ്റി മനോരമയിൽ ഒരു കുറിപ്പെഴുതി. അതൊരു ചർച്ചയായി മാറ്റുക മാത്രമല്ല മലയാളത്തിലെ ആദ്യത്തെ നോവൽ ഈ കൃതിയാണെന്നു വ്യക്തമാക്കിക്കൊണ്ടു നോവൽസാഹിത്യചരിതംതന്നെ അദ്ദേഹം മാറ്റിയെഴുതി.

പശ്ചിമജർമനിയിലേക്കുള്ള അദ്ദേഹത്തിന്റെ യാത്രകൊണ്ട് മലയാളഭാഷയ്ക്കു മറ്റൊരു നേട്ടംകൂടിയുണ്ടായി. അത് ഹെർമൻ ഗുണ്ടർട്ടിന്റെ സാഹിത്യസംഭാവനകൾ കണ്ടെത്താനുള്ള ഒരു വലിയ തീർത്ഥയാത്രതന്നെയായിരുന്നു. മലയാളഭാഷയ്ക്കും സംസ്കാരത്തിനും സാഹിത്യത്തിനും ഗുണ്ടർട്ട് നൽകിയ സംഭാവനകൾ മലയാളികളുടെ മുമ്പിൽ മാത്രമല്ല, ജർമൻജനതയ്ക്കു മുമ്പിൽപ്പോലും അവതരിപ്പിക്കാൻ സ്കറിയ സക്കറിയായ്ക്കു കഴിഞ്ഞു. എട്ടു വാല്യങ്ങളിലായിട്ടാണ് ഗുണ്ടർട്ടിന്റെ അപ്രകാശിതകൃതികൾ അദ്ദേഹം പ്രസിദ്ധീകരിച്ചത്. എഴുത്തച്ഛനാണോ ഗുണ്ടർട്ടാണോ ഭാഷയ്ക്കും സാഹിത്യത്തിനും പ്രാതഃസ്മരണീയനായിട്ടുള്ളതെന്നു ചിന്തിക്കത്തക്ക തരത്തിൽ ഗുണ്ടർട്ടിന്റെ സംഭാവനകൾ ഒന്നൊന്നായി വിലയിരുത്തുന്ന പഠനങ്ങളാണ് ഗുണ്ടർട്ട് പഠനങ്ങളിൽ ഉൾപ്പെടുത്തിയിട്ടുള്ളത്.

ഡോ. പി.ജെ. തോമസ് എഴുതിയ 'മലയാളസാഹിത്യവും ക്രിസ്ത്യാനികളും' എന്ന പുസ്തകത്തിന് സ്കറിയ സക്കറിയ എഴുതിയ പൂരണം സാഹിത്യഗവേഷകർക്ക് ഒരു പുതിയ വഴി തുറന്നുകൊടുത്തു; 'മിഷനറി' മലയാളത്തിൽ മാത്രമല്ല 'നസ്രാണി' മലയാളത്തിലും ഇപ്രകാരം സ്കറിയ സക്കറിയ പുതിയ അന്വേഷണങ്ങൾ നടത്തി. അതുപോലെ, കൊച്ചിയിലെ യഹൂദപെൺകുട്ടികളുടെ പാട്ടുകൾ സമാഹരിച്ചു 'കാർകുഴലി' എന്ന പേരിൽ ഒരു പുസ്തകം 2005 ൽ ജറുസലേമിലെ ബെൻസ്വി ഇൻസ്റ്റിറ്റ്യൂട്ട് വഴി അദ്ദേഹം പ്രസിദ്ധീകരിക്കുകയുണ്ടായി. ഇസ്രായേലിലേക്കു കുടിയേറിയ കേരളജൂതർക്കും ജൂതവിജ്ഞാനികൾക്കും വേണ്ടിയായിരുന്നു ഈ പുസ്തകം തയ്യാറാക്കിയത്. ജൂതമലയാളത്തെക്കുറിച്ചും കേരളീയജൂതരുടെ ജീവിതത്തെക്കുറിച്ചും അദ്ദേഹം നടത്തിയ ആഴത്തിലുള്ള പഠനത്തിന്റെ ഒരു ഫലമായിരുന്നു ഈ പുസ്തകം.

'കാർകുഴലി' കേരളത്തിൽ പുനഃപ്രസിദ്ധീകരിക്കാനുള്ള ഭാഗ്യം എനിക്കാണു ലഭിച്ചത്! കേരള സംസ്ഥാന ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട് ഡയറക്ടറായി ഞാൻ പ്രവർത്തിച്ചിരുന്ന കാലത്തായിരുന്നു അതിനുള്ള അവസരം ലഭിച്ചത്. ഇൻസ്റ്റിറ്റ്യൂട്ടിന്റെ ചുമതലയിലായിരുന്നു അന്ന് മുസിരിസ് പൈതൃകപദ്ധതിക്കുവേണ്ടിയുള്ള പുസ്തകങ്ങൾ പ്രസിദ്ധപ്പെടുത്തിയിരുന്നത്. സംസ്ഥാനസർക്കാരിന്റെ ടൂറിസം വകുപ്പിന്റെ ഒരു കർമപദ്ധതിയായിരുന്നു ഇത്. ജർമൻചിത്രകാരനായ റെയ്നൽ സ്കോഡർ വരച്ച അതിമനോഹരമായ ചിത്രങ്ങൾ സഹിതമാണ് 'കാർകുഴലി' പ്രസിദ്ധീകരിച്ചത്. ഈ പുസ്തകത്തിന് സ്കറിയ സക്കറിയ എഴുതിയ ആമുഖപഠനവും അതിശ്രദ്ധേയമാണ്. ഇപ്രകാരം മലയാളത്തിൽ വൈജ്ഞാനികസാഹിത്യരംഗത്തു പഠനങ്ങളിലൂടെ ഒരു 'കൺവേർജൻസ്' നടത്തിയ സ്കറിയ സക്കറിയായെ നമുക്കെങ്ങനെ മറക്കാൻ കഴിയും?

■

# അവന്റെ ലോകം

കഥ



വനജ രാജഗോപാൽ

എന്തോ ഒരു വലിയ ശബ്ദം കേട്ടാണ് അവൻ കണ്ണുകൾ തുറക്കാൻ ശ്രമിച്ചത്...

കൈയിലപ്പോഴും പാതി കുടിച്ചു കഴിഞ്ഞ, വിലകുറഞ്ഞ ഏതോ ബ്രാണ്ടിക്കുപ്പി ഉണ്ടായിരുന്നു. കണ്ണുകൾ തുറക്കാൻ ശ്രമിച്ച്, അവൻ കസേരയിൽനിന്ന് എഴുന്നേറ്റതും വീണുപോയി. വീഴട്ടെ. ഇനി എന്തിനെണീൽക്കണം...?

കസേരകൾക്കു കീഴെ ഒരു പുഴുവിനെപ്പോലെ ചുരുണ്ടുകൂടിയ അവന്റെ മനസ്സിൽ വീണ്ടും അവൾ പുഞ്ചിരിയോടെ കടന്നുവന്നു.

'ഇവൾ പോകില്ല... ഇവൾ പോകില്ല.' പാതി നശിച്ച ബോധത്താൽ അവൻ പിറുപിറുത്തു.

ജീവിതത്തെക്കുറിച്ച് സ്വപ്നങ്ങൾ കാണാൻ അർഹതയില്ലാതിരുന്ന അവന്റെ മനസ്സിലേക്ക് ഒരു വർണസ്വപ്നമായ് പറന്നിറങ്ങിയവൾ... ആശിക്കാനൊന്നുമില്ലാതിരുന്നവന്റെ കൂട്ടിൽ, ഒരു നൂറു കിന്നാരവുമായി കൂടൊരുക്കിയവൾ... പരിമിതികളെ ശിരസ്സാവഹിച്ച്, ഒഴിഞ്ഞ മനസ്സിലേക്കു പ്രണയത്തിന്റെ മുന്തിരിച്ചാറുമായി കടന്നുവന്നവൾ...

മക്കളുണ്ടാകില്ലെന്ന് അടിവരയിട്ട മാതാപിതാക്കൾക്ക്, ഒരു വരദാനമായി ജനിച്ചവൻ. മൂന്നാം വയസ്സിൽ പോളിയോ വന്നതിൽപ്പിന്നെ കഷ്ടിച്ചു നടക്കാൻ കഴിയുന്ന വിധിയെ പരിണയിച്ച്, വൃദ്ധരായ മാതാപിതാക്കൾക്കു വേണ്ടിമാത്രം ജീവിച്ചവൻ. അവനിലേക്ക് എന്തിനാണ് ഇവൾ ഒരു കുളിർക്കാറ്റായി പാറിവന്നത്?... വിധിയെ വെല്ലുവിളിച്ച്, സൈക്കിൾചവിട്ടു പഠിച്ചു. അന്നുതൊട്ട് പേപ്പർവിതരണത്തിനു പോയും, ചെറിയ കുട്ടികൾക്കു ട്യൂഷനെടുത്തും ഡിഗ്രിയെടുത്തു.

കമ്പ്യൂട്ടർ കോഴ്സിനു ചേർന്നപ്പോഴാണ് അവൻ കവിതയെ പരിചയപ്പെട്ടത്. എല്ലാത്തിനും സംശയമുള്ള ഒരു കൊച്ചു പെണ്ണ്...

ആ പരിചയം പ്രണയത്തിലേക്കു വഴിമാറിയപ്പോൾ, അവന്റെ പരിമിതികളെ ചൂണ്ടിക്കാട്ടി പിന്തിരിപ്പിക്കാൻ ശ്രമിച്ചു. അപ്പോഴൊക്കെ അവളായിരുന്നു ധൈര്യം തന്നു മുന്നിട്ടിറങ്ങിയത്. കോഴ്സ് കഴിഞ്ഞു.

വർഷങ്ങൾ നീണ്ട, ആരോടും പറയാതെ പടർന്നുപന്തലിച്ച പ്രണയം. താൽക്കാലികമായി ഒരു ഗവണ്മെന്റോഫീസിൽ ടൈപ്പിസ്റ്റായി ജോലിക്കു കയറിയ തനിക്ക് ആത്മവിശ്വാസം തന്ന് കൂടെ നിന്നവൾ... അപ്പോൾ അവൾ ബി.എഡിനു ചേർന്നിരുന്നു. അവളുടെ കോഴ്സിനുവേണ്ട എല്ലാ പ്രൊജക്റ്റും എത്ര കൃത്യമായാണ് താൻ ചെയ്തുകൊടുത്തത്. സമ്മാനമായി അവൾ തന്ന ചുംബനമധുരം ഇപ്പോഴുമുണ്ട് ചുണ്ടിൽ. എങ്ങനെ മറക്കാനാണ്?

ക്രമേണ കുറഞ്ഞു വന്ന മിണ്ടലിന്റെ വിഷമം, ചെറുതായി തോന്നിത്തുടങ്ങിയപ്പോഴാണ്, ഇപ്പോൾ കാണണം എന്നു പറഞ്ഞു വിളിച്ചപ്പോൾ ഓടിച്ചെന്നത്.

കുറച്ചൊന്നു പരിഭവം പറയണം, പിന്നെ ഏതെങ്കിലും പ്രൊജക്റ്റിനെപ്പറ്റി പറയാനാകും എന്നൊക്കെ കരുതിയ അവന്, അവൾ പുതിയ മോഹത്തെപ്പറ്റി വാചാലയായതു കേട്ടപ്പോൾ, വിഷമത്തെക്കാൾ അമ്പരപ്പാണു തോന്നിയത്. ഇവൾതന്നെയാണോ ഇങ്ങനെ പറയുന്നതെന്ന അമ്പരപ്പ്...! ഇവൾക്കിങ്ങനെ പറയാൻ പറ്റുമോ എന്ന അമ്പരപ്പ്!

അവളുടെ ഏത് ഇഷ്ടങ്ങൾക്കും കൂടെനിൽക്കുമെന്നു സ്വയം എടുത്ത ശപഥമാണ്, തനിക്ക് ഒരിക്കലും ചെയ്തുകൊടുക്കാൻ പറ്റാത്ത, ബൈക്കിൽ പോകണമെന്ന അവളുടെ മോഹത്തിന്റെ ചൂടുവീണു പൊള്ളിയടർന്നത്.

പുതുതായി വന്ന സാറിനെപ്പറ്റി വാചാലയാണെന്നു ബോധ്യമായതിൽപ്പിന്നെ ആശ്രയമായത് ഈ കുപ്പികളാണ്. തന്റെ ലോകം മുഴുവൻ ഒരാളിലേക്കു ചുരുക്കിയ അവൻ മറ്റെന്തു ചെയ്യാൻ...

ഇനി ഈ ലോകം തനിക്കു വേണ്ട. പഠിപ്പിക്കാൻ വന്ന മാഷിനു പിന്നിൽ സിന്ദൂരമണിഞ്ഞു ബൈക്കിൽ പാഞ്ഞുപോകുന്ന അവളുടെ ചിത്രം കണ്ണിൽനിന്നു മായാൻ ഇതല്ലാതെ മറ്റെന്തു മാർഗം?

കൈയിൽനിന്നു വീണുപോയ കാലിക്കുപ്പി അവൻ വീണ്ടും തപ്പിനോക്കുമ്പോഴാണ്, അച്ഛന്റെ ഇടറിയ 'അയ്യോ' എന്ന ശബ്ദം കേട്ടത്. മെല്ലെ കസേരയിൽ പിടിച്ചെഴുന്നേറ്റു വേച്ചുവേച്ച് അവൻ ശബ്ദം കേട്ട ഭാഗത്തേക്കു നടന്നു. അച്ഛന്റെ 'അയ്യോ അയ്യോ എന്താ പറ്റ്യേ എണീക്കൂ'ന്നുള്ള എങ്ങലുകൾ അവ്യക്തമായി കാതിൽ അലച്ചുകൊണ്ടിരുന്നു.

ചുമർ പിടിച്ച് അവൻ അടുക്കളഭാഗത്തേക്കു നടന്നു. രണ്ടു രൂപങ്ങൾ. ഒന്ന് തറയിൽ കിടക്കുന്നു. ഒന്ന് അതിനെ പിടിച്ചെഴുന്നേല്പിക്കുന്നു...

അവൻ കണ്ണുകൾ മിഴിച്ചു. അതേ, അവന്റെ അച്ഛനും അമ്മയും. ഇങ്ങനെ രണ്ടു ജീവികൾ ഇവിടെ ഉണ്ടായിരുന്നോ? അവൻ വീണ്ടും അവരെ തുറിച്ചു നോക്കി.



തറ മുഴുവൻ പടർന്ന വെള്ളത്തിൽ അമ്മ വീണു കിടക്കുന്നു. അമ്മയെ എണീൽപ്പിച്ചിരുത്താൻ അച്ഛൻ ശ്രമിക്കുന്നു. അവനെ നോക്കി ആ വൃദ്ധൻ 'മോനേ മോനേ' എന്നു പുലമ്പുന്നുണ്ട്. ഇവരെ ഞാൻ ഒന്നു നേരേ കണ്ട ദിവസം ഏതാണ്?

അമ്മ... വൈകിയുണ്ടായ എന്നെ വാത്സല്യത്തിന്റെ മടിത്തട്ടിൽ മാത്രം കിടത്തി ഉറക്കിയവൾ... തോളത്തു മാത്രം ചുമന്നു നടത്തിയ അച്ഛൻ... ഇവരല്ലേ തന്റെ ലോകം? ലഹരിയുടെ കെട്ടെല്ലാം, ആ ഒറ്റ ചിന്തയിൽ, ഒരു നിമിഷംകൊണ്ട് ഊർന്നുപോയപോലെ...

അമ്മേയെന്നു വിളിച്ച് അവരുടെ കൈപിടിച്ചപ്പോൾ ഏതോ ഒരു ശക്തി അവനിൽ പടർന്നു കയറി. അച്ഛനോടു ചേർന്ന് അമ്മയെ അവൻ തന്റെ ദേഹത്തേക്കു ചാരിക്കിടത്തി. എന്തു പറ്റിയെന്നു വാക്കുകൾ മുറിഞ്ഞു ചോദിച്ചപ്പോൾ 'ഒന്നൂല്യടാ' എന്ന ശബ്ദം ഒരു മഞ്ഞുപാടപോലെ അവനിൽ പടർന്നു.

ഇതാണ് തന്റെ ലോകം, ഇതുമാത്രം. "അരി തീർന്നിരുന്നു... നിന്നോട് എങ്ങനെ പറയാൻ... അച്ഛൻ കടയിൽ പോകാൻ തുടങ്ങുവാരുന്നു. അതിനിടെ ഞാൻ ഈ കലത്തിലെ വെള്ളം അടുപ്പത്തു വെക്കാൻ നോക്കുമ്പോൾ പെട്ടെന്ന് വീണുപോയി മോനേ..." അമ്മയുടെ എണ്ണിപ്പെറുക്കലിൽ അവനറിഞ്ഞു തന്റെ ഈ അവസ്ഥ അവരെക്കൂടി തളർത്തിയത്. ഒരു ആഴ്ചകൊണ്ട് അവർ പടുവൃദ്ധരായപോലെ... "അമ്മേ എണീക്കൂ..."

ഒരു കൊച്ചുകുഞ്ഞിനെയെന്നപോലെ അവൻ അമ്മയെ പിടിച്ച് കട്ടിലിൽ കിടത്തി.

കുളിമുറിയിൽ കയറി ഷവറിനു കീഴെ നിന്നപ്പോൾ, തലയിലൂടെ ഒഴുകിയ വെള്ളത്തിൽ ലലിച്ചുപോയ ലഹരിക്കും ചതിച്ച പെണ്ണിന്റെ പ്രണയത്തിനും ഒരേ അളവായിരുന്നു.

അച്ഛാ സഞ്ചിയെവിടെ?...

ശോഷിച്ച കൈയിൽനിന്നു സഞ്ചി വാങ്ങി, തന്റെ സന്തതസഹചാരിയായ സൈക്കിളിൽ ആഞ്ഞു ചവിട്ടുമ്പോൾ ഓർത്തു, ഒരാഴ്ചയായി ഓഫീസിലേക്കു ചെന്നിട്ട്. അരിവാങ്ങി വീട്ടിൽ കൊടുത്തു, ധൃതിയിൽ ഓഫീസിലെത്തുമ്പോൾ, ഇതുവരെയുള്ള ലീവിന്റെയും ഇന്നു വൈകിയതിന്റെയും കാരണം എന്തു പറയുമെന്ന ആലോചനയിലായിരുന്നു, അവൻ. ■

# തന്നത്താൻ

ശ്രേഷ്ഠമലയാളം

ഡോ. ഡേവിസ് സേവ്യർ



സമസ്തപദങ്ങളുടെ പരിണാമയുക്തി കണ്ടെത്തുകചിലപ്പോൾ ശ്രമകരമാകാം. ഭാഷാപരിണാമവഴികളിൽ സംഭവിക്കുന്ന രൂപമാറ്റമാണ് അതിലൊരു കാരണം. പ്രാചീന കൃതിപരിചയം മൂലംശത്തെ തിരിച്ചറിയാൻ സഹായിക്കും. ആഗമികരീതിയിലുള്ള ഭാഷാപഠനത്തിന്റെ ധർമവും അതാണല്ലോ. പദയോഗങ്ങളിൽ വന്നുചേരുന്ന തെറ്റുകൾ ഒഴിവാകാൻ നിഷ്പത്തിക്രമം അറിഞ്ഞിരിക്കേണ്ടതുണ്ട്.

തന്നത്താൻ എന്ന സമസ്തപദത്തെ 'തന്നെത്താൻ', 'തന്നത്താനേ', 'തന്നതാൻ', 'തന്നെതാൻ' എന്നെല്ലാം പലതരത്തിൽ എഴുതിക്കാണുന്നു. ഇവയെല്ലാം ശരിയെന്ന മട്ടിലാണ് പ്രചരിച്ചുകൊണ്ടിരിക്കുന്നത്. വക്താപുരുഷൻ ആരോടാണ് സംസാരിക്കുന്നത്? ശ്രോതാവായ അയാൾ മധ്യമപുരുഷനെ കുറിക്കുന്നു. നീ, താൻ എന്നിവ ഉദാഹരണം. താൻ എന്ന മധ്യമപുരുഷസർവ്വനാമത്തിന്റെ പൂർവരൂപം തൻ എന്നാണ്. തൻ എന്നതിനോട് പ്രതിഗ്രാഹികാവിഭക്തി പ്രത്യയമായ എ ചേരുമ്പോൾ രൂപം തന്നെ(തൻ+എ) എന്നാകുന്നു. "പരമായി വരുന്നത് ഒരു സ്വരമാണെങ്കിൽ ആദ്യവർണം ഇരട്ടിക്കും"* എന്നാണല്ലോ നിയമം. "നീ, താൻ, ദീർഘിച്ചു വന്നതാം" (കാരിക 52)** എന്നു കേരളപാണിനി രേഖപ്പെടുത്തിയിട്ടുണ്ട്. അതായത് നീ, താൻ എന്നിവയോട് വിഭക്തിപ്രത്യയങ്ങൾ ചേരുമ്പോൾ പ്രകൃതി യഥാക്രമം നിൻ, തൻ എന്നാകുമെന്നു ചുരുക്കം.

"തന്നത്താൻ (തന്നെ+താൻ) സമാസിക്കുമ്പോൾ ഉത്തരപദത്തിന്റെ ആദിവർണത്തിന് ദ്വിത്വവും പൂർവപദാന്ത്യമായ എകാരത്തിന് ലോപവും വരും. താൻ എന്ന സർവ്വനാമത്തിന്റെ പ്രതിഗ്രാഹികാരൂപമാണ് തന്നെ. അതിന് നിന്നെ അല്ലെങ്കിൽ നിങ്ങളെ എന്നർത്ഥം. അവ്യയമായും പ്രയോഗമുണ്ട്. അപ്പോൾ തനിച്ച്, താനേ അതേ എന്ന അർത്ഥങ്ങൾ വരും. 'തന്നത്താനേ' അറിയണം എന്നതിനെക്കാൾ ശുദ്ധി തന്നത്താൻ അറിയണം എന്നതിനാണ്"*** എന്ന് പി. ദാമോദരൻ നായർ നിരീക്ഷിക്കുന്നു. 'തന്നത്താനറിഞ്ഞില്ലെങ്കിൽ പിന്നെത്താനറിയും' എന്ന പഴമൊഴി പ്രസിദ്ധമാണല്ലോ.

* ചന്ദ്രശേഖരൻ നായർ, സി. കെ., അടിസ്ഥാനവ്യാകരണം (ഉത്തരഭാഗം), കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം, 1996, പുറം – 106.

** രാജരാജവർമ്മ ഏ.ആർ. കേരളപാണിനീയം, സായാഹ്ന ഫൗണ്ടേഷൻ, തിരുവനന്തപുരം, 2017, പുറം – 52.

*** ദാമോദരൻ നായർ, പി., അപശബ്ദബോധിനി, എൻ.ബി.എസ്, കോട്ടയം, 1982, പുറം – 264.

ദീപനാളം
കലാ സാംസ്കാരിക ദേശീയ വാരിക

ചീഫ് എഡിറ്റർ &
മാനേജിങ് ഡയറക്ടർ : ഫാ. കുര്യൻ തടത്തിൽ

അസോസിയേറ്റ് എഡിറ്റർ : ഫാ. കുര്യാക്കോസ് പാത്തിക്കൽപുത്തൻപുരയിൽ



കർത്താവിൽ പ്രത്യാശയർപ്പിക്കുവിൻ, ദുർബലരാകാതെ ധൈര്യമവലംബിക്കുവിൻ; കർത്താവിനുവേണ്ടി കാത്തിരിക്കുവിൻ.

സങ്കീർത്തനങ്ങൾ 27:14

**എഡിറ്റോറിയൽ**

# വിദ്വേഷത്തിന്റെ വിഷവിത്തു വിതയ്ക്കുന്നവർ

രാജ്യത്തിന്റെ ഐക്യവും അഖണ്ഡതയും വ്യക്തിശുദ്ധിയും അന്തസ്സും ഉറപ്പാക്കുന്ന മതേതരഭാരതത്തിൽ, വെറുപ്പിന്റെ രാഷ്ട്രീയവും വിഭജനത്തിന്റെ പ്രത്യയശാസ്ത്രവും തീക്കളിയിലേർപ്പെടുന്നത് അപകടകരമായ ആശങ്കകൾക്കു കാരണമാകുന്നു. വിദ്വേഷപ്രസംഗങ്ങൾ മതനിരപേക്ഷരാജ്യത്തെ ഞെട്ടിക്കുന്നതാണെന്നും, ശാസ്ത്രീയസമീപനങ്ങൾ വളർത്തിയെടുക്കണമെന്നു പറയുന്ന ഇരുപത്തൊന്നാം നൂറ്റാണ്ടിലും മതത്തിന്റെ പേരിൽ നമ്മൾ എവിടെയെത്തിനില്ക്കുന്നുവെന്ന് ആലോചിക്കേണ്ടതുണ്ടെന്നും സുപ്രീംകോടതി അഭിപ്രായപ്പെട്ടിരിക്കുന്നു.

വിദ്വേഷപ്രസംഗങ്ങളുണ്ടായാൽ മതം നോക്കാതെയും പരാതിക്കു കാത്തുനില്ക്കാതെയും സ്വമേധയാ കേസെടുക്കാൻ ഡൽഹി, ഉത്തർപ്രദേശ്, ഉത്തരാഖണ്ഡ് സർക്കാരുകൾക്ക് സുപ്രീംകോടതി ഇടക്കാല ഉത്തരവിലൂടെ നിർദേശം നല്കിയിരിക്കുകയാണ്. കർശനനടപടിയെടുക്കാതിരുന്നാൽ കോടതിയലക്ഷ്യമായി കാണണമെന്നുവരെ മുന്നറിയിപ്പു നല്കിയ സുപ്രീംകോടതിയുടെ സമയോചിതമായ ഇടപെടൽ അതീവപ്രാധാന്യത്തോടെ രാജ്യം വിലയിരുത്തേണ്ടതുണ്ട്.

2021 ഡിസംബർ 17 ന് ഡൽഹിയിൽ നടന്ന ഹിന്ദുയുവവാഹിനിയുടെ സമ്മേളനം, ഡിസംബർ 19 ന് ഹരിദ്വാറിൽ യതി നരസിംഹാനന്ദ് നടത്തിയ പ്രസംഗം, 2022 ജനുവരി 29 ന് അലഹബാദിൽ നടത്തിയ സമാനമായ പരിപാടി, മേയ് അഞ്ചിന് ഡൽഹിയിലെ തൽക്കത്തോറ സ്റ്റേഡിയത്തിലും സെപ്റ്റംബർ നാലിന് ബദൽപൂരിലും നടന്ന പരിപാടികൾ എന്നിവ ചൂണ്ടിക്കാട്ടി ഷഹീൻ അബ്ദുള്ള നല്കിയ പരാതിയിലാണ് ജസ്റ്റീസ് കെ.എം. ജോസഫ് അധ്യക്ഷനായ ബഞ്ച് ഉത്തരവിറക്കിയത്. മുസ്ലീം സമുദായത്തെ ലക്ഷ്യമാക്കിയുള്ള കുറ്റകൃത്യങ്ങളിൽ നിഷ്പക്ഷാന്വേഷണം നടത്താൻ കേന്ദ്ര, സംസ്ഥാന സർക്കാരുകൾക്കു കോടതി നിർദേശം നല്കണമെന്ന ഹർജിക്കാരന്റെ ആവശ്യത്തിലാണ് സുപ്രീംകോടതിയുടെ അടിയന്തര ഇടപെടലുണ്ടായിരിക്കുന്നത്.

മതനിരപേക്ഷരാജ്യമെന്ന നിലയിൽ ഇന്ത്യയിൽ വ്യത്യസ്തമതവിഭാഗങ്ങൾക്കു സൗഹാർദത്തോടെ ജീവിക്കാൻ കഴിയുന്നില്ലെങ്കിൽ എങ്ങനെ സമാധാനം സാധ്യമാകുമെന്ന കോടതി നിരീക്ഷണം മതഭേദമെന്യേ സകലരുടെയും കണ്ണുതുറപ്പിക്കേണ്ടതാണ്. ബഹുസ്വരതയിൽ അധിഷ്ഠിതമായ ജനാധിപത്യവ്യവസ്ഥിതിയിൽ തുല്യത നിഷേധിക്കാനോ ഏതെങ്കിലുമൊരു മതവിഭാഗത്തെ തരംതാഴ്ത്താനോ പാടില്ല. വൈവിധ്യസമന്വയവും ബഹുസ്വരതയും ഉറഞ്ഞുകൂടിയ മതേതരജനാധിപത്യത്തിന്റെ ഈറ്റില്ലമാണ് ഭാരതഭൂമി. ദൈവത്തിന്റെയും മതത്തിന്റെയും പേരിൽ വിദ്വേഷം ആഘോഷിക്കാനും ആളിക്കത്തിക്കാനും അരമുറുക്കിയിറങ്ങിയിരിക്കുന്നവർ ആരായാലും അവർ മതഭ്രാന്തന്മാരുടെ ഗണത്തിലാണെന്നു നിസ്സംശയം പറയേണ്ടിവരും. അഹിംസയുടെ നാടെന്നു പുകൾപെറ്റ ഭാരതത്തിന്റെ വിശുദ്ധഭൂമിയിൽ മതത്തിന്റെ പേരിൽ കൊലവെറികളും കലാപങ്ങളും തുടരെത്തുടരെയുണ്ടാകുന്നത് രാജ്യനന്മയാഗ്രഹിക്കുന്ന ആർക്കും അംഗീകരിക്കാനാവില്ല.

വ്യാജവാർത്തകളും അസത്യപ്രസ്താവനകളുംകൊണ്ടു സംഘർഷഭരിതമായ ഒരന്തരീക്ഷത്തിൽ വിദ്വേഷപ്രസംഗങ്ങൾ രാജ്യത്തു തുടർക്കഥകളാകുന്നത് 2018 ൽ സുപ്രീംകോടതി ഗൗരവബുദ്ധ്യാ നിരീക്ഷിച്ചതാണ്. മതനിരപേക്ഷ സാമൂഹികക്രമം ഉറപ്പാക്കി, സ്വതന്ത്രവും യുക്ത്യധിഷ്ഠിതവുമായ ചിന്താധാരകളും വിശ്വാസങ്ങളും ആചാരങ്ങളും പൗരന്മാർക്കു സാധ്യമാക്കാനുള്ള പ്രാഥമികോത്തരവാദിത്വം സർക്കാരിനാണെന്ന് അന്നു കോടതി പറഞ്ഞിരുന്നു.

വിഷം വമിക്കുന്ന പ്രസംഗങ്ങളിലൂടെ മതവിദ്വേഷം ആളിക്കത്തിക്കാൻ ശ്രമിക്കുന്നതു വിദ്യാഭ്യാസവും സംസ്കാരവുമുള്ള ഒരു നാടിനും ജനതയ്ക്കും ഭൂഷണമല്ല. മതമായാലും രാഷ്ട്രീയമായാലും മറ്റേതു മണ്ഡലമായാലും, സ്നേഹവും ഐക്യവും ഊട്ടിയുറപ്പിക്കുന്ന, സമഭാവനയും സഹിഷ്ണുതയും വാനോളമുയർത്തുന്ന നീതിപാഠങ്ങളാണ് നേതൃനിരയിൽനിന്നുണ്ടാവേണ്ടത്. നാവിലൂടെ പുറത്തേക്കു വരുന്ന വിഷമാലിന്യങ്ങൾ ഹൃദയത്തിൽനിന്നു പുറപ്പെടുന്നതാകയാൽ ഹൃദയക്ഷാളനമാണു പ്രഥമതഃ വേണ്ടത്. അതുവഴി ഒരു വ്യക്തിക്കു മാത്രമല്ല ദേശത്തിനും ജനതയ്ക്കും വിമലീകരണം യാഥാർത്ഥ്യമാകുമെന്നുറപ്പ്.

■

# സഭാ – ദേശചരിത്രങ്ങളെ തഴുകി ഒരു ആത്മായനം

## പാലാ രൂപതയുടെ പ്രഥമമെത്രാൻ മാർ സെബാസ്റ്റ്യൻ വയലിൽപിതാവിന്റെ ആത്മകഥ 'നിന്റെ വഴികൾ എത്ര സുന്ദരം!' രണ്ടാം പതിപ്പ് പുറത്തിറങ്ങി


ആദരണീയനായ ആത്മീയപിതാവും പാലാ രൂപതയുടെ പ്രഥമ ബിഷപ്പുമായ മാർ സെബാസ്റ്റ്യൻ വയലിലിന്റെ ആത്മകഥയുടെ രണ്ടാം പതിപ്പ് ഹൃദ്യമായ വായനാനുഭവം സമ്മാനിക്കുന്നു. ധന്യമായ ആത്മീയ ജീവിതത്തിലെ ഓർമയുടെ ചിമിഴിൽ കരുതിവച്ച അനുഭവങ്ങൾ ഒരു ആത്മകഥ മാത്രമല്ല, ഒരു ദേശത്തിന്റെയും കാലഘട്ടത്തിന്റെയും ചരിത്രാവതരണം കൂടിയാണ്. സ്വന്തം ജീവിതാനുഭവങ്ങൾക്കൊപ്പം, തനിക്കു കരുതലായി മാറിയ ഒട്ടനവധി സഹപ്രവർത്തകരുടെ നിസ്വാർത്ഥമായ സേവനങ്ങളെയും പിതാവ് ഓർമിക്കുന്നു. പ്രത്യേകിച്ച്, ഒരുമിച്ചു മെത്രാൻ ശുശ്രൂഷയിലേക്കു നിയോഗിക്കപ്പെട്ട പുണ്യശ്ലോകനായ മാർ മാത്യു കാവുകാട്ടുപിതാവിനെയും 'മലബാറിന്റെ മോശ' എന്ന് കാലം അടയാളപ്പെടുത്തിയ മാർ സെബാസ്റ്റ്യൻ വള്ളോപ്പിള്ളിയെയുംകുറിച്ചുള്ള ഓർമകൾ വിശുദ്ധ ചിന്തകളുടെ വായനാനുഭവം സമ്മാനിക്കുന്നു.

പ്രകാശപൂർണമായ നാളെകളെ മുന്നിൽക്കണ്ട് ഇന്നുകളെ രൂപപ്പെടുത്തിയ ഒരു കർമയോഗിയുടെ ആത്മപ്രകാശനം മാത്രമല്ല ഈ ആത്മകഥ; മറിച്ച്, പാലാ രൂപതയുടെയും ദേശത്തിന്റെയും പരിണാമങ്ങളുടെയും നാഴികക്കല്ലുകളുടെയും നേട്ടങ്ങളുടെയും വീരഗാഥകൂടിയാണ്.

1987 ൽ മാർ സെബാസ്റ്റ്യൻ വള്ളോപ്പിള്ളിയുടെ അവതാരികയോടെ പുറത്തിറങ്ങിയ ഒന്നാം പതിപ്പ് തലമുറകൾ ആസ്വാദ്യതയോടെ വായിച്ചറിഞ്ഞിരുന്നു. ക്രൈസ്തവവിശ്വാസികൾക്കു മാത്രമല്ല പൊതുസമൂഹത്തിനും അത് വലിയ ബോധ്യങ്ങളെ സമ്മാനിച്ചു. ഒപ്പം, ചരിത്രരചയിതാക്കൾക്കും ഗവേഷകർക്കും കാലസൂചികയായി മാറുകയും ചെയ്തു. ഏറെപ്പേരുടെ ആഗ്രഹത്തിന്റെ സഫലീകരണമെന്നോണമാണ് ബിഷപ് വയലിൽ ഫൗണ്ടേഷന്റെകൂടി സഹകരണത്തോടെ ആത്മകഥയുടെ രണ്ടാം പതിപ്പ് ദീപനാളം പബ്ലിക്കേഷൻസ് പുറത്തിറക്കിയിരിക്കുന്നത്.

കേരളത്തിന്റെ ആത്മീയ, കാർഷിക, സാംസ്കാരിക, വിദ്യാഭ്യാസ, ആതുരശുശ്രൂഷാരംഗങ്ങളിൽ പാലായ്ക്കു മഹത്തായ പാരമ്പര്യവും തനതായ സംഭാവനയുമുണ്ട്. അതിൽ, പാലാ രൂപതയുടെയും പിതാക്കൻമാരുടെയും വൈദികരുടെയും സന്ന്യസ്തരുടെയും അല്മായരുടെയും പങ്കാളിത്തം സുപ്രധാനവുമാണ്. ആഗോളകത്തോലിക്കാസഭയിൽ ദൈവവിളിയുടെ വിളനിലമെന്ന ഖ്യാതിയും പാലാ രൂപതയ്ക്കു സ്വന്തമാണ്. രൂപതയ്ക്കു ശക്തമായ അടിത്തറയിട്ട വ്യക്തിയെന്ന നിലയിൽ വയലിൽ പിതാവിന്റെ സമർപ്പിതചര്യകളെ കൂപ്പുകൈകളോടെ മാത്രമേ എക്കാലവും സ്മരിക്കാനാവൂ എന്ന് അദ്ദേഹത്തിന്റെ ആത്മകഥ ഓർമപ്പെടുത്തുന്നു.

'സാന്ത്വനപ്രകാശമേ നയിച്ചാലും' എന്ന പ്രാർത്ഥനയോടെ ആരംഭിക്കുന്ന ആത്മകഥാകഥനം 'ദൈവമേ, നിന്റെ വഴികൾ എത്ര സുന്ദരം!' എന്ന



**നിന്റെ വഴികൾ എത്ര സുന്ദരം!**
**ആത്മകഥ**
**മാർ സെബാസ്റ്റ്യൻ വയലിൽ**
**മുഖവില ₹ 750**
**വില്പനവില ₹ 600**
**ദീപനാളം പബ്ലിക്കേഷൻസ്, പാലാ**
**ഫോൺ – 7306874714**
**വിതരണം:**
**സെന്റ് തോമസ് ബുക്സ്റ്റാൾ, പാലാ**
**ഫോൺ – 6282632531**

സായുജ്യപഥത്തിലെത്തിനിൽക്കുമ്പോൾ അനുവാചകരും അറിയാതെ പറയും, നിന്റെ വഴികൾ എത്ര സുന്ദരം!

മാർ ജോസഫ് കല്ലറങ്ങാട്ട്, മാർ ജേക്കബ് മുരിക്കൻ, മാർ ജോസഫ് പള്ളിക്കാപറമ്പിൽ, ബിഷപ് വയലിൽ ഫൗണ്ടേഷൻ ചെയർമാൻ പ്രഫ. വി.ജെ. ജോസഫ് എന്നിവരുടെ പ്രൗഢമായ ആമുഖക്കുറിപ്പോടെയാണ് രണ്ടാം പതിപ്പ് പുതിയ കാലത്തിന് ഒരു സമ്മാനമെന്നോണം പുറത്തിറങ്ങിയിരിക്കുന്നത്.

പാലാ സെന്റ് തോമസ്, പാലാ അൽഫോൻസാ, അരുവിത്തുറ സെന്റ് ജോർജ്, കുറവിലങ്ങാട് ദേവമാതാ കോളജുകളുടെയും മറ്റനേകം വിദ്യാഭ്യാസസ്ഥാപനങ്ങളുടെയും ശില്പി എന്ന നിലയിൽ തലമുറകൾ വയലിൽപിതാവിനെ എക്കാലവും ആദരവോടെ സ്മരിക്കുന്നു. സഭയ്ക്കും ദൈവത്തിനുംവേണ്ടി സമർപ്പിതനായ ഒരു വ്യക്തി തന്റെ ജീവിതത്തിലെ കഠിനാധ്വാനത്തിലും ദീർഘവീക്ഷണത്തിലും ഇത്രത്തോളം വിസ്മയകരമായ ശുശ്രൂഷ എങ്ങനെ നിറവേറ്റിയെന്ന് ഏതൊരാളും ചിന്തിച്ചുപോകും ഈ ജീവചരിത്രവായനയിലൂടെ.

ആത്മീയതയിൽ വിശുദ്ധിയുടെ പരിമളം പരത്തിയ രൂപതയാണ് പാലാ. വിശുദ്ധ അൽഫോൻസാമ്മ, വാഴ്ത്തപ്പെട്ട തേവർപറമ്പിൽ കുഞ്ഞച്ചൻ തുടങ്ങിയവരുടെ നാമകരണനടപടികളിൽ സുപ്രധാനമായ പങ്ക് ബിഷപ് വയലിൽ നിർവഹിച്ചു. അൽഫോൻസാമ്മയുടെ നാമകരണനടപടി ഓഫീസ് സ്ഥാപനംമുതൽ വാഴ്ത്തപ്പെട്ടവരുടെ ഗണത്തിലേക്ക് ഉയർത്തപ്പെടുന്നതുവരെയുള്ള എല്ലാ ഘട്ടങ്ങൾക്കും സാക്ഷിയാവാനുള്ള ഭാഗ്യവും പിതാവിനു ലഭിച്ചു.

മദ്യവിരുദ്ധപ്രസ്ഥാനത്തിലും സന്ന്യാസസഭകളുടെ സ്ഥാപനത്തിലും വിവിധ ആത്മീയസംഘടനകളുടെ ശക്തീകരണത്തിലും അദ്ദേഹം നൽകിയ സംഭാവനകൾ വലുതാണ്.

കുടുംബം, ബാല്യം, ദൈവവിളി, പൗരോഹിത്യം, മെത്രാഭിഷേകം, അജപാലനം തുടങ്ങി വിപുലമായ ഒൻപത് അധ്യായങ്ങളിലാണ് വ്യക്തിയുടെയും ദേശത്തിന്റെയും സഭയുടെയും ചരിത്രം എന്നു വിശേഷിപ്പിക്കാവുന്ന ഈ ഉത്കൃഷ്ടരചന നിർവഹിച്ചിരിക്കുന്നത്. ഇതിൽത്തന്നെ പാലായുടെ കാർഷികസംസ്കാരത്തെയും പാലായിൽനിന്നു മലബാറിലേക്കും ഹൈറേഞ്ചിലേക്കുമുണ്ടായ കുടിയേറ്റത്തെയും സമഗ്രമായി പ്രതിപാദിച്ചിരിക്കുന്നു.

രണ്ടാം വത്തിക്കാൻ കൗൺസിലിന്റെ എല്ലാ സമ്മേളനങ്ങളിലും പങ്കെടുത്ത മാർ വയലിൽ, സൂനഹദോസിന്റെ ദൈവശാസ്ത്ര ഉൾക്കാഴ്ചകളും അജപാലനവീക്ഷണങ്ങളും സ്വന്തമാക്കി അത് രൂപതയിൽ നടപ്പാക്കി. മാർത്തോമ്മാനസ്രാണി ശ്ലൈഹികപാരമ്പര്യത്തിന്റെയും പൗരസ്ത്യ സുറിയാനി ഭാഷയുടെയും ശക്തനായ വക്താവായിരുന്നു പിതാവ്. ബാല്യംമുതൽ വിശ്രമജീവിതംവരെയുള്ള ധന്യമായ ഓർമകളെ കൃത്യതയോടെയും വ്യക്തതയോടെയും പിതാവ് ആത്മകഥയിൽ പ്രതിപാദിക്കുന്നു.


– റെജി ജോസഫ്

# ആധ്യാത്മികജീവിതത്തിന് ഒരു മതബോധനം

*കർദിനാൾ റോബർട്ട് സറാ രചിച്ച Catechism of the spiritual Life എന്ന ഗ്രന്ഥത്തിന്റെ അവതാരികയെക്കുറിച്ച് ഒരു പഠനം.*



ഫാ. കുര്യാക്കോസ് നരിതൂക്കിൽ




**കൂദാശകളിലൂടെയുള്ള മിശിഹാനുഗമനം**

എല്ലാ കത്തോലിക്കാവിശ്വാസികൾക്കുമായി ആധ്യാത്മികജീവിതത്തെക്കുറിച്ച് ശരിയായ ഒരവബോധം പ്രദാനം ചെയ്യുകയെന്നതാണ് ഗ്രന്ഥകാരനായ കർദിനാൾ റോബർട്ട് സറായുടെ ലക്ഷ്യം. ദൈവവചനാധിഷ്ഠിതമായും ഏഴു കൂദാശകളുടെ പശ്ചാത്തലത്തിലുമാണ് ഈ മൗലികഗ്രന്ഥം രചിക്കപ്പെട്ടിരിക്കുന്നത്. കൂദാശകളിലൂടെ മിശിഹായെ പിൻചെല്ലുകയാണു വേണ്ടതെന്ന് അദ്ദേഹം പ്രസ്താവിക്കുന്നു. കത്തോലിക്കാവിശ്വാസം മുഴുവന്റെയും ഒരു സംഗ്രഹമാണ് ഈ ഗ്രന്ഥമെന്ന് ആരും തെറ്റുധരിക്കരുതെന്നും അതിന് 'കത്തോലിക്കാസഭയുടെ മതബോധന'വും അതിന്റെ 'സംക്ഷേപവും' ഉണ്ടെന്നും മറ്റൊന്നും അതിനു പകരമാവില്ലെന്നും കർദിനാൾ എടുത്തുപറയുന്നുണ്ട്.

**മാനസാന്തരപ്പെടുവിൻ**

റോമൻ റീത്തിൽ വിഭൂതിത്തിരുനാളിൽ വിശ്വാസികളുടെ നെറ്റിയിൽ കുരിശാകൃതിയിൽ ചാരം പൂശിക്കൊണ്ട് കാർമികൻ ഉച്ചരിക്കുന്ന വാക്കുകളാണ് 'മാനസാന്തരപ്പെട്ട് സുവിശേഷത്തിൽ വിശ്വസിക്കുവിൻ' (മർക്കോ. 1:1) എന്നത്. നോമ്പിൽ മാത്രമല്ല, ജീവിതയാത്രയിൽ മുഴുവൻ നിരന്തരമായ മനസ്സുതിരിവ് ആവശ്യമാണ്. ദിശ തെറ്റിയാൽ 'യുടേൺ' എടുത്ത് തിരികെ നടക്കേണ്ടവനാണ് ഓരോ ക്രൈസ്തവനും. ദൈവത്തിങ്കലേക്കാണ് അവന്റെ യാത്ര.

**മരുഭൂമിയനുഭവം**

ഈ ആത്മീയപ്രയാണത്തിൽ വിലങ്ങുതടിയാകുന്ന പല കാരണങ്ങളുമുണ്ട്. ഈ തടസ്സങ്ങൾ ഏവയെന്നു മനസ്സിലാക്കാൻ, ഇസ്രായേൽജനം ഈജിപ്തിൽനിന്നു മരുഭൂമിയിലൂടെ വാഗ്ദത്തഭൂമിയിലേക്കു ചെയ്ത യാത്രാമധ്യേ ഉണ്ടായ കാര്യങ്ങൾ പരിശോധിച്ചാൽ മതി. മരുഭൂമിയിൽ ദാരിദ്ര്യവും ഇല്ലായ്മയും ഏകാന്തതയും നിശ്ശബ്ദതയുമെല്ലാം അനുഭവിച്ചറിയാനാണ് ദൈവം അവരെ അവിടേക്കു നയിച്ചത്. മരുഭൂമിയിലാണ് ദൈവത്തെ ശ്രവിക്കാനുള്ള ഏകാഗ്രത ലഭിക്കുന്നത്. മനുഷ്യന്റെ ഉള്ളിലെ ശൂന്യതയിലേക്കു ചൂഴ്ന്നിറങ്ങി ദൈവത്തെയും അവിടത്തെ നിയമങ്ങളെയും സ്വായത്തമാക്കാൻ അവനെ സജ്ജമാക്കുന്നത് ഈ മരുഭൂമിയനുഭവമാണ്. മീഡിയയും വാർത്താപ്രളയും ഉളവാക്കുന്ന മന്ദതയിൽനിന്നു സ്വതന്ത്രനായി ദൈവത്തെ അടുത്തനുഭവിക്കുന്ന ഇടമാണ് മരുഭൂമി.

ഇപ്രകാരം എഴുതിത്തുടങ്ങുന്ന കർദിനാൾ സറാ, റബ്ബിമാരുടെ ഒരു രീതി ചൂണ്ടിക്കാണിച്ചുകൊണ്ടു തുടരുകയാണ്. ഉച്ചാരണത്തിൽ സാമ്യമുണ്ടെങ്കിലും വിഭിന്നമായ ആശയങ്ങൾ പ്രകടിപ്പിക്കുന്ന രണ്ടു ഹീബ്രുപദങ്ങളാണ് 'ദബാറും' 'മിദ്ബാറും' – വാക്കും മരുഭൂമിയും (വചനം എന്ന പദമാണ് നമ്മുടെ പരിഭാഷകളിൽ). മരുഭൂമിപോലെ വിശാലവും ശൂന്യവുമായ ഹൃദയത്തിനു മാത്രമേ ജീവന്റെ വചനം സ്വീകരിക്കാനും ഉള്ളിൽ നിലനിറുത്താനും കഴിയുകയുള്ളൂ. മരുഭൂമിയിൽ ഹൃദയങ്ങൾ ശുദ്ധീകരിക്കപ്പെടുന്നു. ദൈവവുമായി സ്നേഹസംവേദനത്തിൽ ഏർപ്പെടുന്നു. അതുകൊണ്ടാണ് ദൈവവും ഇസ്രായേൽജനവുമായുള്ള ബന്ധത്തെക്കുറിച്ചു ഹോസിയാ പ്രവാചകൻ 'ഞാൻ അവളെ വശീകരിച്ച് മരുഭൂമിയിലേക്കു നയിക്കുകയും ഞാനവളുടെ ഹൃദയത്തോടു സംസാരിക്കുകയും ചെയ്യും' (ഹോസിയാ 2:14) എന്നെഴുതുന്നത്. അതേസമയം, മരുഭൂമി സഹനത്തിന്റെയും പരീക്ഷണങ്ങളുടെയും ആത്മീയ പോരാട്ടങ്ങളുടെയും പവിത്രീകരണത്തിന്റെയും ഇടമാണ്. "വെള്ളിയെന്നപോലെ ഞാൻ അഗ്നിശുദ്ധിവരുത്തും. സ്വർണം മൂശയിലെന്നപോലെ ശുദ്ധീകരിക്കും" (സഖറിയ 13:9).

ക്രൈസ്തവജീവിതം ഒരു യാത്രയാണ്. അതിൽ സഹനങ്ങളും പരീക്ഷണങ്ങളും അതിജീവിച്ചു മുന്നേറണം. വിശുദ്ധിയിലാണു മുന്നേറേണ്ടത്. നിശ്ചലമായാൽ പിന്നോട്ടുപോകും. ക്രൈസ്തവജീവിതമാണ് പിന്നോട്ടടിക്കുന്നത്. ദൈവസ്നേഹാഗ്നി ജ്വലിച്ചുനില്ക്കണമെങ്കിൽ, അടുപ്പിൽ വിറകെന്നപോലെ, ആത്മീയസുകൃതങ്ങൾ ജീവിതത്തിൽ പരിപോഷിപ്പിക്കണം. വിശുദ്ധ ആഗസ്തീനോസിന്റെ വാക്കുകൾ ശ്രദ്ധേയമാണ്: "ഇതുമതി എന്നു നീ പറഞ്ഞാൽ, നീ തീർന്നു. നിരന്തരം മുന്നേറുക, എപ്പോഴും പുരോഗമിക്കുക. ഒരു സ്ഥലത്തുതന്നെ സ്ഥിരമായി നില്ക്കരുത്. പിന്നോട്ടു പോകരുത്. വഴിമാറി നടക്കരുത്" (Sermon 169, 15).

പഴയ ഉടമ്പടിയിലെ 'പുറപ്പാടു'പോലെ പുതിയ ഉടമ്പടിയിൽ ഏഴു കൂദാശകൾ മുന്നോട്ടുവയ്ക്കുന്ന ആത്മീയതീർത്ഥാടനം നമ്മുടെ ജീവിതങ്ങളെ ലക്ഷ്യത്തിലെത്തിക്കും. കർദിനാൾ സറാ ഈ ഭാഗം ഉപസംഹരിക്കുന്നത് ഇപ്രകാരമാണ്: "കൂദാശകൾ അവയുടെ ആഴമായ അർത്ഥത്തിലും പുതുജീവൻ പ്രദാനം ചെയ്യാനുള്ള ദൈവശക്തിയിലുള്ള വിശ്വാസത്തിലും ജീവിക്കുകയാണു വേണ്ടത്. മരുഭൂമിയിലേക്കു ദൈവാരൂപിയാൽ നയിക്കപ്പെട്ട്, പുതുതായി ചാവുകടൽ കടന്ന് അവിടുന്നുമായി പുതിയ ഉടമ്പടി ഉറപ്പിക്കുകയാണ്" (പേജ് – 11).

**വിശ്വാസത്തിന്റെ വെളിച്ചത്തിൽ**

മനുഷ്യനേറ്റവും ഉള്ളിന്റെയുള്ളിൽ ദൈവവുമായുള്ള ഉറ്റബന്ധമാകുന്ന പാറമേലാണ് അവൻ ജീവിതം പടുത്തുയർത്തേണ്ടത്. ഈ അടിസ്ഥാനശിലയാണ് വിശ്വാസം. കാഴ്ചയ്ക്കു പ്രകാശമെന്നപോലെ ദൈവത്തെ പ്രാപിക്കാൻ വിശ്വാസം എന്ന മഹാദാനം അനിവാര്യമാണ്. കുരിശിന്റെ വിശുദ്ധ യോഹന്നാൻ പറയുന്നതുപോലെ, "വിശ്വാസം ദൈവത്തെത്തന്നെയാണു നല്കുന്നത്" (പേജ് 12).

**ലോകത്തിന്റെ ജീർണത**

ഇപ്രകാരമുള്ള വിശ്വാസത്തോടെ വീക്ഷിക്കുമ്പോൾ ലോകത്തെ ദൈവം കാണുന്നതുപോലെ ദർശിക്കാൻ വിശ്വാസിക്കു കഴിയും. അവിടെയാണ് ലോകത്തിന്റെ ശത്രുതയ്ക്ക് അവൻ ഇരയാകുന്നത്. അത് ഇപ്പോഴും പ്രസക്തമാണ്. അന്നു ഞങ്ങളുടെ നിയമങ്ങളും പാരമ്പര്യങ്ങളും നീ ലംഘിക്കുന്നെന്നു കർത്താവിനോടു പറഞ്ഞവരെപ്പോലെ പ്രതികരിക്കുന്നവർ ഇന്നുമുണ്ട്. വിവാഹമോചനം, ഭ്രൂണഹത്യ, ദയാവധം, സ്വവർഗരതി, പുരുഷനു 'സ്ത്രീയായും' സ്ത്രീക്കു 'പുരുഷനായും' ശസ്ത്രക്രിയയിലൂടെയും ഹോർമോൺ കുത്തിവയ്പിലൂടെയും മാറാനുള്ള ശ്രമങ്ങൾ എന്നിവയൊക്കെ അവകാശമെന്നു ശഠിക്കുന്നവരോട് കാരുണ്യത്തോടും സ്നേഹത്തോടുംകൂടി 'ഇതു ദൈവത്തിന്റെ പദ്ധതിക്കു വിരുദ്ധമാണെന്ന്' പഠിപ്പിക്കുന്ന കത്തോലിക്കാസഭയെ അവർ വെറുക്കുന്നു.' "നീതിമാനെ നമുക്കു പതിയിരുന്നാക്രമിക്കാം. അവൻ നമുക്കു ശല്യമാണ്. അവൻ നമ്മുടെ പ്രവൃത്തികളെ എതിർക്കുന്നു... അവനെ കാണുന്നതു തന്നെ നമുക്കു ദുസ്സഹമാണ്..." (ജ്ഞാനം 2:12–15).

കർദിനാൾ സറാ നിരീക്ഷിക്കുന്നു: "ശാസ്ത്രം അഗാധമായ ജീർണത കാരണം മനുഷ്യന്റെ വൈകൃതങ്ങൾക്കും അധർമങ്ങൾക്കുംവേണ്ടിയുള്ള ഉപാധിയായി മാറുന്നു" (പേജ് 13).

**പ്രാർത്ഥന വിശുദ്ധകുർബാന**

ഈ ഗ്രന്ഥത്തിൽ പ്രാർത്ഥനയെയും വിശുദ്ധകുർബാനയെയുംകുറിച്ച് സുദീർഘമായി പ്രതിപാദിക്കുമെന്നു കർദിനാൾ ആമുഖത്തിൽ എടുത്തുപറയുന്നുണ്ട്. ഒരു ക്രിസ്ത്യൻസമൂഹത്തിന്റെ വിശ്വാസദീപം അണഞ്ഞുപോകുന്നതു വിശുദ്ധകുർബാനയിലെ യഥാർത്ഥസാന്നിധ്യം വിശ്വസിക്കാത്തപ്പോഴാണെന്നു ഗ്രന്ഥകാരൻ പ്രത്യേകം നിരീക്ഷിക്കുന്നു.

പുരോഹിതർ ദൈവവചനത്തിനായുള്ള ദൈവജനത്തിന്റെ ദാഹം അവഗണിച്ചുകൊണ്ട് സാമൂഹികരാഷ്ട്രീയകാര്യങ്ങളെക്കുറിച്ചു പ്രസംഗിച്ചാൽ പോരെന്ന് രൂക്ഷമായ ഭാഷയിൽ കർദിനാൾ എഴുതുന്നു.

ലൈംഗികധാർമികതയെ സംബന്ധിച്ച് സഭയുടെ നിലപാടുകൾ ആധുനികലോകത്തെ ചിന്താഗതികൾക്കനുസൃതം പൊളിച്ചെഴുതണമെന്നു പറയുന്ന ഉന്നതസഭാധികാരികളോട് അദ്ദേഹം ചോദിക്കുന്നു: "എന്നുമുതലാണ് ദൈവവചനത്തിനും സഭാപ്രബോധനങ്ങൾക്കും പകരം സോഷ്യോളജി സഭാപഠനങ്ങളുടെ അടിസ്ഥാനപ്രമാണമായത്?" (പേജ്. 17).

വ്യക്തിഗതമായ ലൈംഗികസുഖാന്വേഷണം മാത്രമായി ജീവിതത്തെ കാണുന്ന സുഖഭോഗവാദികൾക്കായി വിട്ടുവീഴ്ചകൾ പാടില്ല. "ആകാശവും ഭൂമിയും കടന്നുപോകും, എന്നാൽ, എന്റെ വചനങ്ങൾ കടന്നുപോകുകയില്ല" (മത്താ. 24:35). ജർമൻസഭ ഏർപ്പെട്ടിരിക്കുന്ന സിനഡൽ പാത അപകടകരവും വിചിത്രവുമാണെന്ന് അദ്ദേഹം തുറന്നുപറയുന്നു. സത്യവിശ്വാസം ബലികഴിച്ചിട്ടല്ല സഭയുടെ തിരോധാനത്തെ പ്രതിരോധിക്കേണ്ടത്. ദൈവത്തിന്റെ മഹനീയപ്രസാദവരത്തിലാണ് നമ്മൾ ആശ്രയിക്കേണ്ടത്.



കാൽവരിയിലെ കുരിശിൻചുവട്ടിൽ ജന്മംകൊണ്ട ദൈവത്തിന്റെ വിശുദ്ധസഭ, പാപികളായ നമ്മൾ അതിനെ എത്ര വികൃതമാക്കിയാലും, ലോകാന്ത്യംവരെ പരിശുദ്ധയും വിമലയുമായി നമ്മോടൊപ്പമുള്ള ഉത്ഥിതൻ സംരക്ഷിക്കും.


വിശുദ്ധിയിൽ വളരാൻ അമലോദ്ഭവമാതാവിന്റെ നിരന്തരസഹായം നമുക്കുണ്ടെന്ന വാക്കുകളോടെയാണ് ഈ അവതാരിക അവസാനിക്കുന്നത്.

(തുടരും)




**നവംബർ 6**
**പള്ളിക്കൂദാശക്കാലം**
**രണ്ടാം ഞായർ**

പുറ 6 : 1–8
ഏശ 49 : 1–7
1 പത്രോ 1 : 3–7
മത്താ 19 : 23–30



# സഭ രക്ഷയുടെ കൂട്ടായ്മ



ഡോ. ജോസഫ്
കരികുളം

**ക**ർത്താവിന്റെ സഭ മഹത്ത്വത്തിലേക്കു വിളിക്കപ്പെട്ടിരിക്കുന്നു. ശിരസ്സാകുന്ന ഈശോയും, അംഗങ്ങളും അവയവങ്ങളുമാകുന്ന വിശ്വാസികളും ചേരുന്ന സഭയെ കർത്താവിന്റെ ദിനത്തിൽ അവിടുന്നു മഹത്ത്വമണിയിക്കും. ഈ ഉറപ്പ് ഇന്നത്തെ വി. ഗ്രന്ഥവായനകളിലൂടെ അനാവരണം ചെയ്യപ്പെടുന്നു. മഹത്ത്വത്തിലേക്കുയർത്തപ്പെടുന്ന സഭയുടെ പ്രഥമകർത്തവ്യം അതിനായി തന്നെത്തന്നെ ഒരുക്കുകയെന്നതാണ്. ഈ ലോകജീവിതത്തിന്റെ നശ്വരത മനസ്സിലാക്കി, അതിനോടുള്ള ആകർഷണത്തിൽനിന്നു സ്വയം മാറി ജീവിക്കുന്നത് ദൈവരാജ്യത്തിലേക്കുള്ള തുറവിലേക്കടുക്കാൻ കൂടുതൽ സഹായിക്കും.

**പുതിയ ഇസ്രായേലിൽ പൂർത്തിയാകുന്ന രക്ഷ**

തന്റെ ശക്തിയുടെ ബലത്താൽ ഇസ്രായേൽജനം രക്ഷിക്കപ്പെടുമെന്ന ഉറപ്പ് ദൈവം ഇന്നത്തെ ഒന്നാം വായനയിലൂടെ മോശയ്ക്കു നൽകുന്നു (പുറ. 6:1–8). കാരണം, അവിടുന്നു കർത്താവാണ് (6:2). ഈ പരാമർശത്തെ വിശദമായി പഠിക്കുന്നത് നല്ലതാണ്. ദൈവത്തിന്റെ അനന്തമായ ശക്തിയും ബലവും ജനം മനസ്സിലാക്കിയേ തീരൂ. മനുഷ്യൻ നിർമിക്കുന്ന ഏതൊരു യന്ത്രത്തെക്കാളും, അവയെ നിർമിക്കുന്ന മനുഷ്യന്റെ ബുദ്ധിയെക്കാളും മുകളിലും, അനന്തവുമാണ് ദൈവത്തിന്റെ ശക്തിയെന്നു ജനം തിരിച്ചറിയണം.

'ഞാൻ കർത്താവാണ്' (6:2) എന്നു ദൈവം എടുത്തുപറയുന്നു. 'കർത്താവ്' എന്നത് ദൈവത്തിന്റെ നാമമാണ്. ഈ നാമത്തിന്റെ ഉത്പത്തിയെക്കുറിച്ച് മനസ്സിലാക്കേണ്ടത് ദൈവത്തിന്റെ അപരിമേയത്വത്തെക്കുറിച്ചു മനസ്സിലാക്കുന്നതിനുള്ള അടിസ്ഥാനഘടകമാണ്.

"അബ്രാഹത്തിനും ഇസഹാക്കിനും യാക്കോബിനും സർവശക്തനായ ദൈവമായി ഞാൻ പ്രത്യക്ഷപ്പെട്ടു; എന്നാൽ, കർത്താവ് എന്ന നാമത്താൽ ഞാൻ എന്നെ അവർക്കു വെളിപ്പെടുത്തിയില്ല" (6:3). വി. ഗ്രന്ഥത്തിൽ ദൈവത്തെ സൂചിപ്പിക്കാനും അഭിസംബോധന ചെയ്യാനും ഉപയോഗിച്ചിരിക്കുന്ന നാമരൂപമാണ് 'കർത്താവ്.' ഇതു ദൈവത്തിന്റെ പേരാണെന്ന് അബ്രാഹത്തിനും ഇസഹാക്കിനും യാക്കോബിനും അറിയാമായിരുന്നില്ല. തങ്ങളനുഭവിച്ച ദൈവത്തിന്റെ സാന്നിധ്യത്തിൽ ജീവിച്ചവരായിരുന്നു അവർ. തങ്ങളുടെ ദൈവത്തെ മറ്റുള്ളവർക്കു പരിചയപ്പെടുത്തേണ്ട സാഹചര്യമില്ലാതിരുന്നതുകൊണ്ട് അവർ ദൈവത്തിന്റെ പേരെന്താണെന്ന് അന്വേഷിച്ചുമില്ല.

മോശയാണ് ദൈവത്തിന്റെ പേരെന്താണ് എന്ന ചോദ്യം ആദ്യമായി ഉയർത്തുന്നത് (പുറ. 3:13). ദൈവം തന്റെ നാമം മോശയ്ക്കു വെളിപ്പെടുത്തുന്നത് ഒരു പേരായിട്ടല്ല, ക്രിയാരൂപമായിട്ടാണ്. സാധാരണ മനുഷ്യർക്കുള്ളതുപോലെ ഒരു നാമമല്ല ദൈവത്തിന്റെ പേര്, മറിച്ച് അതൊരു ക്രിയയാണ്: 'ഞാൻ ഞാൻ തന്നെ' (I AM WHO AM). 'ഞാനാകുന്നവൻ (WHO AM) എന്നെ നിങ്ങളുടെ അടുത്തേക്കയച്ചിരിക്കുന്നു' എന്നു പറഞ്ഞാണ് മോശ ഈജിപ്തിലുള്ള ഇസ്രായേൽ ജനത്തിനിടയിൽ തന്റെ ദൗത്യം തുടങ്ങുന്നത്.

അനന്തജ്ഞാനവും സർവാതിശായിയുമായ ദൈവത്തിന്റെ പേര് 'ആകുന്നവൻ' എന്നാണ്. സമയബന്ധിതമായ മാനുഷികചിന്തകളെ അതിലംഘിച്ചാൽ മാത്രമേ 'ആകുന്നവൻ' എന്ന ദൈവത്തിന്റെ പേര് ഉൾക്കൊള്ളാൻ കഴിയൂ. ആയിരുന്നവൻ എന്നോ, ആകാൻ പോകുന്നവൻ എന്നോ ദൈവത്തിനു പേരില്ല. ഭൂതകാലമോ, ഭാവികാലമോ ദൈവത്തിനില്ല. വർത്തമാനകാലം മാത്രമുള്ള ദൈവത്തെ 'ആകുന്നവൻ' എന്നല്ലാതെ എന്തുപേരിൽ വിളിക്കും? ഉദാഹരണത്തിന് 'മത്തായി' എന്ന് ഒരാളെ വിളിക്കുമ്പോൾ അതിനർത്ഥം മത്തായി ഇല്ലാതിരുന്ന ഒരു സമയവും അയാൾ ഈ ഭൂമിയിൽ ജീവിച്ച സമയവും, ഈ ഭൂമിയിൽനിന്ന് മത്തായി ഇല്ലാതായി മാറുന്ന ഒരു സമയവുമുണ്ട് എന്നാണ്. അതിനാൽ, അത്തരമൊരു നാമരൂപം ദൈവത്തിനു പരിധികൾ നിശ്ചയിക്കുന്നതിനു തുല്യമാണ്.

'ഞാൻ ആകുന്നവൻ' (I AM WHO AM) എന്നു ദൈവംതന്നെ വെളിപ്പെടുത്തിയ അവിടുത്തെ പേരിന്റെ ഹീബ്രുഭാഷയിലുള്ള നാലക്ഷരപ്രയോഗമാണ് (Tetragram) പിന്നീട് ദൈവത്തിന്റെ പേരായി ജനമുപയോഗിച്ചത്. അത് 'YHWH' എന്നതാണ്. ഇതിൽനിന്നാണ് 'Yahweh' (യാഹ്‌വെ) എന്ന പേര് ഉരുത്തിരിഞ്ഞത്. ദൈവത്തിന്റെ നാമം മഹനീയമായതിനാൽ അത് ഉരുവിടുന്നത് യഹൂദജനം നിർത്തി. പകരം 'അദൊണായ്' (Adonai) എന്ന ഹീബ്രുപദമുപയോഗിച്ചുതുടങ്ങി. അദൊണായ് എന്ന പദത്തിന്റെ ഗ്രീക്കുതർജമയാണ് Kyrios (Lord) എന്നത്. ഇതാണ് മലയാളഭാഷയിൽ 'കർത്താവ്' എന്നു പയോഗിച്ചിരിക്കുന്നത്. ചുരുക്കത്തിൽ, വി. ഗ്രന്ഥത്തിൽ എവിടെയൊക്കെ ദൈവത്തിന്റെ പേരായി 'കർത്താവ്' (Lord) എന്ന് ഉപയോഗിച്ചിരിക്കുന്നുവോ, അവിടെയൊക്കെ വിവക്ഷിക്കപ്പെടുന്നത് 'ഞാൻ ആകുന്നവൻ' എന്ന ദൈവത്തിന്റെ പേരാണ് എന്നു നാമോർക്കണം.

ദൈവം മോശയോട് 'ഞാൻ കർത്താവാണ്' (6:2) എന്നു പറയുമ്പോഴും 'ഞാൻ ആകുന്നവൻ' എന്ന നാമംതന്നെയാണ് സൂചിപ്പിക്കപ്പെടുന്നത്. അതാകട്ടെ, സമയത്തെ അതിലംഘിക്കുന്ന, സർവാതിശായിയായ ദൈവത്തിന്റെ അവസ്ഥയെ സൂചിപ്പിക്കുന്നു. താൻ സൃഷ്ടിച്ച പ്രപഞ്ചത്തിൽ എന്തും ചെയ്യാൻ പ്രാപ്തനാണ് 'ഞാൻ ആകുന്നവൻ'. ഇത്രയധികം ശക്തിയുള്ള ദൈവം, ഇസ്രായേൽക്കാരെ തന്റെ ജനമായി സ്വീകരിച്ച്, അവരുടെ 'ആകുന്നവൻ' (ദൈവമായ കർത്താവ്) ആയി മാറുമെന്ന ഉറപ്പ് ദൈവം നല്കുന്നു (6:7). പുതിയ ഇസ്രായേലായ സഭയ്ക്കു ദൈവം നല്കുന്ന ഉറപ്പിന്റെ പൂർവരൂപമാണ് നാമിവിടെ കാണുന്നത്.

രക്ഷിക്കപ്പെടാൻവേണ്ടി രൂപപ്പെട്ടതാണ് പഴയ ഇസ്രായേലും പുതിയ ഇസ്രായേലായ സഭയും. 'ഗർഭത്തിൽ എന്നെ കർത്താവു വിളിച്ചു' (ഏശ. 49:1 രണ്ടാം വായന) എന്ന പ്രഖ്യാപനം സഭയുടെ ഉത്തമബോധ്യത്തിലുള്ള പ്രഖ്യാപനംതന്നെയാണ്. "എന്റെ രക്ഷ ലോകാതിർത്തിവരെ എത്തുന്നതിന് ഞാൻ നിന്നെ ലോകത്തിന്റെ പ്രകാശമായി നൽകും" (49:7). വാഗ്ദാനം ഇസ്രായേൽജനത്തോടാണെങ്കിലും യഥാർത്ഥത്തിൽ ഈ വചനം പൂർത്തിയാക്കുന്നതു സഭയാണല്ലോ. അതിനുള്ള അധികാരം സഭയ്ക്ക് ഈശോ നൽകുകയും ചെയ്തു (മത്താ. 28:18–20).

**സഭയാകുന്ന കൂട്ടായ്മയിലാണു രക്ഷ**


രക്ഷപ്പെടാൻ ആർക്കു സാധിക്കുമെന്ന ശിഷ്യന്മാരുടെ ചോദ്യവും അതിനുള്ള ഈശോയുടെ ഉത്തരവുമാണ് സുവിശേഷത്തിന്റെ കാതൽ (മത്താ. 19:23–30). പ്രസ്തുത ചോദ്യത്തിന് ഈശോ നൽകുന്ന ഉത്തരം തെറ്റുധാരണാജനകമാണ്. "മനുഷ്യർക്ക് ഇത് അസാധ്യമാണ്; എന്നാൽ, ദൈവത്തിന് എല്ലാം സാധ്യമാണ്!" (19:26). ദൈവം പ്രത്യേകമായി തിരഞ്ഞെടുത്തിരിക്കുന്നവർക്കു മാത്രമേ രക്ഷ കരഗതമാക്കാൻ കഴിയൂ; അതിനാൽ, മറ്റുള്ളവർ അതിനായി പരിശ്രമിക്കേണ്ട എന്ന തെറ്റായ ധാരണ ഈ വചനം നൽകാം. എന്നാൽ, എല്ലാം സാധ്യമായ ദൈവം മനുഷ്യന്റെ രക്ഷയ്ക്കായി ചില ക്രമീകരണങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ടെന്നു മനസ്സിലാക്കണം. മനുഷ്യർക്ക് അസാധ്യമായതിനെ സാധ്യമാക്കിത്തീർക്കാനുള്ള മാർഗം എല്ലാം ചെയ്യാൻ കഴിയുന്ന ദൈവം നൽകിയിട്ടുണ്ട്. സഭയാകുന്ന കൂട്ടായ്മയിലേക്ക് പ്രവേശിക്കുക എന്നതാണ് ആ വഴി.

"... എന്നെ അനുഗമിച്ച നിങ്ങൾ, ഇസ്രായേലിന്റെ പന്ത്രണ്ടു ഗോത്രങ്ങളെ വിധിച്ചുകൊണ്ട് പന്ത്രണ്ടു സിംഹാസനങ്ങളിൽ ഇരിക്കും" (19:28). പന്ത്രണ്ടു ഗോത്രങ്ങളും പന്ത്രണ്ടു ശ്ലീഹന്മാരും ഒരു സമൂഹത്തിന്റെ ഭാഗമാണ്. പഴയ ഉടമ്പടിയിൽ ഇസ്രായേൽജനമായിരുന്നു ആ സമൂഹമെങ്കിൽ, ഈശോയുടെ നിത്യവും നൂതനവും ആവർത്തിക്കപ്പെടാത്തതുമായ ഉടമ്പടിയിൽ സഭയാണ് ആ സമൂഹം. ജീവന്റെ സുവിശേഷം പ്രഘോഷിക്കപ്പെടുന്നതും സ്വീകരിക്കപ്പെടുന്നതും ഫലം നൽകുന്നതും സഭയിലാണ്. ഈശോയെ ഏറ്റുപറഞ്ഞ് പരിശുദ്ധത്രിത്വത്തിന്റെ നാമത്തിൽ സഭയിലേക്കു പ്രവേശിക്കുന്നവർ, ദൈവം മനുഷ്യനുവേണ്ടി നൽകുന്ന രക്ഷയുടെ സാധ്യമായ വഴിയാണു തിരഞ്ഞെടുക്കുന്നത്.

ഇക്കാര്യം ഈയാഴ്ചത്തെ ലേഖനഭാഗം എടുത്തുപറയുന്നുണ്ട് (1 പത്രോ. 1:3–7). "അവസാനകാലത്ത് വെളിപ്പെടുത്താനായി തയ്യാറാക്കിയിരിക്കുന്ന രക്ഷയ്ക്കുവേണ്ടി ദൈവശക്തിയാൽ വിശ്വാസംവഴി നിങ്ങൾ കാത്തുസൂക്ഷിക്കപ്പെടുന്നു" (1:5). നാം രക്ഷയ്ക്കുവേണ്ടി തയ്യാറാക്കപ്പെട്ടിരിക്കുന്ന ഒരു സമൂഹമാണ്. ഈ സമൂഹം സഭയാണ്. സഭയുടെ തലവൻ മിശിഹായാണ്, നമ്മളതിലെ അംഗങ്ങളും. തയ്യാറാക്കപ്പെട്ടിരിക്കുന്ന രക്ഷയ്ക്ക്, സഭയിലായിരുന്നുകൊണ്ട് പ്രത്യാശാപൂർവം നാം കാത്തിരിക്കുന്നു. എന്നും ആയിരിക്കുന്ന ദൈവമായ കർത്താവിന്റെ അനന്തമായ ശക്തിയാണ് നമ്മുടെ കരുത്ത്. അതിനാൽ, ഈ ലോകത്തിന്റെ ശക്തികൾക്ക് സഭയെ വഴിതെറ്റിക്കാനോ നിരുത്സാഹപ്പെടുത്താനോ കഴിയില്ല. അല്പകാലത്തേക്കു വിവിധ പരീക്ഷകൾനിമിത്തം വ്യസനം ഉണ്ടാകാം (1:6). അതു വിശ്വാസത്തിൽ ദൈവശക്തിയെ ആശ്രയിക്കുന്നതിനും, ഉറച്ച മനസ്സോടെ നിത്യമഹത്ത്വത്തിൽ പങ്കുകാരാകുന്നതിനുംവേണ്ടിയാണെന്ന് നമ്മുടെ പൂർവപിതാക്കന്മാർ നമ്മെ പഠിപ്പിച്ചിട്ടുണ്ട്.

■

**ഉദ്ദിഷ്ടകാര്യം സാധിച്ചതിന് ഉപകാരസ്മരണ**



മിശിഹായുടെ സ്നേഹിതനും വിശ്വസ്തദാസനുമായ വി. യൂദാശ്ലീഹായേ, ഏറ്റവും കഷ്ടപ്പെടുന്ന എനിക്കുവേണ്ടി അപേക്ഷിക്കണമേ, യാതൊരു സഹായവും ഫലസിദ്ധിയുമില്ലാത്ത സന്ദർഭത്തിൽ ഏറ്റവും ത്വരിതവും ഗോചരവുമായ സഹായം ചെയ്യുന്നതിന് അങ്ങേയ്ക്ക് വിശേഷവിധിയായി കിട്ടിയിരിക്കുന്ന അനുഗ്രഹത്തെ അങ്ങ് ഉപയോഗിക്കണമേ. എന്റെ എല്ലാ ആവശ്യങ്ങളിലും വിശിഷ്യ (ആവശ്യം പറയുക) അങ്ങേ സഹായം ഞാൻ അപേക്ഷിക്കുന്നു. ഭാഗ്യപ്പെട്ട യൂദാശ്ലീഹായേ, അങ്ങേ ഈ അനുഗ്രഹത്തെ സദാ ഓർക്കുമെന്നും അങ്ങേ സ്തുതികളെ ലോകമെങ്ങും അറിയിക്കുമെന്നും ഞാൻ വാഗ്ദാനം ചെയ്യുന്നു. ആമ്മേൻ.

(ഈ പ്രാർത്ഥന 9 പ്രാവശ്യം ചൊല്ലുക.)

**ലില്ലി ജോസ്**
**വട്ടക്കുന്നേൽ, ഉഴവൂർ**

**സാന്ത്വനം**

# മക്കളെക്കാൾ വലുത് മനസ്സന്തോഷം



സിസ്റ്റർ ഡോ. നിക്കോൾ എസ്.വി.എം.

സജീവും കൃപയും മ്ലാനവദനരായാണ് വന്നത്. അവർ വിവാഹിതരായിട്ട് എട്ടു വർഷമായി. പക്ഷേ, അവർക്കു മക്കളില്ല. കുറെ പരിശോധനകൾക്കു വിധേയമായെങ്കിലും പ്രയോജനം ഒന്നുമുണ്ടായില്ല. കൃപയുടെ ശരീരപ്രത്യേകതകൾകൊണ്ടാണ് മക്കളുണ്ടാകാത്തത് എന്നാണ് ഡോക്ടർമാരുടെ അഭിപ്രായം. ഇപ്പോഴത്തെ പ്രശ്നം ഇതാണ്: സജീവ് ഏതെങ്കിലും കുട്ടിയെ ലാളിക്കുന്നതും നോക്കുന്നതും സംസാരിക്കുന്നതും കാണുമ്പോൾ കൃപയ്ക്കു വല്ലാത്ത വിഷമം, ദേഷ്യം. മക്കളുണ്ടാകാത്തത് താൻ കാരണമാണല്ലോ എന്ന കുറ്റബോധം.



എന്നാൽ, സജീവ് പ്രത്യേകിച്ചൊന്നും ഓർക്കാറില്ല. ഒരു കൊച്ചുകുട്ടിയെ കാണുമ്പോൾ സ്വാഭാവികമായ വാത്സല്യം കാണിക്കുന്നു എന്നുമാത്രം.

ഇങ്ങനെ ദുഃഖത്തിൽ കഴിയുന്ന ധാരാളം ദമ്പതിമാർ നമ്മുടെ ചുറ്റുമുണ്ട്. ഇവിടെ സ്ത്രീയുടെ കുഴപ്പംകൊണ്ടായാലും പുരുഷന്റെ കുഴപ്പംകൊണ്ടായാലും യാഥാർത്ഥ്യം അംഗീകരിച്ചുകൊണ്ട് പരസ്പരം താങ്ങും തണലുമായി വർത്തിക്കുകയാണാവശ്യം. പരസ്പരമുള്ള കുറ്റപ്പെടുത്തലുകൾ കൂടുതൽ കലഹവും അകൽച്ചയും സൃഷ്ടിക്കുകയേയുള്ളൂ. കുട്ടികളുള്ളവരോട് അസൂയപ്പെടുകയുമരുത്. ചികിത്സ പരമാവധി നടത്തിയിട്ടും മക്കൾ ഉണ്ടാകുന്നില്ലായെങ്കിൽ യാഥാർത്ഥ്യത്തെ അംഗീകരിക്കുക. മക്കളില്ലാത്ത തങ്ങളുടെ ജീവിതം എങ്ങനെ സന്തോഷപ്രദമായി മുമ്പോട്ടുകൊണ്ടുപോകാമെന്ന് രണ്ടുപേരുംകൂടി ആലോചിക്കുക.

പുതിയ എന്തെങ്കിലും സംരംഭങ്ങൾ തുടങ്ങി തങ്ങളെത്തന്നെ തിരക്കുള്ളവരാക്കുകയും അതിനാൽ സന്തോഷം കണ്ടെത്തുകയും ചെയ്യുക നല്ലൊരു മാർഗമാണ്. ചിലർ സ്വന്തം ചേട്ടന്റെയോ അനുജന്റെയോ കുട്ടിയെ തങ്ങളുടെകൂടെ താമസിപ്പിച്ച് സ്വന്തംപോലെ നോക്കി അന്വേഷിച്ചു നടത്താറുണ്ട്. പക്ഷേ, മിക്ക സംഭവങ്ങളിലും ഈ കുട്ടികൾ ഒരു ഒൻപത്, പത്ത് ക്ലാസ്സിലെത്തുമ്പോഴേക്കും സ്വന്തം മാതാപിതാക്കളെ തിരിച്ചറിയുകയും അവരുടെ അടുത്തേക്കു പോകുകയുമാണു പതിവ്. ഇനി കൂട്ടിന് ഒരു കുഞ്ഞ് വേണമെന്ന് അതിയായ ആഗ്രഹം രണ്ടുപേർക്കും ഒരുപോലെയുണ്ടെങ്കിൽ ഒരു കുട്ടിയെ ദത്തെടുക്കുന്നതു നല്ലതാണ്, കാരണം, ഈ കുട്ടി വേറേ എവിടെയും പോകില്ല. ഇങ്ങനെ ദത്തെടുക്കുന്ന കുട്ടി ആൺകുട്ടി ആകുന്നതാണ് ഉത്തമം. കാരണം, പെൺകുട്ടികൾ വളർന്നു വലുതായിക്കഴിഞ്ഞ് പിതാവിനോട് കൂടുതൽ അടുപ്പം കാണിക്കുന്നത് ഒരു പത്തുശതമാനം അമ്മമാരെ വിഷമിപ്പിക്കുന്നുണ്ട്. ഇങ്ങനെയുള്ള വരുംവരായ്കകൾ മുമ്പിൽ കണ്ടുകൊണ്ട് വിവേകപൂർവം തീരുമാനമെടുക്കാൻ ദമ്പതികൾ പ്രത്യേകം ശ്രദ്ധിക്കണം. ദത്തെടുക്കുന്ന കുട്ടി കാര്യങ്ങൾ മനസ്സിലാക്കി പ്രവർത്തിക്കാൻ തിരിച്ചറിവ് ആകുന്നമുറയ്ക്ക് നിങ്ങൾതന്നെ ഈ കാര്യം അവരോടു നിർബന്ധമായും പറഞ്ഞിരിക്കണം. അല്ലെങ്കിൽ ചിലപ്പോൾ നാട്ടുകാരോ ഉപകാരികളോ ബന്ധുക്കളോ ഇതു വിളിച്ചുപറഞ്ഞെന്നിരിക്കും, അത് കുട്ടിക്ക് ഒത്തിരി മാനസികസമ്മർദം ഉണ്ടാക്കും.

മക്കൾ ദൈവത്തിന്റെ ദാനമാണ്. അത് ദൈവം നിശ്ചയിക്കുന്ന സമയത്ത് ഉണ്ടാകും. എന്നാൽ, തങ്ങളുടെ സ്വന്തം സുഖത്തിനുവേണ്ടി, സാമ്പത്തികഭദ്രതയ്ക്കുവേണ്ടി, മറ്റു ചില സ്വാർത്ഥചിന്തകൾമൂലം മക്കൾ ഇപ്പോൾ വേണ്ട ഒരു അഞ്ചു വർഷം കഴിയട്ടെ എന്നു സ്വയം തീരുമാനമെടുത്താൽ, ചിലപ്പോൾ നിങ്ങൾ ആഗ്രഹിക്കുമ്പോൾ ഫലം കിട്ടിയെന്നു വരില്ല. സജീവും കൃപയും ഇങ്ങനെയുള്ള ചിന്താഗതിക്കാരായിരുന്നു. ചിലർ ആദ്യത്തെ കുട്ടി പെട്ടെന്നായാൽ അബോർട്ട് ചെയ്യാറുമുണ്ട്. മിക്കവരുമായി സംസാരിക്കുമ്പോൾ അറിയാൻ കഴിഞ്ഞിട്ടുള്ളത് അബോർഷനു ശേഷം ഉണ്ടാകുന്ന കുട്ടികൾക്കു ചിലപ്പോൾ എന്തെങ്കിലും വൈകല്യം കാണാറുണ്ട് എന്നതാണ്. അതായത്, ബുദ്ധിമാന്ദ്യം, ഹൈപ്പർ ആക്ടീവ്, ഓട്ടിസം ഇങ്ങനെ പ്രത്യേകതയുള്ള കുഞ്ഞുങ്ങൾ. ഇത് ആദ്യമുണ്ടായ കുട്ടിയെ കളഞ്ഞതിൽ അമ്മയ്ക്കും അപ്പനും ഉണ്ടാകുന്ന ദുഃഖവും കുറ്റബോധവും ഉള്ളിന്റെയുള്ളിൽ ഉണ്ടാകുന്നതുകൊണ്ടാണ്. അതുപോലെ അമ്മയ്ക്ക് പലപ്പോഴും ഒരു നെഗറ്റീവ് ചിന്തയായിരിക്കും ഉള്ളത്. അതായത്, ഈ കുട്ടിക്ക് എന്തെങ്കിലും സംഭവിക്കുമോ എന്ന ഭയം. ഇതൊക്കെ ഒഴിവാക്കി ആരോഗ്യമുള്ള കുഞ്ഞു ജനിക്കുവാൻ നല്ല മനോഭാവം വച്ചുപുലർത്തണം. ദൈവത്തിന്റെ ഇഷ്ടത്തോടു നിങ്ങളുടെ ഇഷ്ടം ചേർത്തുവയ്ക്കാൻ ശ്രമിക്കണം. ഒപ്പം, ഉദരഫലം ദൈവത്തിന്റെ ദാനമാണെന്ന ബൈബിൾവചനം ഓർത്തിരിക്കുക. ജീവന്റെ ദാനം ദൈവം തരുന്നതുവരെ പ്രതീക്ഷയോടെ കാത്തിരിക്കുക. പ്രതീക്ഷയ്ക്കു വകയില്ലാത്ത സാഹചര്യത്തിൽ ദൈവഹിതം അതാണെന്നു തിരിച്ചറിഞ്ഞു ജീവിക്കുകയും എല്ലാവരെയും മക്കളായി കാണുന്ന വിശാലതയിലേക്കു മനസ്സിനെ വളർത്തുകയും ചെയ്യുക. അപ്പോൾ നിങ്ങൾ ഉദ്ദേശിക്കുന്നതിനെക്കാൾ മനോഹരമായിരിക്കും നിങ്ങളുടെ ജീവിതം.

■

# ലഹരിയുടെ ചതിക്കുഴികൾ



ത്രേസ്യാമ്മ ജോസഫ്

നേരം വെളുത്താൽ കേൾക്കുന്നതെല്ലാം ഞെട്ടിക്കുന്ന വാർത്തകളാണ്. ലഹരിമരുന്നുമായി അവിടെ പിടിച്ചു ഇവിടെപിടിച്ചു എന്നൊക്കെ കേൾക്കാമെങ്കിലും കൂടുതൽ വീര്യത്തോടെ യുവതലമുറയ്ക്കിടയിൽ അതു വിലസുകയല്ലേ? ലഹരിവിരുദ്ധ സംഘടനകളും അവരുടെ കൂട്ടായ്മകളും നിരന്തരം കിണഞ്ഞു പരിശ്രമിച്ചിട്ടും എന്തേ നമ്മുടെ യുവതലമുറ ഇങ്ങനെയായിത്തീരുന്നു? ഞങ്ങൾക്കെതിരായി എന്തെങ്കിലും ഉരിയാടിയാൽ തട്ടിക്കളയുമെന്ന ഭീഷണി പേടിച്ചിട്ടോ എന്തോ പോലീസുവരെ അവരെ ഭയപ്പെടുന്നപോലെ തോന്നുന്നു.




പ്രിയ അപ്പച്ചന്മാരേ, അമ്മച്ചിമാരേ, ഉണർന്നിരുന്ന് കൊച്ചുമക്കൾക്കുവേണ്ടി ഈ തിന്മയ്ക്കെതിരേ പടപൊരുതേണ്ട കാലം അതിക്രമിച്ചുകഴിഞ്ഞു. ഹൃദയത്തിൽ എവിടെയോ ഒരു നീറ്റൽ നിങ്ങൾക്കനുഭവപ്പെടാറില്ലേ! ആറ്റുനോറ്റുണ്ടാകുന്ന ഓമനകളെ വലിയ സങ്കല്പങ്ങളുമായി പഠനത്തിനയയ്ക്കുമ്പോൾ ഒന്നു ചിന്തിച്ചോ! അവിടെയും ചതിക്കുഴികൾ പതിയിരിപ്പുണ്ടെന്ന്. ജീവിതം അതോടെ അവസാനിപ്പിക്കുന്നവരും വിരളമല്ല. ചത്തതിനൊക്കുമേ ജീവിച്ചിരിക്കും എന്നപോലെയല്ലേ പാവം മാതാപിതാക്കളിലൂടെ ബാക്കിജീവിതം. സമൂഹം വെറുക്കുന്നു, ഉറ്റവർ ഉപേക്ഷിക്കുന്നു. എന്തേ മക്കളേ, നിങ്ങളെ ഏറെ സ്നേഹിക്കുന്ന മാതാപിതാക്കളെ ഒരു നിമിഷമെങ്കിലും ഓർക്കാത്തത്? കരഞ്ഞു കലങ്ങിയ കണ്ണും തളരുന്ന മനസ്സുമായി മന്ദംമന്ദം ഇഴഞ്ഞുനീങ്ങുന്ന നിങ്ങളെ കണ്ടാൽ അവർ ഹൃദയം പൊട്ടിമരിക്കില്ലേ?

മിഠായിയും പലഹാരവുമൊക്കെയായി ലഹരിയെന്ന സാത്താൻ നിങ്ങളെ വേട്ടയാടുന്നില്ലേ? അവന്റെ പിടിയിൽ വീഴാതെ ഊർജസ്വലരായിനിന്നു പോരാടാൻ സാമർത്ഥ്യമുള്ള നല്ല മക്കൾ ഉണ്ടാകട്ടെ! അധ്യാപകരും മാതാപിതാക്കളുമെല്ലാം അല്പം ബുദ്ധിമുട്ടിയാണെങ്കിലും ഈ കുഞ്ഞുങ്ങളിൽ ഉണ്ടാകുന്ന ഭാവവ്യത്യാസങ്ങൾ കണ്ടുപിടിച്ച് അതിനുവേണ്ട നടപടികൾ സ്വീകരിക്കുക. അകപ്പെട്ടുപോയ കുഞ്ഞുങ്ങളെ കൗൺസലിങ്ങിലൂടെയോ മറ്റേതെങ്കിലും തരത്തിലോ രക്ഷപ്പെടുത്താൻ ശ്രമിക്കില്ലേ! പുകഞ്ഞകൊള്ളി പുറത്തെന്നു പറഞ്ഞ് അവരെ ഉപേക്ഷിച്ചുകളയാതെ സാധാരണ ജീവിതത്തിലേക്കു തിരിച്ചുകൊണ്ടുവരാൻ ഒന്നു ശ്രമിച്ചുകൂടേ? ഗവൺമെന്റും പോലീസുമൊക്കെ വളരെ ജാഗരൂകരാണെന്നിരുന്നാലും ഇക്കൂട്ടരുടെ വിളയാട്ടം കൂടിവരുന്നതല്ലാതെ ഒരു കുറവുമില്ലല്ലോ. എത്രയോ കുടുംബങ്ങളാണ് തീരാദുഃഖത്തിൽ ആണ്ടുപോകുന്നത്. അതുകൊണ്ട്, ശക്തമായി ഉണർന്നിരുന്നു പ്രാർത്ഥിക്കാം, പ്രവർത്തിക്കാം.

■

**നുറുങ്ങുചിന്ത** — ഉണ്ണി വാരിയത്ത്



## സംശയിക്കാമെങ്കിലും

പുരോഗമനത്തിന്റെ പേരിൽ, പരിഷ്കാരത്തിന്റെ പേരിൽ, ഉപയോഗശൂന്യമായിക്കൊണ്ടിരിക്കുന്നു അടുക്കള.

തീൻമേശപ്പുറത്തെ ഫാസ്റ്റ്ഫുഡ് വിഭവങ്ങൾ വെട്ടിവിഴുങ്ങുകയാണു വീട്ടുകാർ. ഇനിയുള്ള കാലം അടുക്കള നാമാവശേഷമായിത്തീരുമോ?

സംശയിക്കാമെങ്കിലും, സംഭവിക്കാതിരിക്കട്ടേയെന്ന് ആശിക്കാനേ കഴിയൂ.






# കണ്ണാടിയിൽ കാണുന്നവർ

പലരും വെള്ളത്തിലെ മഞ്ഞുകട്ടയുടെ കാര്യം കണക്കെയാണ്. നമ്മൾ കാണുന്നത് എല്ലാവരുടെയും വ്യക്തിത്വത്തിന്റെ ചെറിയൊരു ഭാഗം മാത്രം. ഭൂരിഭാഗവും അറിയാതെ കിടക്കുകയാണ്.

ബാഹ്യമായി കാണുന്ന ചിലതുവച്ചുകൊണ്ട് നാം വിധിയെഴുതുന്നു. ഇതാണ്... ഇങ്ങനെയാണ്... പക്ഷേ, ഈ വിധിയെഴുത്ത് ഭാഗികമായിമാത്രമേ ശരിയാകുന്നുള്ളൂ. കാരണം, ആദ്യം പറഞ്ഞതുപോലെ ഭൂരിപക്ഷവും മറഞ്ഞുകിടക്കുകയാണ്..

ഏതൊരു ബന്ധത്തിലും ഇത്തരത്തിലുള്ള അറിയപ്പെടായ്കകളുണ്ട്, തിരിച്ചറിയാതെപോകലുകളുണ്ട്. കാണുന്നതുവച്ചുകൊണ്ടുമാത്രം നാം എഴുതുന്ന വിധിയെഴുത്തുകൾ നൂറുശതമാനവും ശരിയായിരിക്കണമെന്നില്ല. സൗഹൃദംമുതൽ ദാമ്പത്യബന്ധംവരെ നീളുന്ന ചരിത്രത്തിന് ഇതു ബാധകമാണ്.

ഇനി, ഇത്തരത്തിലുള്ള ചില കഥാപാത്രങ്ങളെ പരിശോധിക്കാം. ഡിയർ ഫ്രണ്ട് എന്ന ചിത്രത്തിലെ വിനോദ് എന്ന നായകന്റെ കാര്യംതന്നെയാവട്ടെ ആദ്യം. സുഹൃത്തുക്കളുമൊത്ത് ബംഗളൂരുനഗരത്തിൽ ജീവിക്കുകയാണ് അയാൾ. സജിത്ത്, ജന്നത്ത്, അർജുൻ, ശ്യാം എന്നിവരാണ് ആ ചങ്ങാതിക്കൂട്ടത്തിലെ മറ്റുള്ളവർ.

അവർ വിചാരിക്കുന്നത് തങ്ങൾക്കു പരസ്പരം എല്ലാവരെയും കൃത്യമായി അറിയാം എന്നുതന്നെയാണ്. മറ്റുള്ളവരുടെ കാര്യത്തിൽ അത് ഏറെക്കുറെ ശരിയാകുമ്പോഴും വിനോദ് അങ്ങനെയല്ല എന്നതാണ് തുടർന്നുള്ള ഭാഗങ്ങളിൽ തെളിയുന്നത്. തന്നെക്കുറിച്ചും തന്റെ വ്യക്തിത്വത്തെക്കുറിച്ചും അയാൾ പറഞ്ഞതു മുഴുവൻ കള്ളമായിരുന്നു. അവസാനിക്കാത്ത കള്ളത്തരങ്ങളും കഥകളുമായി അയാൾ മറ്റൊരിടത്ത് മറ്റൊരു രീതിയിൽ ജീവിതം തുടരുന്നു എന്നു സൂചന നല്കിക്കൊണ്ടാണ് ചിത്രം അവസാനിക്കുന്നത്.

ഈ തിരിച്ചറിവ് അയാളുടെ സുഹൃത്തുക്കളിലുണ്ടാക്കുന്ന ആഘാതം വളരെ വലുതാണ്. ഒരേ മുറിയും ഒരേ ലഹരിയും പങ്കിട്ട് സൗഹൃദത്തിന്റെ ആഘോഷങ്ങളിൽ മുഴുകി ജീവിച്ചവർ അറിയുന്നു, തങ്ങൾ വിശ്വസിക്കുകയും സ്നേഹിക്കുകയും പിന്തുണയ്ക്കുകയും ചെയ്തിരുന്ന സുഹൃത്ത് ഒരു ഫ്രോഡാണെന്ന്... അവൻ അവനേ അല്ലെന്ന്. വിനീത് കുമാർ സംവിധാനം ചെയ്ത ഡിയർ ഫ്രണ്ടിൽ ടൊവിനോ തോമസാണ് വിനോദിന്റെ കഥാപാത്രത്തെ അവതരിപ്പിച്ചിരിക്കുന്നത്.

ഹിറ്റ് മൂവിയായ സിദ്ധിക്കിന്റെ ഫ്രണ്ട്സ് എന്ന സിനിമയിലുമുണ്ട് സൗഹൃദങ്ങളുടെ ചില കാണാപ്പുറങ്ങൾ. പരസ്യമാക്കലുകൾക്കപ്പുറം ചില രഹസ്യഭാരങ്ങൾ. അരവിന്ദനും ജോയിയും ചന്തുവും ആത്മാർത്ഥസുഹൃത്തുക്കളാണ്. തങ്ങൾക്കിടയിൽ രഹസ്യങ്ങളൊന്നുമില്ലെന്നാണ് അവരുടെയും വിചാരം.

എന്നാൽ, ചന്തുവും ജോയിയും അറിയാത്ത വലിയൊരു രഹസ്യം അരവിന്ദനിലുണ്ടായിരുന്നു. കുട്ടിക്കാലത്ത് അറിയാതെയാണെങ്കിലും താൻ മൂലമാണ് ചന്തുവിന്റെ അനിയൻ ചിന്നൻ മരണമടഞ്ഞത് എന്നതായിരുന്നു ആ രഹസ്യം. സിനിമയുടെ ഒരു പ്രത്യേക മുഹൂർത്തത്തിൽ ചന്തു ഇക്കാര്യം അറിയുകയും അരവിന്ദനും ചന്തുവും തമ്മിൽ നിത്യശത്രുതയിലാവുകയും ചെയ്യുന്നു. ഒരു കൊലപാതകരഹസ്യം ഒളിപ്പിക്കാൻവേണ്ടിയായിരുന്നോ ഇക്കാണിക്കുന്ന സ്നേഹം മുഴുവൻ എന്നാണ് ചന്തുവിന്റെ ചോദ്യം. ഈ ചോദ്യം അരവിന്ദനെ തകർക്കുകയും ഒരു ദുരന്തമുഖത്തേക്ക് അയാൾ വീണുപോകുകയും ചെയ്യുന്നു.

ചില രഹസ്യങ്ങൾ രഹസ്യമായിത്തന്നെ നിലനില്ക്കുന്നതാണ് ബന്ധങ്ങളുടെ സൗന്ദര്യം. ചില രഹസ്യങ്ങൾ അനാവൃതമാകുമ്പോൾ തകർന്നുവീഴുന്നത് ദാമ്പത്യം ഉൾപ്പെടെയുള്ള ബന്ധങ്ങളായിരിക്കും. സൗഹൃദങ്ങൾക്കിടയിലെന്നതുപോലെ ദാമ്പത്യത്തിലുമുണ്ട് ഇത്തരത്തിലുള്ള ചില അറിയാതെപോകലുകൾ.. മനസ്സിലാക്കാതെപോകലുകൾ.

അയലത്തെ അദ്ദേഹം എന്ന സിനിമയിൽ സിദ്ദിക്ക് ചെയ്ത മെഡിക്കൽ റെപ്രസന്റേറ്റീവിന്റെ കഥാപാത്രം അത്തരത്തിലുള്ള ഒന്നാണ്. എത്ര സ്നേഹത്തോടെയാണ് അയാൾ ഭാര്യയോട് ഇടപെടുന്നത്. പിറന്നാളുകളും വിവാഹവാർഷികങ്ങളും അയാൾ ആഘോഷമാക്കുന്നു. ഭാര്യയ്ക്കു ഗിഫ്റ്റുകൾ... സർക്കീട്ടുകൾ... സിനിമ, പുറത്തു ഭക്ഷണം.

ഒരു ഭാര്യയെ സന്തോഷിപ്പിക്കാൻ എന്തെല്ലാമാണോ വേണ്ടത് അതെല്ലാം അയാൾ കൃത്യമായി വിളമ്പുന്നുണ്ട്. പക്ഷേ, ഇതേസമയം തന്നെ അയാൾ അടുത്ത വീട്ടിലെ മധ്യവയസ്കന്റെ ഭാര്യയുമായി അവിഹിതബന്ധത്തിലുമാണ്. അവളും പ്രകടമായി നല്ല ഭാര്യതന്നെയാണ്. ചിത്രത്തിന്റെ അവസാനനിമിഷത്തിലാണ് ഇരുവരുടെയും കള്ളി വെളിച്ചത്താകുന്നത്. കൈയോടെ പിടികൂടുന്നതുവരെ എല്ലാവരും മാന്യന്മാരാണ്, പകൽ മാന്യന്മാർ. നീ മാത്രമല്ല ഞാനും അങ്ങനെതന്നെ.

അടുത്തകാലത്തിറങ്ങിയ ഇഷ്ക് എന്ന സിനിമയിൽ ഷൈൻ ടോം ചാക്കോ അവതരിപ്പിക്കുന്ന ആൽ



ബിൻ എന്ന കഥാപാത്രവും ഇത്തരത്തിലുള്ള ഭർത്താവാണ്. പുറമേ നോക്കുമ്പോൾ അയാൾ നല്ല സ്നേഹമുള്ള ഭർത്താവും വാത്സല്യമുള്ള അച്ഛനുമാണ്. കുടുംബത്തിനുവേണ്ടി ജീവിക്കുന്നവനെന്നും തന്നെയും മകളെയും പൊന്നുപോലെ നോക്കുന്നവനെന്നും ഭാര്യ മരിയയ്ക്ക് അഭിപ്രായമുള്ളവൻ. അയാൾ അങ്ങനെയൊക്കെത്തന്നെയുമാണ്.

പക്ഷേ, കുടുംബം നോക്കിനടത്തുമ്പോഴും ഭാര്യയെ സ്നേഹിക്കുമ്പോഴും സദാചാരധ്വംസനം നടത്താൻകൂടി അയാൾക്കു മടിയില്ല എന്നതാണു സത്യം. ഭാര്യയുടെയും മകളുടെയും മുമ്പിലെ മുഖമല്ല അയാൾക്കു കൂട്ടുകാരുടെ മുമ്പിൽ. അതിലും വ്യത്യസ്തമായ മുഖമാണ് ഒരു പെൺകുട്ടിയെ രാത്രിയിൽ തനിച്ചുകിട്ടുമ്പോൾ.

ഇതു കേരളത്തിലെ ഒരു ന്യൂനപക്ഷം ഭർത്താക്കന്മാരുടെയും കുടുംബനാഥന്മാരുടെയും മുഖമാണ്. ഇടറിപ്പോകുകയും പതറിപ്പോകുകയും ചെയ്യുന്നവർ. എന്നാൽ, ഉള്ളിന്റെയുള്ളിൽ ഭീരുക്കളായവർ. കുടുംബത്തെ സ്നേഹിക്കുന്നവർ. അവർക്ക് കുടുംബം വേണം. മക്കളെ വേണം. ഭാര്യയെ വേണം. എന്നാൽ, മറ്റു ബന്ധങ്ങളും വേണം.

മുഖങ്ങളുടെ വച്ചുമാറ്റങ്ങളിൽ പലരും രാമായണത്തിലെ രാവണനെപ്പോലും അതിശയിപ്പിക്കുന്നു. നിനക്കു വേണ്ടതും നിനക്ക് ഇഷ്ടമായതുമായ മുഖഭാവങ്ങളോടെ ഞാൻ നിന്റെ മുമ്പിൽ പ്രത്യക്ഷപ്പെടുമ്പോൾ മറ്റൊരിടത്ത് ഞാൻ എന്റേതായ തനിമയും ആസുരതകളും ആസക്തികളും മറച്ചുവയ്ക്കാതെ പ്രത്യക്ഷപ്പെടുന്നു.

ചില സിനിമകൾ കണ്ണാടികൾപോലെയാണ്. അവ പ്രേക്ഷകരെ പ്രതിബിംബിപ്പിക്കുന്നു. മുഖം കാണിക്കുന്നു. ചെയ്തികൾ പ്രതിഫലിപ്പിക്കുന്നു. തീർച്ചയായും വികാരവിമലീകരണം നടത്താൻ സഹായകമായ ചില നല്ല സിനിമകളും ഇവിടെയുണ്ടാകുന്നുണ്ട് എന്നു പറയാതെവയ്യ. നെഗറ്റിവിറ്റി മാത്രമല്ല സിനിമയെന്നും പറയണമല്ലോ.

നിഗൂഢമായിരിക്കുന്നതൊന്നും വെളിച്ചത്തുവരാതിരിക്കുന്നില്ല എന്ന തിരുവചനം സത്യത്തിൽ നമ്മെ ഭയപ്പെടുത്തേണ്ടതുണ്ട്. ചില മുഖംമൂടികൾ അഴിഞ്ഞുവീഴേണ്ടത് കാലത്തിന്റെ ആവശ്യം തന്നെയായിരിക്കാം.

നാം നമ്മോടുതന്നെ ചോദിച്ചുനോക്കേണ്ട ചില കാര്യങ്ങളുണ്ട്. ഞാൻ എല്ലായിടത്തും ഒരുപോലെയാണോ? വീട്ടിലെ മുഖമാണോ നാട്ടിൽ? ഭാര്യയുടെ അടുത്തുള്ള മുഖമാണോ സുഹൃത്തിന്റെ അടുക്കൽ? ജോലിസ്ഥലത്തെ മുഖമാണോ കളിസ്ഥലത്ത്? ഇല്ല. നാം മാറിക്കൊണ്ടേയിരിക്കുന്നു. ഒരേസമയം നമുക്കു പല മുഖങ്ങളും ഭാവങ്ങളും. ഇത് നാം കാപട്യക്കാരായതുകൊണ്ടാണോ? അതിന് ഓരോരുത്തരും സ്വയം ഉത്തരം കണ്ടെത്തട്ടെ. ഇരുളിലും പകലിലും ഒരുപോലെ നില്ക്കാൻ കഴിയുന്ന സുതാര്യതയാണ് ദൈവം നമ്മോട് ആവശ്യപ്പെടുന്നതെന്നു മറക്കാതിരിക്കാം.

■

# ദീപിക കർഷകസമൂഹത്തിന്റെ പടവാൾ

## പി.എസ്. ശ്രീധരൻപിള്ള



*ദീപിക ദിനപത്രത്തിന്റെ 135-ാം വാർഷികാഘോഷവും പാലായിലെ പുതിയ സബ് ഓഫീസും അവാർഡുദാനച്ചടങ്ങും പാലാ ടൗൺഹാളിൽ ഗോവ ഗവർണർ പി.എസ്. ശ്രീധരൻപിള്ള ഉദ്ഘാടനം ചെയ്യുന്നു.*

പാലാ: ആദർശത്തെ ബലികഴിക്കാത്ത ദീപിക സമൂഹത്തിന്റെ പടവാളാണെന്ന് ഗോവ ഗവർണർ അഡ്വ. പി.എസ്. ശ്രീധരൻപിള്ള.

ദീപികയുടെ 135-ാം വാർഷികാഘോഷവും പാലായിലെ പുതിയ സബ് ഓഫീസ് ഉദ്ഘാടനവും അവാർഡുസമർപ്പണവും മുനിസിപ്പൽ ടൗൺ ഹാളിൽ ഉദ്ഘാടനം ചെയ്തു പ്രസംഗിക്കുകയായിരുന്നു അദ്ദേഹം.

കർഷകദ്രോഹം എവിടെ കണ്ടാലും ദീപിക അസ്വസ്ഥമാകും. ഇതാണു ദീപികയെ മറ്റു പത്രങ്ങളിൽനിന്നു മാറ്റിനിർത്തുന്നത്. കാർഷികമേഖലയിലെ പ്രശ്നങ്ങൾ ദീപിക സമഗ്രമായി അവതരിപ്പിക്കുകയും കർഷകന് അനുകൂലമാകുന്നതുവരെ അതിനൊപ്പം നിൽക്കുകയും ചെയ്യുമെന്നും ഗവർണർ പറഞ്ഞു.

ചടങ്ങിൽ സഹകരണ സാംസ്കാരികവകുപ്പുമന്ത്രി വി.എൻ. വാസവൻ അധ്യക്ഷത വഹിച്ചു. പത്രമുത്തശ്ശിയായ ദീപിക മാധ്യമലോകത്തെ കുലപതിയാണെന്ന് തന്റെ പ്രസംഗത്തിൽ അദ്ദേഹം ചൂണ്ടിക്കാട്ടി. സാമൂഹികപ്രശ്നങ്ങളിൽ ശക്തമായി ഇടപെടുന്നതിനൊപ്പം ഭാഷയെയും സംസ്കാരത്തെയും വളർത്തുന്നതിലും മാനവികത ഉയർത്തിപ്പിടിക്കുന്നതിലും ദീപിക ശ്രദ്ധാലുവാണ്. കേരളത്തിലെ നവോത്ഥാനനായകരിൽ പ്രമുഖനായ വിശുദ്ധ ചാവറപ്പിതാവിന്റെ ദർശനങ്ങളിലൂന്നിയ പ്രവർത്തനമാണ് ദീപികയുടെ മുഖമുദ്രയെന്നും മന്ത്രി പറഞ്ഞു.

അക്ഷരലോകത്തു വിപ്ലവം സൃഷ്ടിക്കാൻ ദീപികയ്ക്കു സാധിച്ചുവെന്നും മുഖംമൂടിയില്ലാതെ സത്യത്തെ പ്രതിഫലിപ്പിക്കാൻ പത്രത്തിനു സാധിക്കുന്നുവെന്നും അനുഗ്രഹപ്രഭാഷണത്തിൽ പാലാ ബിഷപ് മാർ ജോസഫ് കല്ലറങ്ങാട്ട് പറഞ്ഞു.

അക്ഷരത്തെറ്റുകളല്ല ഒരു പത്രത്തിനു തിരിച്ചടിയാകുന്നത്, അസത്യമാണ്. വ്യാജവാർത്തകളോടാണ് പലർക്കും താത്പര്യം. ദിശാബോധത്തോടെ തത്ത്വാധിഷ്ഠിതമായി സമുദായചിന്തയും വിശാലലോകചിന്തയും ചേർന്ന വാർത്തകൾ നൽകാൻ ദീപികയ്ക്കു സാധിക്കുന്നു. പത്രപ്രവർത്തനസംസ്കാരത്തിന്റെ ജീവനാഡിയാണു ദീപിക.

പത്രം നൽകിയ ദിശാബോധം മതമൈത്രിയുടെ ലോകത്ത് ഒരിക്കലും ചെറുതല്ല. സാമൂഹികതിന്മകൾക്കെതിരേ ദീപിക ശക്തമായ നിലപാടു സ്വീകരിച്ചിട്ടുണ്ട്. ആത്മീയ, ധാർമികമൂല്യങ്ങൾക്കു മുൻഗണന നൽകുന്നതിനാൽ ദീപിക ഒരു മനഃസാക്ഷിരൂപീകരണം നടത്തുന്നുണ്ട്. കലാ-കായിക-കാർഷിക തീരദേശപ്രശ്നങ്ങളുടെയെല്ലാം ഗുണകാംക്ഷിയാണ് ദീപികയെന്നും ബിഷപ് അഭിപ്രായപ്പെട്ടു.

ആന്റോ ആന്റണി എം.പി., മാണി സി. കാപ്പൻ എം.എൽ.എ., മുനിസിപ്പൽ ചെയർമാൻ ആന്റോ ജോസഫ് പടിഞ്ഞാറേക്കര, ബ്രില്യന്റ് സ്റ്റഡി സെന്റർ ഡയറക്ടർ സ്റ്റീഫൻ ജോസഫ് എന്നിവർ പ്രസംഗിച്ചു. ദീപിക എം.ഡി ഫാ. മാത്യു ചന്ദ്രൻകുന്നേൽ സ്വാഗതവും ദീപിക ചീഫ് എഡിറ്റർ ഫാ. ജോർജ് കുടിലിൽ നന്ദിയും പറഞ്ഞു.

സമ്മേളനത്തിൽ വിവിധ മേഖലകളിൽ മികവു തെളിയിച്ചവരെ ഗവർണർ ആദരിച്ചു.

# എസ്.എം.വൈ.എം. യുവജനദിനാഘോഷം



*എസ്എംവൈഎം യുവജനദിനാഘോഷം പാലാ രൂപതാധ്യക്ഷൻ മാർ ജോസഫ് കല്ലറങ്ങാട്ട് ഉദ്ഘാടനം ചെയ്യുന്നു*

പാലാ: യുവത്വത്തിന്റെ ചുറുചുറുക്കിനെ ഏറെ പ്രണയിച്ച വിശുദ്ധ ജോൺ പോൾ രണ്ടാമൻ മാർപാപ്പായുടെ തിരുനാളിനോടനുബന്ധിച്ച് ഒക്ടോബർ 23 ന് എസ്.എം.വൈ.എം സംസ്ഥാനസമിതിയുടെ ആഭിമുഖ്യത്തിൽ യുവജനദിനാഘോഷം സംഘടിപ്പിച്ചു.

പാലാ സെന്റ് തോമസ് കത്തീഡ്രലിൽ നടന്ന യുവജനദിനാഘോഷത്തിൽ എസ്.എം.വൈ.എം സംസ്ഥാന പ്രസിഡന്റ് വിശാഖ് തോമസ് അധ്യക്ഷത വഹിച്ചു. പ്രതിസന്ധികളെ തരണം ചെയ്ത് ഒറ്റക്കെട്ടായി മുന്നേറാൻ യുവജനങ്ങൾ തയ്യാറാകണമെന്ന് രൂപതാധ്യക്ഷൻ മാർ ജോസഫ് കല്ലറങ്ങാട്ട് ഉദ്ഘാടനപ്രസംഗത്തിൽ അഭിപ്രായപ്പെട്ടു. സംസ്ഥാന ജല-വിഭവ വകുപ്പുമന്ത്രി റോഷി അഗസ്റ്റിൻ മുഖ്യപ്രഭാഷണവും, സീറോ മലബാർ സഭ യൂത്ത് കമ്മീഷൻ ചെയർമാനും കോട്ടയം രൂപതയുടെ സഹായമെത്രാനുമായ മാർ ജോസഫ് പണ്ടാരശ്ശേരിൽ അനുഗ്രഹപ്രഭാഷണവും നടത്തി. 13 രൂപതകളിൽനിന്നായി എഴുനൂറോളം യുവജനങ്ങൾ പങ്കെടുത്തു.

ആഘോഷത്തിൽ കെ.സി.വൈ.എം സംസ്ഥാന പ്രസിഡന്റ് ഷിജോ ഇടയാടി, എസ്.എം.വൈ.എം ഗ്ലോബൽ ഡയറക്ടർ ഫാ. ജേക്കബ് ചക്കാത്തറ, സാം സണ്ണി, അമല റേച്ചൽ തുടങ്ങിയവർ സംസാരിച്ചു.

പരമ്പരാഗതകലകളുടെ സംഗമവേദിയായി മാറിയ യുവജനദിനാഘോഷത്തിന് എസ്.എം.വൈ.എം സംസ്ഥാന ഭാരവാഹികളായ അഡ്വ. സ്റ്റെഫി കെ റെജി, ജിബിൻ ജോർജ്, ഗ്രീഷ്മ ജോയൽ, ബ്ലെസൺ തോമസ്, റ്റെസിൻ തോമസ്, അഡ്വ. സാം സണ്ണി, സി. ജിൻസി എം.എസ്.എം.ഐ. പാലാ രൂപത പ്രസിഡന്റ് ജോസഫ് കിണറ്റുകര, ഡയറക്ടർ ഫാ. മാണി കൊഴുപ്പൻകുറ്റി, കത്തീഡ്രൽ വികാരി ഫാ. സെബാസ്റ്റ്യൻ വെട്ടുകല്ലേൽ, രൂപത-മേഖല-യൂണിറ്റ് ഭാരവാഹികൾ എന്നിവർ നേതൃത്വം നൽകി.

# കൂട്ടിക്കലിന്റെ പുനർനിർമിതിയും സമഗ്രപുരോഗതിയും ഉറപ്പാക്കും

## മാർ ജോസഫ് കല്ലറങ്ങാട്ട്

കൂട്ടിക്കൽ: കൂട്ടിക്കലിന്റെ പുനർനിർമിതിയും സമഗ്രപുരോഗതിയും ഉറപ്പാക്കാൻ ആവശ്യമായ വികസനാധിഷ്ഠിതമായ പ്രവർത്തനങ്ങൾക്ക് പാലാ രൂപത നേതൃത്വം നൽകുമെന്ന് ബിഷപ് മാർ ജോസഫ് കല്ലറങ്ങാട്ട്.

പ്രകൃതിക്ഷോഭത്തിൽ വീടും സ്ഥലവും ജീവനോപാധികളും നഷ്ടപ്പെട്ടവർക്ക് സഹായഹസ്തമായി പാലാ രൂപത ആവിഷ്കരിച്ച കൂട്ടിക്കൽ മിഷന്റെ ഭാഗമായി പുതുതായി നിർമാണം പൂർത്തിയാക്കിയ ഒൻപതു വീടുകളുടെ താക്കോൽദാനവും സ്മരണാർഹനായ രാജു സ്കറിയ പൊട്ടൻകുളം ദാനമായി നൽകിയ സ്ഥലത്തു നിർമിക്കപ്പെടുന്ന എട്ടു വീടുകളുടെ ശിലാസ്ഥാപനവും ഒക്ടോബർ ഇരുപതിന് കൂട്ടിക്കൽ ഫൊറോനാപ്പള്ളി പാരീഷ് ഹാളിൽ നിർവഹിച്ചു സംസാരിക്കുകയായിരുന്നു ബിഷപ്.

ഇടവകപ്പള്ളികൾ, കോൺവെന്റുകൾ, സംഘടനകൾ, സ്ഥാപനങ്ങൾ, പ്രവാസികൂട്ടായ്മകൾ അഭ്യുദയകാംക്ഷികൾ തുടങ്ങിയവയുടെ സംഘാതാത്മകമായ സഹായസഹകരണങ്ങളാലാണ് ഭവനനിർമാണപദ്ധതി പുരോഗമിക്കുന്നത്. 29 പുതിയ വീടുകളുടെ നിർമാണവും 54 വീടുകൾക്കു പുനർനിർമാണസഹായവുമടക്കം 83 കുടുംബങ്ങൾക്കു വാസയോഗ്യമായ വീടുകൾ ഉറപ്പുവരുത്തുന്നതാണു പദ്ധതി.

സമ്മേളനത്തിൽ മിഷൻചീഫ് കോർഡിനേറ്റർ കൂടിയായ പാലാ രൂപത സിഞ്ചെല്ലൂസ് മോൺ. ജോസഫ് മലേപറമ്പിൽ അധ്യക്ഷനായിരുന്നു. പഞ്ചായത്ത് പ്രസിഡന്റ് പി.എസ്.സജിമോൻ, ഫൊറോനാവികാരി ഫാ. ജോസഫ് മണ്ണനാൽ, പാലാ സോഷ്യൽ വെൽഫെയർ സൊസൈറ്റി ഡയറക്ടർ ഫാ. തോമസ് കിഴക്കേൽ, ഹോം പാലാ ഡയറക്ടർ ഫാ. കുര്യാക്കോസ് വെള്ളച്ചാലിൽ, വൊസാർഡ് ഡയറക്ടർ ഫാ. ജോസ് ആന്റണി സി.എം.ഐ., ഫാ. സിറിൽ തയ്യിൽ, ഡാന്റീസ് കൂനാനിക്കൽ എന്നിവർ പ്രസംഗിച്ചു.

ഏന്തയാർ ഇടവകയിൽ നിർമിച്ച പുതിയ വീടുകളുടെ ആശീർവാദകർമത്തിൽ അഡ്വ. സെബാസ്റ്റ്യൻ കുളത്തുങ്കൽ എം.എൽ.എ. സന്നിഹിതനായിരുന്നു. കൂട്ടിക്കലിന്റെ പുനർനിർമാണത്തിന് സർക്കാർ സഹായങ്ങൾ ഉറപ്പുവരുത്തുമെന്നും പാലാ രൂപതയുടെ കൂട്ടിക്കൽ മിഷൻപ്രവർത്തനങ്ങൾ ഏറെ മാതൃകാപരമാണെന്നും അദ്ദേഹം പറഞ്ഞു.

# മാർ ജോസഫ് കൊല്ലംപറമ്പിലിന് പാലായിൽ സ്വീകരണം

പാലാ: സീറോ മലബാർ സഭയുടെ മിഷൻ ആഭിമുഖ്യം കാത്തുസൂക്ഷിക്കുന്ന രൂപതയാണ് പാലായെന്നും മാർ ജോസഫ് കൊല്ലംപറമ്പിൽ രൂപതയുടെ അഭിമാനമാണെന്നും ബിഷപ് മാർ ജോസഫ് കല്ലറങ്ങാട്ട്. ഷംഷാബാദ് രൂപതയുടെ സഹായമെത്രാനായി അഭിഷിക്തനായ മാർ ജോസഫ് കൊല്ലംപറമ്പിലിന് പാലാ ബിഷപ്സ് ഹൗസിൽ നൽകിയ സ്വീകരണസമ്മേളനത്തിൽ അധ്യക്ഷതവഹിച്ചു സംസാരിക്കുകയായിരുന്നു അദ്ദേഹം. കേരളത്തിനു പുറത്തുള്ള പ്രദേശങ്ങളിലെ സീറോ മലബാർ രൂപതകളിലെല്ലാംതന്നെ പാലാ രൂപതയുടെ സാന്നിധ്യവും പ്രവർത്തനവും നിർണായകമാണെന്ന് അദ്ദേഹം പറഞ്ഞു.

മാർ ജോസഫ് പള്ളിക്കാപറമ്പിൽ, മാർ ജോസഫ് കൊല്ലംപറമ്പിൽ, പാലാ രൂപത പ്രോട്ടോ സിഞ്ചെല്ലൂസ് മോൺ. ജോസഫ് തടത്തിൽ, രൂപത പാസ്റ്ററൽ കൗൺസിൽ ചെയർമാൻ ഡോ. കെ. കെ. ജോസ് എന്നിവർ പ്രസംഗിച്ചു. വികാരി ജനറാൾമാർ, കൂരിയ അംഗങ്ങൾ, ഫൊറോന വികാരിമാർ, വിവിധ സംഘടനാ ഡയറക്ടർമാർ, പ്രസിഡന്റുമാർ, ഷംഷാബാദ് രൂപതയിലും മിഷൻ പ്രദേശങ്ങളിലും സേവനം ചെയ്യുന്ന വൈദികർ, സന്ന്യാസ സമർപ്പിത സുപ്പീരിയേഴ്സ്, രാഷ്ട്രീയ നേതാക്കൾ, അല്മായപ്രതിനിധികൾ എന്നിവർ ചടങ്ങിൽ പങ്കെടുത്തു.



*ഷംഷാബാദ് രൂപതയുടെ സഹായമെത്രാനായി അഭിഷിക്തനായ മാർ ജോസഫ് കൊല്ലംപറമ്പിലിനെ പാലാ ബിഷപ്സ് ഹൗസിൽ മാർ ജോസഫ് പള്ളിക്കാപറമ്പിൽ പൂച്ചെണ്ടു നൽകി സ്വീകരിക്കുന്നു. മാർ ജോസഫ് കല്ലറങ്ങാട്ട്, ഡോ. കെ.കെ. ജോസ് എന്നിവർ സമീപം*

*താഴെ - സദസ്സിന്റെ മുൻനിര*



നോവൽ 2 ഇഗ്നേഷ്യസ് കലയന്താനി

# മഴനിലാവ്



*കഥാസാരം: ഒരു നിർധന നമ്പൂതിരിക്കുടുംബത്തിലെ അഞ്ചു പെൺമക്കളിൽ മൂത്തവളാണ് ഇന്ദുലേഖ. അവൾക്ക് ദൂരെയുള്ള ഒരു എയ്ഡഡ് സ്കൂളിൽ അധ്യാപികയായി ജോലി കിട്ടി. അച്ഛൻ നാരായണൻനമ്പൂതിരിയോടൊപ്പം ട്രെയിനിൽ ജോലിസ്ഥലത്തേക്കു പോകുന്നതിനിടെ, ഒരു സ്റ്റേഷനിൽ വെള്ളം വാങ്ങിക്കാനിറങ്ങിയ അച്ഛൻ തിരികെ ട്രെയിനിൽ കയറിയില്ല. പരിഭ്രാന്തയായ ഇന്ദുവിനെ എതിർവശത്തിരുന്ന യുവാവ് സമാധാനിപ്പിച്ചു. അയാൾക്കിറങ്ങേണ്ട സ്റ്റേഷനിലായിരുന്നു ഇന്ദുവിനും ഇറങ്ങേണ്ടത്. സുരക്ഷിതമായി താൻ സ്കൂളിലെത്തിക്കാം എന്നു പറഞ്ഞ് അയാൾ ആശ്വസിപ്പിച്ചു.*

*(തുടർന്നു വായിക്കുക)*

ട്രെയിൻ നിറുത്തിയതും അഭിഷേക് ഇറങ്ങി.

തിരിഞ്ഞുനോക്കിയപ്പോൾ പിന്നിൽ ഇന്ദുലേഖ. തെല്ലു ചമ്മലോടെ നിൽക്കുകയാണവൾ.

"പേടി മാറിയോ?" ഒരു പുഞ്ചിരിയോടെ അഭിഷേക് ചോദിച്ചു. ഇന്ദു മിണ്ടിയില്ല.

അവൾ നാലുപാടും നോക്കി. അച്ഛനെ എവിടെയും കാണാനില്ല.

''ഞാൻ കൊണ്ടാക്കണോ സ്കൂളിൽ?"

അഭിഷേക് ആരാഞ്ഞു.

"അച്ഛനെ കണ്ടില്ലല്ലോ."

"അച്ഛനങ്ങെത്തിക്കൊള്ളും. ട്രെയിൻ മിസായെങ്കിൽ ബസിനു വന്നോളും."

ഇന്ദു കരച്ചിലിന്റെ വക്കോളമെത്തിയിരുന്നു.

''ടീച്ചറിനെന്നെ വിശ്വസിക്കാം. എന്റെകൂടെ പോന്നോളൂ. ഞാൻ കൊണ്ടാക്കാം."

അതുപറഞ്ഞിട്ട് അഭിഷേക് നടന്നു. പിന്നാലെ ഇന്ദുവും. അച്ഛൻ പ്ലാറ്റ്ഫോമിലെവിടെയെങ്കിലുമുണ്ടോയെന്ന് അവളുടെ കണ്ണുകൾ പരതുകയായിരുന്നു. കണ്ടില്ല.

സ്റ്റേഷനു പുറത്തിറങ്ങിയിട്ട് അഭിഷേക് ഇന്ദുവിനെ നോക്കി പറഞ്ഞു:

"ഇവിടുന്ന് നാലു കിലോമീറ്ററുണ്ട് സ്കൂളിലേക്ക്. നമുക്കൊരോട്ടോയിൽ പോകാം."

''അങ്ങോട്ടു ബസില്ലേ? എന്നെ ബസിൽ കേറ്റി വിട്ടാൽ മതി."

"എന്റെകൂടെ പോരാൻ പേടിയാണോ?"

"അതുകൊണ്ടല്ല. വെറുതെ ബുദ്ധിമുട്ടിപ്പിക്കണ്ടല്ലോന്നു കരുതിയാ."

"അതു സാരമില്ല."

പിന്നെന്തെങ്കിലും പറയുന്നതിനുമുമ്പേ അഭിഷേക് ഒരു ഓട്ടോ കൈകാട്ടി വിളിച്ചു. ഓട്ടോ വന്നുനിന്നതും അയാൾ പറഞ്ഞു:

"കേറിക്കോ."

മടിച്ചാണെങ്കിലും ഇന്ദു കയറി. പിന്നാലെ അഭിഷേകും.

ഓട്ടോ പായുമ്പോൾ ഇന്ദു ഓർക്കുകയായിരുന്നു. അച്ഛനെന്തുപറ്റി? വല്ല അപകടവും പറ്റിയോ? അതോ വെള്ളം വാങ്ങി വന്നപ്പോഴേക്കും ട്രെയിൻ വിട്ടുപോയോ? അച്ഛൻ വന്നില്ലെങ്കിൽ താനെന്തു ചെയ്യും? താമസസൗകര്യം ശരിയായില്ലെങ്കിൽ ഈ രാത്രി എവിടെ തങ്ങും? ഓർക്കുമ്പോൾ പേടിയാകുന്നു.

കണ്ടിട്ട് അഭിഷേക് മാന്യനാണെന്നു തോന്നുന്നു. എന്നാലും വിശ്വസിക്കാൻ പറ്റില്ല. നന്നായി അഭിനയിക്കുന്ന തെമ്മാടികളുമുണ്ടല്ലോ ധാരാളം.

ഓട്ടോയിൽ അടുത്തിരിക്കുമ്പോൾ അഭിഷേക് ഇന്ദുവിനോട് ഒന്നും ചോദിക്കുകയോ പറയുകയോ ചെയ്തില്ല.

വിദ്യാധരൻ മെമ്മോറിയൽ യു.പി. സ്കൂൾ എന്ന ബോർഡ് കണ്ടപ്പോഴാണ് ഇന്ദുവിന്റെ മനസ്സിലെ തീ അണഞ്ഞത്.

സ്കൂൾഗേറ്റിനരികിൽ ഓട്ടോ നിന്നു. അഭിഷേക് ഇറങ്ങി. പിന്നാലെ ഇന്ദുലേഖയും.

"ദാ... കാണുന്നതാ സ്കൂൾ." അഭിഷേക് കൈചൂണ്ടി.

"അച്ഛൻ ഫോൺ ചെയ്തോ?"

"ഇല്ല."

"പിന്നെ?"

"അതുപിന്നെപ്പറയാം. ടീച്ചറു വിഷമിക്കണ്ട. അച്ഛനിങ്ങെത്തിക്കോളും."



"താങ്ക്സ്." ഇന്ദു പുഞ്ചിരിച്ചു.

അവൾ സ്കൂൾകോമ്പൗണ്ടിലേക്കു നടക്കാനൊരുങ്ങിയപ്പോൾ അഭിഷേക് പറഞ്ഞു:

"ഞാൻ പേരു ചോദിക്കാൻ വിട്ടുപോയി."

"ഇന്ദു. ഇന്ദുലേഖ."

"ഒ.കെ. വിഷ് യു ഓൾ ദ ബെസ്റ്റ്."

അതുപറഞ്ഞിട്ട് അഭിഷേക് ഓട്ടോയിൽ കയറി വന്ന വഴിയേ തിരിച്ചുപോയി.

ഒരു ദീർഘശ്വാസം വിട്ടിട്ട് ഇന്ദു ചുറ്റുംനോക്കി. മനോഹരമായ സ്ഥലം. സ്കൂൾമുറ്റത്ത് കുറെ കുട്ടികൾ ഓടിനടപ്പുണ്ട്. ഒരു കുട്ടിയോട് ഹെഡ്മാസ്റ്ററുടെ റൂം തിരക്കിയിട്ട് നേരേ അങ്ങോട്ടു നടന്നു.

ഇന്ദു കയറിച്ചെല്ലുമ്പോൾ ഹെഡ്മിസ്ട്രസ് സുജാത സീറ്റിലുണ്ടായിരുന്നു. ഇന്ദുവിനെ കണ്ടതും അവർ ഹൃദ്യമായി ചിരിച്ചു.

"ഇന്ദുലേഖ. അല്ലേ?"

"അതേ."

"ഇരിക്ക്."

അഭിമുഖമായി സീറ്റിലിരുന്നിട്ട് അവൾ ബാഗുതുറന്ന് നിയമന ഉത്തരവ് എടുത്തു നീട്ടി.

"അച്ഛന് ട്രെയിൻ മിസായി അല്ലേ?"

ഹെഡ്മിസ്ട്രസിന്റെ ചോദ്യം കേട്ട് ഇന്ദു അതിശയത്തോടെ നോക്കി.

"ഞാനെങ്ങനെ അറിഞ്ഞെന്നാവും?"

ഇന്ദു തെല്ല് ആശ്വാസത്തോടെ നോക്കിയിരിക്കുമ്പോൾ ഹെഡ്മിസ്ട്രസ് ചോദിച്ചു:

"മുമ്പ് എവിടെയെങ്കിലും പഠിപ്പിച്ചിട്ടുണ്ടോ?"

"ഒരു അൺ എയ്ഡഡ് സ്കൂളിൽ പഠിപ്പിച്ചുകൊണ്ടിരിക്ക്വായിരുന്നു. അപ്പഴാ ഈ ജോലി കിട്ടിയത്."

"ഇവിടെ താമസസൗകര്യം?"

''ഒന്നും അന്വേഷിച്ചില്ല. അച്ഛൻ വന്നിട്ട് നോക്കാമെന്നു വിചാരിക്ക്വാ."

''എന്തായാലും ടീച്ചേഴ്സ് റൂമിൽ പോയി ടീച്ചേഴ്സിനെയൊക്കെ ഒന്നു പരിചയപെടാം. അപ്പോഴേക്കും അച്ഛനിങ്ങെത്തും."

സുജാതറ്റീച്ചർ ഇന്ദുവിനെയുംകൂട്ടി സ്റ്റാഫ് റൂമിലേക്കു നടന്നു. രണ്ട് അധ്യാപികമാർമാത്രമേ അപ്പോൾ അവിടെ ഉണ്ടായിരുന്നുള്ളൂ. മറ്റുള്ളവർ ക്ലാസ് റൂമിലായിരുന്നു.

ഇന്ദുവിനെ ഹെഡ്മിസ്ട്രസ് അവർക്കു പരിചയപ്പെടുത്തി. അവർ ഇന്ദുവിനോട് പേരും വീടും നാടുമൊക്കെ ചോദിച്ചു.

"റ്റീച്ചറിവിടെ സംസാരിച്ചിരിക്ക്. അപ്പോഴേക്കും അച്ഛനിങ്ങെത്തും."

ഇന്ദുവിനെ സ്റ്റാഫ് റൂമിലിരുത്തിയിട്ട് ഹെഡ്മിസ്ട്രസ് അവരുടെ റൂമിലേക്കു തിരിച്ചുപോയി.

അവർ സംസാരിച്ചുകൊണ്ടിരിക്കുമ്പോൾ ഇന്ദുവിന്റെ മൊബൈൽ ശബ്ദിച്ചു. എടുത്തുനോക്കിയപ്പോൾ വീട്ടിൽനിന്നാണ്. അച്ഛന് ട്രെയിൻ മിസായി എന്ന സത്യം തൽക്കാലം പറയേണ്ടെന്നു വിചാരിച്ചാണ് അവൾ ഫോൺ കാതോടു ചേർത്തത്. സീതാലക്ഷ്മിയായിരുന്നു അങ്ങേത്തലയ്ക്കൽ.

''ചേച്ചി സ്കൂളിൽ എത്തിയോ?"

''എത്തി മോളേ. ജോയിൻ ചെയ്തു."

"അച്ഛൻ കൂടെയുണ്ടോ?"

ആ ചോദ്യത്തിൽ പന്തികേടു തോന്നിയപ്പോൾ ഇന്ദു ചോദിച്ചു.

''എന്താ അങ്ങനെ ചോദിച്ചേ?"

"അച്ഛന് ട്രെയിൻ മിസായി അല്ലേ?"

"അച്ഛൻ വീട്ടിലെത്തിയോ?"

"ഇല്ല. ആശുപത്രീലാ. വെള്ളമെടുക്കാൻ പോയപ്പം അച്ഛൻ പ്ലാറ്റ്ഫോമിൽ തലകറങ്ങി വീണു ചേച്ചി. ആരോ ആശുപത്രീലാക്കി. ആശുപത്രിക്കാര് വീട്ടിലേക്കു വിളിച്ചു. പേടിക്കാനൊന്നുമില്ലെന്നാ പറഞ്ഞേ. ഞാനിപ്പം ആശുപത്രീലേക്കു പോകാൻ തുടങ്ങ്വാ.'' ഒറ്റശ്വാസത്തിൽ അവൾ പറഞ്ഞു.

റ്റീച്ചേഴ്സിനോടു കാര്യം പറഞ്ഞിട്ട് സ്റ്റാഫ് റൂമിൽനിന്നെണീറ്റ് ഇന്ദു ഹെഡ്മിസ്ട്രസിന്റെ റൂമിലേക്കു ചെന്നു. സംഭവം കേട്ടപ്പോൾ ഹെഡ്മിസ്ട്രസിനും സങ്കടമായി.

"താമസിക്കാൻ ഒരു സ്ഥലമില്ലാത്തതാ പ്രശ്നം." ഇന്ദു പ്രതീക്ഷയോടെ ഹെഡ്മിസ്ട്രസിനെ നോക്കി.

"ഇവിടടുത്ത് കുറെ ജോലിക്കാര് ഒരു വീട് വാടകയ്ക്കെടുത്തു താമസിക്കുന്നുണ്ട്. ഈ സ്കൂളിലെ ടീച്ചേഴ്സുമുണ്ട്. ഇന്ദുവിന് അവിടെ കൂടാം."

"ഉം." ഇന്ദു തലയാട്ടി.

"ങ്ഹാ പിന്നെ, മാനേജരെ പോയി ഒന്നു കണ്ടിട്ടുപോരെ. ഇവിടടുത്താ വീട്. പ്യൂണിനെ കൂട്ടി വിടാം.'

"ഉം."

ബാഗ് ഹെഡ്മിസ്ട്രസിന്റെ മുറിയിൽ വച്ചിട്ട് അവൾ പ്യൂൺ അനിലിനൊപ്പം വെളിയിലേക്കിറങ്ങി.

മാനേജർ ആനന്ദൻസാറിനെ അവൾ നേരത്തേ കണ്ടിട്ടുണ്ട്. ഇന്റർവ്യൂ ചെയ്യാൻ അയാളും ഉണ്ടായിരുന്നു.

"മാനേജർ സാറിനെ റ്റീച്ചർ നേരത്തേ കണ്ടിട്ടുണ്ടോ?" നടക്കുന്നവഴി അനിൽ ചോദിച്ചു.

''ഇന്റർവ്യൂവിനു വന്നപ്പം കണ്ടിരുന്നു."

"ആളു ചൂടനാ. ഇഷ്ടപ്പെടാത്തതെങ്കിലും പറയുകയോ പ്രവർത്തിക്കുകയോ ചെയ്താൽ മുഖത്തുനോക്കി ചീത്തവിളിക്കും. സ്കൂളിലെല്ലാവർക്കും പേടിയാ. റ്റീച്ചറു നോക്കീം കണ്ടും നിന്നോണം."

അതുകേട്ടപ്പോൾ അവൾക്ക് ആധിയായി.

വീടു ചൂണ്ടിക്കാണിച്ചിട്ട് അനിൽ തിരിച്ചുപോയി.

പിടയുന്ന ഹൃദയത്തോടെ ഇന്ദു ഗേറ്റ് കടന്നു മുറ്റത്തേക്കു പ്രവേശിച്ചു. മനോഹരമായ വലിയ ബംഗ്ലാവ്. പുറത്താരെയും കണ്ടില്ല. കോളിങ്ബെല്ലിൽ വിരലമർത്തിയിട്ട് കാത്തുനിന്നു. തെല്ലു കഴിഞ്ഞപ്പോൾ പൂമുഖവാതിൽ തുറക്കപ്പെട്ടു.

മുമ്പിൽ പ്രത്യക്ഷപ്പെട്ട ആളെ കണ്ടതും ഇന്ദു അതിശയത്തോടെ നോക്കിനിന്നുപോയി.

(തുടരും)

# ബ്രിട്ടനിൽ ഋഷി സുനക്

(ഒന്നാം പേജ് തുടർച്ച)

രണ്ടാം ലോകമഹായുദ്ധത്തിനുശേഷമുള്ള ഏറ്റവും വലിയ പ്രതിസന്ധികളിലൂടെയാണ് തന്റെ രാജ്യം കടന്നുപോകുന്നതെന്നു വ്യക്തമാക്കിയ പ്രധാനമന്ത്രി, സുസ്ഥിരതയും ഐക്യവുമുള്ള ഒരു ജനതയായി മാറാൻ ബ്രിട്ടീഷുകാരെ ആഹ്വാനം ചെയ്തു. "ഒന്നിച്ചു നില്ക്കുക അല്ലെങ്കിൽ മരിക്കുക" എന്നാണ് നേതൃസ്ഥാനത്തേക്കു തന്നെ നിയോഗിച്ച പാർട്ടിയംഗങ്ങളോട് അദ്ദേഹം ആവശ്യപ്പെട്ടത്. 1942 ലെ "ക്വിറ്റ് ഇന്ത്യാ" സമരകാലത്തെ മഹാത്മജിയുടെ, "പ്രവർത്തിക്കുക, അല്ലെങ്കിൽ മരിക്കുക" എന്ന ആഹ്വാനത്തിനു സമാനമാണ് ഋഷിയുടെ പ്രഖ്യാപനവും. യു.എസും ഇതര യൂറോപ്യൻരാജ്യങ്ങളും കൊവിഡു സൃഷ്ടിച്ച പ്രതിസന്ധികളിൽ പകച്ചുനില്ക്കുമ്പോൾ തളരാതെയും തകർന്നുപോകാതെയും തന്റെ രാജ്യത്തെ മുൻപോട്ടു നയിക്കാൻ ധനകാര്യവിദഗ്ധൻ കൂടിയായ ഋഷി സുനകിനു കഴിയുമെന്നുതന്നെയാണ് രാഷ്ട്രീയനിരീക്ഷകരുടെ വിലയിരുത്തൽ. ബക്കിങ്ഹാം കൊട്ടാരത്തിൽ ചാൾസ് മൂന്നാമൻ രാജാവിനെ മുഖംകാണിച്ച് ഒക്ടോബർ 25-ാം തീയതി ബ്രിട്ടന്റെ 57ാമത്തെ പ്രധാനമന്ത്രിയായി നിയമിക്കപ്പെട്ട ഋഷി സുനകിനെ ബ്രിട്ടീഷ് ജനതയും ലോകമൊന്നാകെയും പ്രതീക്ഷയോടെയാണ് ഉറ്റുനോക്കുന്നത്. പതിറ്റാണ്ടുകൾക്കുമുമ്പ് ലോകത്ത് ഏറ്റവും ശക്തമായിരുന്ന ഗ്രേറ്റ് ബ്രിട്ടന്റെ ഭരണയന്ത്രം തിരിക്കാൻ നമ്മുടെ രാജ്യത്ത് വേരുകളുള്ള ഒരാൾതന്നെ നിയോഗിക്കപ്പെടുന്നതിൽ നമുക്കും അഭിമാനിക്കാം.



### ലിസ് ട്രസിന്റെ പടിയിറക്കം

ഇക്കഴിഞ്ഞ മാസം ആറാം തീയതി ബ്രിട്ടന്റെ പ്രധാനമന്ത്രിയായി ചുമതലയേറ്റ 47 കാരിയായ ലിസ് ട്രസ് ഒന്നര മാസം പോലും തികച്ച് അധികാരത്തിലിരിക്കാൻ കഴിഞ്ഞില്ല. ഏറ്റവും കുറഞ്ഞ കാലം ബ്രിട്ടീഷ് പ്രധാനമന്ത്രിയായിരുന്ന വ്യക്തിയെന്ന നിലയിൽ അവർ ചരിത്രത്തിൽ ഇടംനേടി. 1827 ഏപ്രിൽ 10-ാം തീയതി മുതൽ ആ വർഷം ഓഗസ്റ്റ് 8-ാം തീയതി വരെ 119 ദിവസം മാത്രം അധികാരത്തിലിരുന്ന ജോർജ് കാനിംഗിന്റെ റിക്കാർഡാണ് ലിസ് ട്രസ് മറികടന്നത്. അധികാരത്തിലിരിക്കെത്തന്നെ 57-ാം വയസിൽ ന്യൂമോണിയ പിടിപെട്ട് കാനിംഗ് അന്തരിക്കുകയായിരുന്നു.

ബ്രെക്സിറ്റും കൊവിഡ് 19-ഉം വരുത്തിവച്ച സാമ്പത്തികപ്രതിസന്ധി പരിഹരിക്കാനാകാതെയാണ് 10 ഡൗണിംഗ് സ്ട്രീറ്റിലെ പ്രധാനമന്ത്രിയുടെ ഔദ്യോഗികവസതിയിൽനിന്നു ലിസ് പടിയിറങ്ങിയത്. പരിഷ്കരിച്ച നികുതിനയങ്ങൾ രാജ്യത്തെ രക്ഷപ്പെടുത്തുമെന്ന അമിതവിശ്വാസമാണ് താളംതെറ്റിയത്. ധനമന്ത്രിയായിരുന്ന ക്വാസി ക്വാർട്ടെംഗ് അവതരിപ്പിച്ച മിനി ബജറ്റ് വിപണിയിലുണ്ടാക്കിയ പ്രശ്നങ്ങളാണ് പ്രതിസന്ധി വഷളാക്കിയത്. നികുതിയിളവുകൾ ഉൾപ്പെടെ ക്വാർട്ടെംഗിന്റെ മിനി ബജറ്റിൽ മുമ്പോട്ടുവച്ച നിർദ്ദേശങ്ങളെല്ലാം അശാസ്ത്രീയങ്ങളാണെന്നുള്ളതായിരുന്നു പ്രധാന വിമർശനം. ഭരണകക്ഷിയായ കൺസർവേറ്റീവ് പാർട്ടിയിലെ അംഗങ്ങൾപോലും പ്രധാനമന്ത്രിക്കെതിരേ തിരിഞ്ഞു. ധനമന്ത്രിയെ പുറത്താക്കി മുഖം രക്ഷിക്കാനുള്ള നീക്കങ്ങളും വിജയംകണ്ടില്ല. ക്വാർട്ടെംഗിന്റെ രാജിക്കുശേഷം രഹസ്യവിവരങ്ങൾ സ്വകാര്യചാനലുകൾക്കു നല്കിയെന്ന കുറ്റം ആരോപിക്കപ്പെട്ട ആഭ്യന്തരമന്ത്രി സുവെല്ലാ ബ്രേവർമാനും രാജിവച്ചതോടെ ലിസിന് അവസാനപിടിവള്ളിയും നഷ്ടമാവുകയായിരുന്നു. ജനങ്ങൾക്കു നല്കിയ തിരഞ്ഞെടുപ്പുവാഗ്ദാനങ്ങൾ പ്രധാനമന്ത്രി ലംഘിക്കുന്നുവെന്നഭിപ്രായപ്പെട്ട സുവെല്ലയുടെ രാജി പ്രധാനമന്ത്രി ആവശ്യപ്പെടുകയായിരുന്നു. സുവെല്ലയ്ക്കൊപ്പം 40 ഓളം എം.പി.മാരും പ്രധാനമന്ത്രിയിൽ അവിശ്വാസം രേഖപ്പെടുത്തിയതോടെ രാജിയല്ലാതെ മറ്റൊരു മാർഗവുമില്ലാതായി.

താൻ പ്രധാനമന്ത്രിസ്ഥാനം ഏല്ക്കുമ്പോൾ രാജ്യത്തെ സാമ്പത്തികനില ഭദ്രമായിരുന്നില്ലെന്നും നികുതിയിളവുകൾ പ്രഖ്യാപിച്ചത് ജനങ്ങളെ സഹായിക്കാനാണെന്നുമായിരുന്നു ട്രസിന്റെ ന്യായവാദം. പിന്നോട്ടു നയിക്കുന്ന സമ്പദ് വ്യവസ്ഥയെ പുനരുദ്ധരിക്കാനും രാജ്യത്തെ വളർച്ചയിലേക്കു നയിക്കാനുമാണ് താൻ ലക്ഷ്യമിട്ടിരുന്നതെന്നും സ്ഥാനമൊഴിയും മുമ്പ് നടത്തിയ വിടവാങ്ങൽ പ്രസംഗത്തിൽ അവർ പറഞ്ഞു. ജനങ്ങളോടും തന്നെ പ്രധാനമന്ത്രിപദത്തിലേക്കുയർത്തിയ കൺസർവേറ്റീവ് പാർട്ടിയോടുമുള്ള ഉത്തരവാദിത്വങ്ങളും പൂർണമായും നിറവേറ്റാൻ കഴിയാതെവന്നതുകൊണ്ടാണ് രാജിവയ്ക്കുന്നതെന്ന് അവർ വ്യക്തമാക്കുകയും ചെയ്തു. പാർട്ടിയുടെ നേതൃസ്ഥാനത്തിനുവേണ്ടിയുള്ള രണ്ടു മാസം നീണ്ടുനിന്ന കടുത്ത മത്സരങ്ങൾക്കൊടുവിൽ 1,72,000 പാർട്ടിയംഗങ്ങളുടെ വോട്ടുകൾ നേടിയായിരുന്നു ലിസിന്റെ വിജയം. ഈ വർഷം ജൂലൈ/ഓഗസ്റ്റ് മാസങ്ങളിൽ നടന്ന വാശിയേറിയ മത്സരത്തിൽ 57 ശതമാനം വോട്ടും ലിസിന്റെ പേരിൽ കുറിക്കപ്പെട്ടു നേതൃസ്ഥാനത്തിനുവേണ്ടിയുള്ള പോരാട്ടത്തിൽ ഇന്ത്യൻ വംശജനായ ഋഷി സുനകായിരുന്നു മുഖ്യ എതിരാളി. നികുതിയിളവുകൾ അനുവദിക്കുന്നത് രാജ്യത്തെ സമ്പദ്ഘടനയെ തകർക്കുമെന്ന് ഋഷി സുനക് മുന്നറിയിപ്പു നൽകിയിരുന്നു. മിനി ബജറ്റിൽ പ്രഖ്യാപിച്ച 45 കോടി പൗണ്ടിന്റെ നികുതിയിളവുകൾ മൂലം ഖജനാവിനുണ്ടാകുന്നനഷ്ടം എങ്ങനെ നികത്തുമെന്ന് വ്യക്തമാക്കാനുള്ള ഒരു പരാമർശവും ബജറ്റിലില്ലായിരുന്നു. വൻതോതിൽ നികുതി വെട്ടിക്കുറച്ച പ്രഖ്യാപനം പൗണ്ടിന്റെ മൂല്യത്തകർച്ചയിലേക്കാണു വഴിതെളിച്ചത്. ചരിത്രത്തിലാദ്യമായി പൗണ്ടിന്റെ മൂല്യം ഡോളറിലും താഴെയായി. അരനൂറ്റാണ്ടിനിടയിലെ ഏറ്റവും വലിയ വിലക്കയറ്റത്തിലൂടെ കടന്നുപോകുന്ന രാജ്യത്തിന് പൗണ്ടിന്റെ വിലയിടിവ് ഇരുട്ടടിയായി. കുതിച്ചുയരുന്ന വൈദ്യുതിനിരക്കു നിയന്ത്രിക്കാൻ തയ്യാറാക്കിയ ഊർജ്ജാവശ്യചെലവുചുരുക്കൽ പദ്ധതിയും തുടക്കത്തിലേ പാളി.

ധനമന്ത്രിയായിരുന്ന ക്വാസി ക്വാർട്ടെംഗിന്റെ മിനി ബജറ്റിലെ പരിഷ്കാരങ്ങൾ വേണ്ടത്ര ആലോചനയില്ലാതെയും തിടുക്കത്തിലും നടപ്പിലാക്കിയതിനാൽ പിൻവലിക്കുകയാണെന്ന ലിസ് ട്രസിന്റെ പ്രഖ്യാപനം അവരുടെ പ്രതിച്ഛായയ്ക്കു മങ്ങലേല്പിച്ചു. മന്ത്രിസഭ അധികാരത്തിലെത്തിയതിന്റെ 38-ാം ദിവസമായിരുന്നു ക്വാർട്ടെംഗിനെ മന്ത്രിസഭയിൽ നിന്നു പുറത്താക്കിയത്. പരിചയസമ്പന്നനായ ജെറമി ഹണ്ട് പകരക്കാനായി നിയമിക്കപ്പെട്ടെങ്കിലും പ്രതിസന്ധികൾ പരിഹരിക്കപ്പെടാതെ വന്നതോടെ പ്രധാനമന്ത്രി രാജിവയ്ക്കണമെന്നും പുതിയ നേതൃത്വം തിരഞ്ഞെടുക്കപ്പെടട്ടേയെന്നുമുള്ള മുറവിളി ഉയർന്നു. ■

---

## ഈശോ

FROM THE BIBLE 31



ഫാ. തോമസ് പാട്ടത്തിൽചിറ CMF

# വിലങ്ങ്



വിമോചകന്റെ വിശുദ്ധപാണികളിൽ വിലങ്ങുവീണ ഒരു രാത്രി. അന്ധത നീക്കാൻ വന്നവനെ അന്ധകാരത്തിലിട്ടുതന്നെ അവർ ബന്ധിച്ചു. കാഴ്ച കൊടുത്ത, കാതുകൾ തുറന്ന, കാലുകൾ കഴുകിയ, മൃതരെ ഉയിർപ്പിച്ച കരങ്ങളിൽ കയർക്കുരുക്കു മുറുകിയ നിമിഷങ്ങൾ. അവൻ ബന്ധിതനായത് നാം മോചിതരാകാനാണ്. കൈയാമത്തിനായി അവൻ കരങ്ങൾ നീട്ടിക്കൊടുത്തത് നമ്മുടേത് അഴിയപ്പെടാനാണ്. കുറ്റമറ്റവനായിരുന്നിട്ടും കുറ്റവാളിയെപ്പോലെ അവൻ കെട്ടപ്പെട്ടത് പൈശാചികമായ പല കെട്ടുകളിൽനിന്നും നാം വിമുക്തരാകാനാണ്. അവന്റെ കണങ്കൈകളിൽ കെട്ടുകൾ മുറുകിയത് നമ്മുടെ ചില കെട്ടുകൾ അഴിയാൻ വേണ്ടിയായിരുന്നു. അവനണിഞ്ഞ ബാഹ്യവിലങ്ങ് നമ്മുടെ ആത്മീയവിടുതലിനുവേണ്ടിയായിരുന്നു. കൂട്ടിക്കെട്ടപ്പെട്ട കരാംഗുലികൾ കൊണ്ട് അവൻ നമ്മെ മുറുകെപ്പിടിച്ചിട്ടുണ്ടായിരുന്നു. തന്നെ കയർകൊണ്ടു വരിഞ്ഞുമുറുക്കിയവരോട് അവൻ കയർക്കുകയോ, ആക്രോശിക്കുകയോ ചെയ്തില്ല. മറിച്ച്, ശാന്തനായി നിന്നുകൊടുത്തു. അവരുടെ ഇംഗിതത്തിന് അവൻ വഴങ്ങിക്കൊടുത്തപ്പോൾ തന്റെ പിതൃഹിതത്തോടു ചേർന്നുനില്ക്കുകയായിരുന്നു.

നമ്മുടെ ജീവിതസാഹചര്യങ്ങളിൽ കൂടെയുള്ളവരുടെ ഉന്നമനത്തിനുവേണ്ടി അല്പം ഒതുങ്ങിക്കൊടുക്കാൻ മെനക്കെടാറുണ്ടോ? നാം സ്നേഹിക്കുന്നവർക്കും നമ്മെ സ്നേഹിക്കുന്നവർക്കുംവേണ്ടി ചില ഞെരുക്കങ്ങൾ ഏറ്റുവാങ്ങാൻ തയ്യാറുണ്ടോ? നമ്മുടെ സഹനങ്ങളെക്കാൾ പ്രാധാന്യം മറ്റുള്ളവരുടേതിനു കൊടുക്കാൻ സാധിക്കുന്നുണ്ടോ? ഉണ്ടെങ്കിൽ, നാം വിലങ്ങുവയ്ക്കപ്പെട്ട നമ്മുടെ രക്ഷകന്റെ വഴിയിലാണ്. ഇല്ലെങ്കിൽ, അതിലേക്കു വരാൻ ഇനിയും വൈകിയിട്ടില്ല എന്നറിയുക. അതിനുള്ള വരങ്ങൾ ഇരന്നുവാങ്ങാനുള്ളതാണ് വലിയ നോമ്പിന്റെ നാളുകൾ. ജീവിതത്തിൽ ചില ബന്ധനങ്ങളുടെ ഭാരപ്പെടുത്തുന്ന അനുഭവങ്ങൾ നമുക്കും ഉണ്ടായിട്ടുണ്ടാവാം. മേലിലും ഉണ്ടാവാം. അപ്പോഴൊന്നും മനമിടറേണ്ടാ. നമുക്കു മുമ്പേ ബന്ധിക്കപ്പെട്ടവനെ ഓർക്കുക. ഒപ്പം, ആർക്കും ബന്ധനത്തിന്റെ അനുഭവം നല്കാതിരിക്കുക. കുടുംബത്തിന്റെ സുസ്ഥിരതയ്ക്ക്, സഹോദരങ്ങളുടെ സ്വരുമയ്ക്ക് , കുടുംബാംഗങ്ങളുടെ സ്വൈരജീവിതത്തിന്, വിശ്വാസവളർച്ചയ്ക്ക്, മക്കളുടെ വിദ്യാഭ്യാസത്തിന്, മാതാപിതാക്കളുടെ മനസ്സമാധാനത്തിന്, അയല്ക്കാരുടെ സന്തോഷത്തിന് നാം വിലങ്ങാതിരിക്കാം. ദൈവികപദ്ധതികളുടെ സാക്ഷാത്കാരത്തിനും, സ്വർഗരാജ്യത്തിന്റെ സംസ്ഥാപനത്തിനും, വചനത്തിന്റെ വിതയ്ക്കും വിളവെടുപ്പിനുമൊന്നും വിഘ്നമാകാതിരിക്കാം. ക്രിസ്ത്യാനികളായ നമ്മുടെ കർമങ്ങളും മൊഴികളും മറ്റുള്ളവരെ മോചിപ്പിക്കുന്നവയാകട്ടെ. താഴല്ല, താക്കോലാകാനുള്ളതാണ് നമ്മുടെ നിയോഗം. ■

# ഒളിമങ്ങാത്ത ഒറ്റയാൾപോരാട്ടം

## മുൻമുഖ്യമന്ത്രി വി. എസ്. അച്യുതാനന്ദൻ നൂറിന്റെ നിറവിൽ



എം. പ്രേംകുമാർ

‘കാലം സാക്ഷി ചരിത്രം സാക്ഷി’ – ഈ മുദ്രാവാക്യത്തെ അന്വർത്ഥമാക്കുന്ന ജീവിതമാണു വേലിക്കകത്ത് ശങ്കരൻ അച്യുതാനന്ദനെന്ന വിഎസിന്റേത്. കമ്മ്യൂണിസ്റ്റുപാർട്ടിയുടെ ഉൾപ്പാർട്ടി രാഷ്ട്രീയത്തിൽ മാത്രമല്ല ദേശീയരാഷ്ട്രീയത്തിലും ഇണങ്ങിയും പിണങ്ങിയും കലഹിച്ചും മുന്നോട്ടുപോയ ഉന്നതശീർഷനായ വിഎസ് നൂറാം വയസ്സിലേക്ക്. ജനകീയസമരങ്ങളുടെയും അവകാശപ്പോരാട്ടങ്ങളുടെയും ആൾരൂപമാണ് വിഎസ്. ആ ആദർശശുദ്ധിയാണ് ഈ കാലഘട്ടത്തിൽ ഏറ്റവും ആദരിക്കപ്പെടുന്നത്.

ഏറ്റെടുത്ത ജനകീയസമരങ്ങളും പോരാട്ടങ്ങളും വഴിയിലുപേക്ഷിക്കാതെ മുന്നോട്ടുകൊണ്ടുപോയ നേതാവെന്ന ഖ്യാതി ഒരുപക്ഷേ, വിഎസിനു മാത്രം അവകാശപ്പെട്ടതാണ്. ബാല്യകാലംമുതൽ പ്രയാസങ്ങളും അവശതകളും അദ്ദേഹത്തിന്റെ കൂടപ്പിറപ്പുകളായിരുന്നു. മാതാപിതാക്കളെ ചെറുപ്പത്തിലേ നഷ്ടപ്പെട്ടു. ആലപ്പുഴയിൽ കർഷകത്തൊഴിലാളികളെ സംഘടിപ്പിച്ചും അവർക്കുവേണ്ടി സമരം ചെയ്തും ജയിൽവാസം അനുഭവിച്ചും വിഎസ് മെല്ലെ തൊഴിലാളികളുടെ നേതാവായി വളർന്നു. കാർക്കശ്യവും ആരെയും കൂസാക്കാതെയുള്ള പെരുമാറ്റശൈലിയും അദ്ദേഹത്തെ തികഞ്ഞ കമ്മ്യൂണിസ്റ്റാക്കി. സജീവരാഷ്ട്രീയത്തിൽനിന്ന് ആരോഗ്യാവശതകൾ കാരണം വിശ്രമജീവിതത്തിലേക്കു മടങ്ങുമ്പോഴും അദ്ദേഹം സ്വന്തം നിലപാടുകളിൽ വെള്ളം ചേർക്കാൻ തയ്യാറായില്ല. രാഷ്ട്രീയമായി കൂടെനിന്നവരിൽ ബഹുഭൂരിപക്ഷവും കണ്ണടച്ചു വിമർശിച്ചപ്പോഴും ക്യാപ്പിറ്റൽ പണിഷ്മെന്റ് വരെ നൽകണമെന്നു പറഞ്ഞപ്പോഴും വിഎസ് ചിരിച്ചു. പക്ഷേ, മറുപടിക്ക് അവസരം കിട്ടിയപ്പോഴെല്ലാം കണക്കിനു പ്രഹരിക്കാനും അദ്ദേഹം മടി കാണിച്ചില്ല. പാർട്ടിപ്രവർത്തകർക്കിടയിലും സമൂഹത്തിലും വിഎസിനെ ജനകീയനാക്കിയത് അദ്ദേഹത്തിന്റെ ഈ നിലപാടാണ്. വെള്ള ജുബ്ബയും തറയിൽ ഇഴയുന്നതുവരെയുള്ള വെള്ളമുണ്ടും വിഎസ് ഇന്നും മാറ്റിയിട്ടില്ല. നവകേരളത്തിനായി ഇന്നത്തെ സിപിഎം സർവത്ര മാറിയിട്ടും മാറ്റമില്ലാത്ത ഒന്നേ അവശേഷിക്കുന്നുള്ളൂ, അത് വിഎസ് എന്ന കനലെരിയുന്ന രണ്ടക്ഷരം മാത്രമാണ്.

**വിഎസും ഒത്തുതീർപ്പില്ലാത്ത സമരവും**

അദ്ദേഹത്തെ രാഷ്ട്രീയമായും അല്ലാതെയും എതിർക്കുന്നവർപോലും ഒളിഞ്ഞും തെളിഞ്ഞും പറയാറുണ്ട് വിഎസ് എന്ന വാക്ക് സമരമാണ് എന്ന്. കൊടിയ പീഡനങ്ങൾ സഹിച്ചു ദിവാൻ സി.പി. രാമസ്വാമി അയ്യർക്കെതിരേ നടന്ന പുന്നപ്ര – വയലാർ സമരത്തിലൂടെയാണ് അച്യുതാനന്ദൻ സമരഭൂമിയിൽ ആളിക്കത്തുന്നത്. 2000 ത്തിന്റെ തുടക്കത്തിലും ഒടുക്കത്തിലും വിഎസ് പ്രതിപക്ഷനേതാവായിരുന്നപ്പോൾ രാഷ്ട്രീയകേരളം ആ സമരനേതൃത്വത്തിന്റെ ചൂട് നന്നായി അറിഞ്ഞതാണ്. മലകളും കുന്നുകളും വിഎസിനു സമരവേദിയായി. കടൽത്തീരവും കായലോരവും കൈയേറിയവർ ഭരണകൂടത്തിന്റെ കനിവിനായി ഓടിനടന്നു. കൈയേറ്റങ്ങൾ ഒഴിപ്പിക്കാൻ വിഎസ് മുൻനിരയിൽ നിന്നപ്പോൾ കേരളം പുതിയൊരു വിപ്ലവകാരിയായ ഭരണത്തലവനെ സ്വപ്നം കണ്ടു. സിപിഎമ്മിലെ ഒരു വിഭാഗത്തിനു തീർത്തും അനഭിമതനായി മാറിയ വിഎസിനെ സ്ഥാനാർത്ഥിയാക്കാൻ 2005 ൽ പാർട്ടി സംസ്ഥാനനേതൃത്വം തയ്യാറായില്ല. എങ്ങും വിഎസ് അനുകൂലപ്രകടനങ്ങളും പ്രതിഷേധങ്ങളും ഉണ്ടായി. ഒടുവിൽ വിഎസ് സ്ഥാനാർത്ഥിയായി. കേരളത്തിന്റെ മുഖ്യമന്ത്രിയായി.

സമരം വിഎസ് അവസാനിപ്പിച്ചില്ല. ഭരണത്തിന്റെ ആദ്യനാളുകളിൽത്തന്നെ മൂന്നാർ ഓപ്പറേഷൻ തുടങ്ങി. മണിമാളികകളുടെ നെഞ്ചത്ത് വിഎസിന്റെ ബുൾഡോസർ കയറിയിറങ്ങി. കൈയേറ്റക്കാർ ഓടിമറഞ്ഞു. കോടതിയും സർക്കാരിനൊപ്പമായി. പക്ഷേ, ഇടുക്കിയിലെ സിപിഎമ്മിലെ മേലാളന്മാർ വിഎസിനെതിരേ കലിതുള്ളി. പിന്നീടു സിപിഎമ്മിന്റെ നിർദേശപ്രകാരം വിഎസിനു തന്റെ മൂന്നാർദൗത്യം മനസ്സില്ലാമനസ്സോടെ അവസാനിപ്പിക്കേണ്ടി വന്നു. എങ്കിലും കൈയേറ്റക്കാരിൽനിന്ന് അദ്ദേഹം ഒഴിപ്പിച്ച പതിനായിരത്തിലേറെ വരുന്ന ഹെക്ടർ ഭൂമി ഇപ്പോഴും സർക്കാരിന്റെ കൈവശമുണ്ടെന്നുള്ളതാണ് ഏക ആശ്വാസം. അതിനുശേഷം ഒരു തുണ്ടു സർക്കാർഭൂമിപോലും കൈയേറ്റക്കാരിൽനിന്നു പിടിച്ചെടുക്കാൻ പിന്നീടു വന്ന ഒരു സർക്കാരിനും കഴിഞ്ഞില്ലെന്നതും ചരിത്രവസ്തുതയാണ്.

**വിഎസിനു പിന്നിലെ ആരവം; ജനക്കൂട്ടം**


സിപിഎമ്മിലെ ഒരു നേതാവിനും ലഭിക്കാത്ത ജനപിന്തുണയും സ്നേഹവുമാണ് വിഎസിനു ലഭിച്ചിരുന്നത്. അതിപ്പോഴും നിലകൊള്ളുന്നുവെന്നതാണു രാഷ്ട്രീയസത്യവും. ചിരിക്കാത്ത, പരുക്കനായ അച്യുതാനന്ദനു ലഭിച്ച ജനപിന്തുണയിൽ ആശ്ചര്യം പ്രകടിപ്പിക്കുന്നവർ ഇന്നുമുണ്ട്. ചാഞ്ചാട്ടമില്ലാത്ത രാഷ്ട്രീയനിലപാടുകളും സമരസപ്പെടാത്ത പോരാട്ടങ്ങളുമാണു വിഎസിനെ ജനകീയനാക്കിയതെന്നതാണു വസ്തുത. വിഎസ് എവിടെപ്പോയാലും അദ്ദേഹത്തിൻെ പ്രസംഗം കേൾക്കാൾ ജനം കൂടും. തിരഞ്ഞെടുപ്പു പൊതുയോഗങ്ങളിലും മറ്റും വിഎസ് വന്നാൽ വേദിയിലേക്ക് എത്തിച്ചേരാൻ അദ്ദേഹത്തിന്റെ സുരക്ഷാ ഉദ്യോഗസ്ഥന്മാർ പെടാപ്പാടു പെടുന്നതു കേരളം എത്ര കണ്ടതാണ്! വിഎസിന്റെ നീട്ടിവലിച്ചുള്ള, എതിരാളികളെ അധിക്ഷേപിക്കുന്ന വാക്കുകൾ കാതോർക്കാൻ മൈതാനത്തു മരങ്ങളുടെ മുകളിൽവരെ സാഹസികമായി ഇരിപ്പിടമുറപ്പിച്ചിരുന്ന ശ്രോതാക്കളെ സംസ്ഥാനത്തുടനീളം കണ്ടതാണ്. വിദേശത്തുനിന്നുപോലും ആളുകൾ വിഎസിനെ പഠിക്കാനും കാണാനും കേരളത്തിൽ എത്തുമായിരുന്നു.



**വിഎസ് എന്ന രാഷ്ട്രീയപള്ളിക്കൂടം**

സിപിഎം നേതാക്കൾ വലിയ ആവേശത്തോടെ പറയുന്ന ഒന്നാണ് താൻ വിഎസിന്റെ രാഷ്ട്രീയപള്ളിക്കൂടത്തിലാണു മാർക്സിസം-ലെനിനിസം അഭ്യസിച്ചതെന്ന്. വിഎസിനൊപ്പം നിന്നവർക്കും പിന്നീട് അദ്ദേഹത്തെ തള്ളിപ്പറഞ്ഞു മറുചേരിയിൽ പക്ഷം പിടിച്ചവർക്കും ഇക്കാര്യത്തിൽ ഏകാഭിപ്രായമാണ്. ഒരു കേഡർ എങ്ങനെ രൂപപ്പെടണമെന്നതിൽ വിഎസിന് അപാര അറിവുണ്ടായിരുന്നു എന്നാണു പഴയ നേതാക്കളുടെ ഭാഷ്യം. ഇക്കാര്യത്തിൽ ഒരു വിട്ടുവീഴ്ചയ്ക്കും അദ്ദേഹം തയ്യാറായിരുന്നില്ല. നിർഭാഗ്യമെന്നു പറയട്ടെ, സമരം ജീവിതമാക്കിയ വിഎസിനു ശാരീരിക അവശതകൾമൂലം നൂറാം വയസ്സിൽ പ്രതികരിക്കാനാകുന്നില്ലെന്നതു വിധിവൈപരീത്യം. ■

# സക്രാരിയിലെ ഡോക്ടർ



സി. എൽ. ജോസ്



‘പാവങ്ങളുടെ പിതാവ്’ എന്നറിയപ്പെട്ടിരുന്ന തൃശൂർ ആർച്ചുബിഷപ് ഡോ. ജോസഫ് കുണ്ടുകുളം രൂപതയിലെ ചിറ്റാട്ടുകര പള്ളിയിൽ കൊച്ചച്ചനായി സേവനമനുഷ്ഠിക്കുന്ന കാലം.

ഒരു ദിവസം ഉച്ചതിരിഞ്ഞ് കാപ്പികുടി കഴിഞ്ഞ് അച്ചൻ കോണിപ്പടിയിറങ്ങി താഴേക്കു വരികയാണ്. ആ സമയത്ത് അതാ, പള്ളിമുറ്റത്തേക്ക് തോമസ് എന്ന പിതാവും പിറകേ അയാളുടെ രണ്ടു കുട്ടികളും ധൃതിപ്പെട്ടു വരുന്നു. വേവലാതിപൂണ്ട മുഖങ്ങൾ. അവർ തിടുക്കത്തിൽ പള്ളിയകത്തേക്കു കയറുന്നു. ഓടിയാണു കയറിയത്. തോമസ് പാവപ്പെട്ടവനും കൂലിപ്പണിക്കാരനുമാണ്.

വിജനമായ ദൈവാലയം. അക്കാലത്തു പള്ളികളിൽ രാവിലെ മാത്രമേ കുർബാനയുള്ളൂ. ഈ അസമയത്ത് ഇവർ എന്തിനാണ് ഓടിയെത്തിയത്? ആകാംക്ഷയോടെ അച്ചൻ ഇറങ്ങിവന്ന് അവർ കാണാതെ പള്ളിയുടെ വാതിൽക്കൽ ചെന്ന് എത്തിനോക്കി.

നോക്കിയപ്പോൾ കണ്ട കാഴ്ച. തോമസ് തിരുസക്രാരിയിൽ നോക്കി കൈകൾ വിരിച്ച് ഉള്ളുരുകി പ്രാർത്ഥിക്കുന്നു. അതുപോലെ, കൊച്ചുകുട്ടികൾ അപ്പന്റെ മുന്നിലായി മുട്ടുകുത്തി കുരുന്നുകൈകൾ വിരിച്ചു പ്രാർത്ഥിക്കുന്നു. കുട്ടികളുടെ കൈകൾ കഴച്ചിട്ടു താണുപോകുമ്പോൾ തോമസ് ആ കുഞ്ഞിക്കൈകളെ താങ്ങിയുയർത്തിക്കൊടുക്കുന്നു. തോമസിന്റെ കണ്ണുകൾ നിറഞ്ഞൊഴുകുന്നു. ഉള്ളുചുട്ട പ്രാർത്ഥന!

തോമസിന്റെ ഭാര്യ, കുഞ്ഞുങ്ങളുടെ അമ്മ രോഗം മൂർച്ഛിച്ചു മരണാസന്നയായി കിടക്കുകയാണ്. തോമസിന്റെ അനുജൻ ഡോക്ടറെ വിളിക്കാൻ പോയിരിക്കുന്നു. മറ്റൊരാശ്രയമില്ലാതെ അപ്പനും മക്കളും ദൈവാലയത്തിലേക്ക് ഓടിയെത്തിയിരിക്കുന്നു. സക്രാരിയിലെ ഡോക്ടറെ കാണാൻ, നേരിട്ടു കാര്യങ്ങൾ പറയാൻ.

അവർ മൂന്നുപേരും പ്രാർത്ഥന കഴിഞ്ഞു പുറത്തുവന്നു. രണ്ടുദിവസംമുമ്പ് അന്ത്യകൂദാശ കൊടുത്ത കുണ്ടുകുളം അച്ചൻ തോമസിനോട് ഭാര്യയുടെ രോഗവിവരം ചോദിച്ചു.

“വളരെ കൂടുതലാണച്ചോ. ഓർമപോയി. ശ്വാസമെടുക്കാനും ബുദ്ധിമുട്ട്.” ഹൃദയം തകർന്ന് കണ്ഠമിടറിയാണ് അയാൾ അത്രയും പറഞ്ഞത്.

അച്ചൻ സാന്ത്വനപ്പെടുത്തി: “ഞാൻ പ്രാർത്ഥിക്കുന്നുണ്ട്. ധൈര്യമായിപോ!.... മക്കളേ! ഒന്നും പേടിക്കേണ്ട.”

തിരിച്ചുപോകാനായി അവർ മൂന്നുപേരും മുറ്റത്തേക്കിറങ്ങിയപ്പോൾ, അനുജൻ അതാ, ഓടിക്കിതച്ചുവരുന്നു. മരണവാർത്ത അറിയിക്കാനായിരിക്കുമോ? കുടുംബനാഥ കൂടുവിട്ടുപോയോ? തോമസ് സ്തംഭിച്ച മട്ടിൽ പകച്ചുനിൽക്കുന്നു. അയാൾക്കു തലകറങ്ങുന്നതുപോലെ തോന്നി. ഉത്കണ്ഠ മുറ്റിയ നിമിഷങ്ങൾ!

അപ്പോഴേക്കും അനുജൻ വിളിച്ചുപറഞ്ഞു: ‘ചേട്ടാ! ചേട്ടത്തിക്ക് ഇപ്പോൾ സുഖമുണ്ട്. ഓർമ വന്നു. ചേട്ടനെയും കുട്ടികളെയും കാണണമെന്ന്.”

ഉള്ളുരുകി കരഞ്ഞുവിളിച്ചപ്പോൾ, സക്രാരിയിലെ ദിവ്യനാഥൻ മരണത്തെ മാറ്റിനിർത്തി, ആ അമ്മയ്ക്ക് ശക്തിചൈതന്യം കൊടുത്തു. ■

# എന്റെ തെറ്റും അപരന്റെ തെറ്റും



ഫാ. ജോസഫ് നെച്ചിക്കാട്ട്

**തെറ്റു സമ്മതിക്കാനും ഏറ്റുപറയാനും പരിഹാരം ചെയ്യാനുമുള്ള മനോഭാവമാണ് നമ്മിൽ വളർന്നുവരേണ്ടത്. ഒരു തെറ്റും ചെയ്യാത്തവനെങ്കിലും സർവമനുഷ്യരുടെയും തെറ്റ് സ്വമേധയാ ഏറ്റെടുത്തുകൊണ്ട് എല്ലാവർക്കുംവേണ്ടി പരിഹാരബലിയായവൻ നമുക്കു മാതൃകയാവട്ടെ.**

വ്യഭിചാരത്തിൽ പിടികൂടിയ ഒരു സ്ത്രീയെപ്പറ്റി യോഹന്നാന്റെ സുവിശേഷത്തിൽ നാം വായിക്കുന്നുണ്ടല്ലോ. അവളെ നിയമജ്ഞരും ഫരിശരുംകൂടി യേശുവിന്റെ അടുത്തു കൊണ്ടുവരുകയാണ്. അത്തരക്കാരെ കല്ലെറിഞ്ഞുകൊല്ലണമെന്നാണു മോശയുടെ ശാസന. ഇവിടെ യേശുവിന്റെ പ്രതികരണമാണ് അവർക്കറിയേണ്ടത്.

അവർ ആവർത്തിച്ചു ചോദിച്ചുകൊണ്ടിരുന്നപ്പോൾ യേശു മറുപടി പറഞ്ഞു: "നിങ്ങൾ പറയുന്നതു ശരിയാണ്. എങ്കിലും, നിങ്ങളിൽ പാപമില്ലാത്തവൻ ആദ്യമായി അവളെ കല്ലെറിയട്ടെ" (യോഹ 8:7).

തുടർന്നു നാം വായിക്കുന്നത് ഇങ്ങനെയാണ്: "അവരിലാർക്കും അതിനുള്ള ധൈര്യമുണ്ടായില്ല. മുതിർന്നവർമുതൽ ഓരോരുത്തരായി സ്ഥലംവിട്ടു." എന്തായിരുന്നു കാരണം? അവരൊക്കെ പാപം ചെയ്തവരായിരുന്നു-ഒരു പക്ഷേ, ആ സ്ത്രീയുമായിത്തന്നെ. അതുകൊണ്ടാണ് അവരാരും അതിനു മുതിരാതിരുന്നത്.

യേശുവിന്റെ ഉത്തരം എത്രയോ ബുദ്ധിപൂർവമാണെന്നു ശ്രദ്ധിക്കുക. അവളെ മോശയുടെ നിയമപ്രകാരം കല്ലെറിഞ്ഞുകൊല്ലാൻതന്നെയാണ് അവിടുന്നു പറയുന്നത്. പക്ഷേ, ഒരു വ്യവസ്ഥ. ആദ്യം കല്ലെറിയേണ്ടത് അവരിൽ പാപമില്ലാത്തവരായിരിക്കണം! അവിടെയാണ് അവർ കുടുങ്ങിയത്.

ഒരു കാലത്തും നമ്മുടെ തെറ്റുകൾ നാം ഏറ്റുപറയാറില്ല, സമ്മതിക്കാറുമില്ല. അതു മറ്റുള്ളവരുടെമേൽ, മറ്റു പലതിലും കെട്ടിയേല്പിക്കാനായിരിക്കും നമ്മുടെ എപ്പോഴുമുള്ള ശ്രദ്ധ.

അതാണ്, വ്യഭിചാരക്കുറ്റത്തിൽ ആ സ്ത്രീയെ അറസ്റ്റുചെയ്തുകൊണ്ടുവന്നവരുടെ കാര്യത്തിലും സംഭവിച്ചത്. അവളെ പിടിച്ചുകെട്ടാനും കല്ലെറിഞ്ഞുകൊല്ലാനും അവർ അങ്ങേയറ്റം ഉത്സുകരായിരുന്നു. അതേസമയം, സ്വന്തം തെറ്റുകളിലേക്കൊന്ന് എത്തിനോക്കാൻ ആരും തയ്യാറായില്ല. ആ വിഷയം യേശു എടുത്തിട്ടപ്പോൾത്തന്നെ അവർക്കു കാര്യം മനസ്സിലായി.

നമുക്കൊരു തെറ്റുപറ്റിയാൽ എന്തായിരിക്കും നാം പ്രതികരിക്കുക?

"മനുഷ്യനായാൽ എന്തെങ്കിലും കുറവുകൾ കണ്ടെന്നിരിക്കും. അതിന് അത്ര വലിയ ഗൗരവം കൊടുക്കാനൊന്നുമില്ല. എനിക്കു പറ്റിയ ആ അമളി ആരും അറിയരുത്."

ഇനി അതേ തെറ്റ് മറ്റാരെങ്കിലുമാണ് പ്രത്യേകിച്ചും നമുക്കിഷ്ടമില്ലാത്തവരിലാണു സംഭവിച്ചതെന്നു കരുതുക. നമ്മുടെ ചിന്താഗതി നേരേ മറിച്ചായിരിക്കും:

"മനുഷ്യനായാൽ സൂക്ഷിക്കണം.

അത് എല്ലാവരും അറിയണം.

ആ തെറ്റ് ഗൗരവമേറിയതാണ്-ശരിക്കും ശിക്ഷിക്കപ്പെടേണ്ടത്."

വ്യഭിചാരത്തിൽ പിടിക്കപ്പെട്ടവളുടെ കാര്യത്തിലും ആ നിലപാടാണ് ഫരിസേയരും നിയമജ്ഞരും സ്വീകരിച്ചത്.

ആകാശത്തിനു കീഴെയുള്ള സർവതിനെയും വിമർശിക്കുകയും കുറ്റപ്പെടുത്തുകയും ചെയ്യുന്ന മനുഷ്യരെ നാം കണ്ടുമുട്ടാറില്ലേ? അവരുടെ കാഴ്ചപ്പാടിൽ ഈ ലോകത്തിലുള്ള എല്ലാ മനുഷ്യരും കുറ്റവും കുറവുമുള്ളവരാണ് - എന്നുവച്ചാൽ അവർമാത്രം പരിപൂർണർ! അവരുടെ വിമർശനം ഒരു പക്ഷേ, ശരിയായിരിക്കാം. എങ്കിലും, ഒന്നു തീർച്ചയാണ്. ആ മനുഷ്യരുടെയുള്ളിലും ഒത്തിരി അഴുക്കുണ്ട്. അതവർക്കറിഞ്ഞുകൂടെന്നുമാത്രം. കുറ്റബോധമുള്ളവർ മറ്റുള്ളവരെ അധികം വിമർശിക്കാറില്ല.

ആദിപിതാവായ ആദം സർവവിധ സൗഭാഗ്യങ്ങളോടുംകൂടി പറുദീസയിൽ വാണിരുന്ന കാലത്താണ് തെറ്റു സംഭവിക്കുന്നത്. എങ്കിലും, അതേക്കുറിച്ചു ദൈവം ചോദിച്ചപ്പോൾ തെറ്റ് ഹവ്വയിലേക്കു ചാരുകയായിരുന്നു-ഹവ്വാ സർപ്പത്തിലേക്കും (ഉത്പത്തി 3:12-13).

ഗ്രീക്കുസാഹിത്യകാരനായ കസാൻ ദ് സാക്കീസിനെപ്പറ്റി കേട്ടിട്ടില്ലാത്തവർ ചുരുക്കമായിരിക്കും. അദ്ദേഹത്തിന്റെ കുപ്രസിദ്ധിയാർജിച്ച കൃതിയാണ് "ദി ലാസ്റ്റ് റ്റെംപ്റ്റേഷൻ ഓഫ് ക്രൈസ്റ്റ്" (യേശുവിന്റെ അന്ത്യപ്രലോഭനം). മരക്കുരിശിൽ തൂങ്ങിക്കിടന്നു പിടഞ്ഞുപിടഞ്ഞു മരിക്കുന്ന യേശുവിനെ അന്ത്യശ്വാസത്തിലും അലട്ടിയിരുന്നത് മഗ്ദലനമറിയത്തെക്കുറിച്ചുള്ള പ്രലോഭനങ്ങളായിരുന്നു എന്നാണ് അദ്ദേഹത്തിന്റെ കണ്ടുപിടിത്തം!

ശമിക്കാത്ത വിഷയാസക്തികളുമായി നിരന്തരം നീറിനിന്ന വ്യക്തിയാണ് കസാൻ ദ് സാക്കീസ്. തന്നെപ്പോലെതന്നെ ലൈംഗികവികാരങ്ങളുടെയും കാമാസക്തികളുടെയും അടിമയാണ് സകല മനുഷ്യരുമെന്ന ചിന്തയത്രേ അയാൾക്കുണ്ടായിരുന്നത്.

സ്വന്തം അനുഭവങ്ങളും വികലവികാരങ്ങളും വിശോത്തരവിശുദ്ധിയുള്ളവരിലും ആരോപിക്കുകയായിരുന്നു അയാളുടെ അടുത്ത പരിപാടി. അതാണ്, എല്ലാ മനുഷ്യരുടെയും പാപപ്പരിഹാരാർത്ഥം കുരിശിൽ തൂങ്ങിമരിച്ചുകൊണ്ടിരുന്ന യേശുവിലും അത്തരം പ്രലോഭനങ്ങൾ ആരോപിക്കുന്നതിന്റെ ഉള്ളിലിരുപ്പ്.

നമ്മെ മാത്രം അളവുകോലാക്കി നാം മറ്റുള്ളവർക്കു മാർക്കിടുമ്പോൾ നമുക്കു തെറ്റു സംഭവിക്കാം. ആ തെറ്റുകളും കുറ്റങ്ങളും എല്ലാവരിലും കണ്ടുകൊള്ളണമെന്നില്ല. അവിടെയാണ് കസാൻ ദ് സാക്കീസിനു പറ്റിയ പിശക്.



തെറ്റു സമ്മതിക്കുക മാനുഷികമല്ല. അതു സമ്മതിക്കാനും ഏറ്റുപറയാനും പരിഹാരം ചെയ്യാനുമുള്ള മനോഭാവമാണ് നമ്മിൽ വളർന്നുവരേണ്ടത്. "തെറ്റ്... ഇതു തുടങ്ങിയതെവിടെനിന്നോ, യഹോവയുടെ ശില്പശാലയിൽവച്ചോ ഏദൻതോട്ടത്തിൽവച്ചോ..." എന്നൊക്കെ പാടുന്നവരെ ധാരാളം കാണാൻ കഴിയും. തെറ്റുതുടങ്ങുന്നതു നമ്മിൽനിന്നാണെന്നുള്ള തിരിച്ചറിവു നമുക്കുണ്ടാകണം.

ഒരു തെറ്റും ചെയ്യാത്തവനെങ്കിലും സർവമനുഷ്യരുടെയും തെറ്റ് സ്വമേധയാ ഏറ്റെടുത്തുകൊണ്ട് എല്ലാവർക്കുംവേണ്ടി പരിഹാരബലിയായവൻതന്നെ നമുക്കു മാതൃകയാവട്ടെ. ■

---




മാത്യൂസ് ആർപ്പൂക്കര

# പുള്ള്

പക്ഷികൾക്കിടയിൽ വിദഗ്ധരായ വേട്ടക്കാരുടെ വലിയ നിര തന്നെയുണ്ട്. അറപ്പും ഭയവും തോന്നുന്ന ഭീകരന്മാരായ കഴുകന്മാരും, ശക്തിയും സൗന്ദര്യവും ഗാംഭീര്യവും ഒത്തിണങ്ങിയ രാജകീയവേട്ടപ്പക്ഷികളായ പരുന്തുകളും, പ്രാപ്പിടിയന്മാരും, പുള്ളുകളുമൊക്കെ ആ നിരയിൽ മുമ്പന്മാരാണ്. സൂക്ഷ്മമായ നിരീക്ഷണവും ചടുലമായ ചലനങ്ങളും ശക്തിയേറിയ ആക്രമണസ്വഭാവവുമെല്ലാം വേട്ടപ്പക്ഷികളുടെ കൈമുതലാണ്. അതുകൊണ്ടുതന്നെ അത്തരം പക്ഷികൾ മനുഷ്യരുടെ ശത്രുക്കളാണ്. പുള്ളും അക്കൂട്ടത്തിൽപ്പെടുന്നു. ഏതോ അജ്ഞാത ഇടത്തുനിന്ന് ഓർക്കാപ്പുറത്ത് ചാട്ടുളിപോലെ പറന്നെത്തി കോഴിക്കുഞ്ഞിനെ റാഞ്ചിപ്പറന്നകലുന്ന പുള്ള്! എലികൾ, അണ്ണാൻ, ചെറിയ പക്ഷികൾ, പ്രാണികൾ, കീടങ്ങൾ, പാമ്പുകൾ, എന്തിന് മീനുകൾ വരെയും പരുന്തുകളെപ്പോലെ പുള്ളുകളും ഇരകളാക്കുന്നു. പോരാത്തതിനു ചത്ത ജീവികളുടെ മാംസവും ചിലപ്പോൾ ആഹരിച്ചെന്നുവരും.

രൂപത്തിലും ഭാവത്തിലും പരുന്തുകളുമായി ഏറെ സാമ്യമുള്ള പക്ഷികളാണ് പുള്ളുകൾ. ഇംഗ്ലീഷിൽ ഫാൽക്കൺ എന്നു വിളിപ്പേര്. ഇര പിടിക്കുന്നതിനു പ്രകൃതി നൽകിയ ആനുകൂല്യങ്ങളിൽ മുഖ്യം വേഗമാണ്. 180 കി.മീറ്റർ വേഗത്തിൽ സഞ്ചരിച്ച് ലോകത്തെ ഏറ്റവും വേഗമേറിയ വേട്ടപ്പക്ഷിയായി പുള്ള് മാറുന്നു. ഇരയെ റാഞ്ചാനുള്ള കൂപ്പുകുത്തലിലാണ് പുള്ളിന് ഈ ശരവേഗം കൂട്ടിനുണ്ടാവുക. തറയിലിരിക്കുന്ന ഇരയെ കൊത്തിപ്പറക്കാനും ആകാശത്തുവച്ചു തന്നെ അതിനെ അമർച്ച ചെയ്യാനും പുള്ളിനാകും. കാഴ്ചശക്തിയിൽ പുള്ളിന്റെ മികവ് വേറേതന്നെ. ആയുസ്സിന്റെ കാര്യത്തിലും അദിതീയനാണ് ഫാൽക്കൺ. പത്തു വർഷമാണ് ആയുസ്.



മരപ്പൊത്തുകളിലോ മൺതിട്ടകളിലോ പുള്ള് കൂടൊരുക്കി മുട്ടയിടുന്നു. വീവർ ബേർഡിന്റെയോ ടെയിലർ ബേർഡിന്റെയോ കൂട്ടിൽ കേറിക്കൂടുന്നവരാണ് കുഞ്ഞൻപുള്ളുകൾ. പ്രാവുകളെയും മറ്റു ചില പക്ഷികളെയുമൊക്കെ ഇവ വേട്ടയാടാറുണ്ട്.

ഏറ്റവുമേറെ അവാന്തരവിഭാഗങ്ങളുള്ള പക്ഷികളിലൊന്നാണിത്. ഈ കൂട്ടത്തിൽ അറുപതോളം ഇനങ്ങളുണ്ട്. ഇന്ത്യയിൽ കണ്ടുവരാറുള്ള പുള്ളുകളിവയാണ്: വിറയൻപുള്ള്, ചെന്തലയൻ പുള്ള്, ചെമ്പുള്ള്, കായൽപ്പുള്ള്. ഒരു പ്രാവിനോളം വലിപ്പമുള്ളതാണ് വിറയൻപുള്ള്, ചിറകുകൾക്കു നീളമേറും. പൊതുവെ ചാരനിറമാണ്. ഓന്ത്, അരണ, വെട്ടുക്കിളി, കുഞ്ഞുപക്ഷികൾ മുതലായവ ആഹാരം. ഇരയെ അതിശീഘ്രം റാഞ്ചിയെടുക്കും. കേരളത്തിൽ മൂന്നിനം പുള്ളുകളെയേ കണ്ടെത്തിയിട്ടുള്ളൂ. ■

ടൂറിസം

# ദൃശ്യകലകളുടെ കാഴ്ചപ്പൂരം



ഹണി സുധീർ

**കേ**രളത്തിന്റെ ടൂറിസം വികസനത്തിൽ ഉത്സവങ്ങൾക്കും കലാരൂപങ്ങൾക്കും വിനോദമേളകൾക്കും വലിയ പങ്കുണ്ട്. അതിൽ പ്രധാനമാണ് നമ്മുടെ തനതായ ജലോത്സവങ്ങൾ. ഓണക്കാലത്താണ് വള്ളംകളികളുടെ അരങ്ങേറ്റം. വിദേശികളും സ്വദേശികളുമായ സഞ്ചാരികളെ ഒന്നുപോലെ ആകർഷിക്കുന്നതാണ് വള്ളംകളി. കേരള സർക്കാർ വള്ളംകളിയെ ഒരു കായികയിനമായി പ്രഖ്യാപിച്ചിട്ടുണ്ട്.



പായിപ്പാട്, ചമ്പക്കുളം, ആറന്മുള, ഉത്രട്ടാതി വള്ളംകളികൾ ടൂറിസത്തിന്റെ ഭാഗമായിത്തന്നെ നടന്നുവരുന്നതാണ്. പ്രസിദ്ധമായ നെഹ്റു ട്രോഫി വള്ളംകളി ആലപ്പുഴ പുന്നമടക്കായലിൽ എല്ലാ വർഷവും ഓഗസ്റ്റുമാസത്തിൽ നടത്തിവരുന്നു. പള്ളിയോടങ്ങൾക്കും വഞ്ചികൾക്കും പേരുകേട്ട സ്ഥലമാണ് ആറന്മുള. ആറന്മുളക്ഷേത്രം കേന്ദ്രീകരിച്ചു നിലനിന്നിരുന്ന സാംസ്കാരികപൈതൃകത്തിന്റെ ആഘോഷംകൂടിയാണ് ഈ വള്ളംകളി. ആഡംബരപ്പള്ളിയോടങ്ങളാണ് ആറന്മുള വള്ളംകളിയുടെ പ്രത്യേകത.

നാടൻപാട്ടിന്റെ ശീലും ആർപ്പുവിളികളുമായി വഞ്ചിപ്പാട്ടും പാടി പള്ളിയോടങ്ങൾ മത്സരിച്ചു മുന്നേറുന്ന കാഴ്ച മനോഹരമാണ്!

നമ്മുടെ നാടിന്റെ പെരുമ ലോകമാകെ എത്തിച്ച മറ്റൊരുത്സവമാണ് പൂരങ്ങളുടെ പൂരം എന്നറിയപ്പെടുന്ന തൃശൂർ പൂരം. വടക്കുന്നാഥക്ഷേത്രനടയിൽ വച്ചു നടക്കുന്ന ഇലഞ്ഞിത്തറ മേളം ആഗോളപ്രസിദ്ധമാണ്. തായമ്പകയും ശിങ്കാരിമേളവും ചേർന്ന വാദ്യവിരുന്ന് കാണാനും കേൾക്കാനും ആയിരങ്ങൾ ഒഴുകിയെത്തുന്നു. ഗജകേസരികൾ അണിനിരന്നുള്ള കുടമാറ്റവും പൂരത്തിനു പത്തരമാറ്റേകുന്നു.

പൂരത്തിന് മുന്നൊരുക്കമായുള്ള പൂരച്ചമയം കാണേണ്ട കാഴ്ചതന്നെ. കലയുടെ ഒരു ദൃശ്യവിസ്മയമാണ് തൃശൂർ പൂരം. പൂരം കഴിഞ്ഞുള്ള വെടിക്കെട്ട് അതിലേറെ പ്രസിദ്ധം.



സാഹിത്യവും സംഗീതവും ചേർന്ന നമ്മുടെ സമ്പന്നമായ പാരമ്പര്യത്തെ ലോകപ്രശസ്തിയിലെത്തിച്ച മറ്റൊരു ദൃശ്യകലാരൂപമാണ് കഥകളി. കേരളീയ കലകളുടെ വളർച്ചയ്ക്കായി മഹാകവി വള്ളത്തോൾ ചെറുതുരുത്തിയിൽ സ്ഥാപിച്ച കേരള കലാമണ്ഡലത്തിൽ വിദേശികളായ നിരവധി പേർ കഥകളി പഠിക്കാനായി എത്തുന്നുണ്ട്. കേരളത്തിൽ നടപ്പിലുണ്ടായിരുന്ന മറ്റു പല നടനപ്രസ്ഥാനങ്ങളുടെയും അനുഷ്ഠാനകലകളുടെയും സംയോജിതരൂപമാണ് കഥകളി. രാമനാട്ടവും കൂടിയാട്ടവും എല്ലാ കഥകളിയുമായി അടുത്തുനില്ക്കുന്നു.



പാലക്കാട് ജില്ലയിലെ വെള്ളിനേഴി കേരളത്തിലെ കഥകളി ഗ്രാമം എന്നറിയപ്പെടുന്നു. കഥകളി കൂടാതെ കളരിപ്പയറ്റ്, യോഗ, വാദ്യകലകൾ തുടങ്ങിയവയെല്ലാം സഞ്ചാരികൾക്കു പഠിക്കാനും കണ്ടു മനസ്സിലാക്കാനും ഇവിടെ അവസരമുണ്ട്.

ആയുർവേദപാരമ്പര്യത്തിലൂന്നിയ കേരളത്തിന്റെ തനതു ചികിത്സാവിധികൾ നിരവധി വിദേശികളെ ഇവിടേക്കാകർഷിക്കുന്നു. ഇന്ന് പല റിസോർട്ടുകളിലും ആയുർവേദചികിത്സാകേന്ദ്രങ്ങൾ ഉണ്ട്. എന്നാൽ, ആയുർവേദത്തിന്റെ മറവിൽ ടൂറിസ്റ്റുകേന്ദ്രങ്ങളിൽ കൂണുപോലെ മുളച്ചുപൊന്തുന്ന മസാജ് പാർലറുകൾ സഞ്ചാരികളെമാത്രം ഉന്നം വച്ചുള്ളതാണ്. അതിനു പിന്നിൽ കാണാതെപോകുന്ന ചതിക്കുഴികളുമുണ്ട്. ടൂറിസംവകുപ്പിന്റെ അംഗീകാരമില്ലാത്ത ഇത്തരം അനധികൃതകേന്ദ്രങ്ങൾ നമ്മുടെ ടൂറിസവികസനത്തിനു മങ്ങലേല്പിക്കുന്നു.

ചരിത്രമുറങ്ങുന്ന കേരളീയ സ്ഥലികളിലേക്കു സഞ്ചാരികൾ ഏറെ താത്പര്യപൂർവം എത്തിപ്പെടുന്നുണ്ട്. മൈസൂർ രാജാവായ ഹൈദരലി പണിതീർത്ത പാലക്കാട് കോട്ട, കേരളത്തിലെ ഏറ്റവും വലിയ കോട്ടയായ ബേക്കൽ കോട്ട, ഇംഗ്ലീഷുകാർ നിർമിച്ച ആദ്യത്തെ കോട്ടയായ അഞ്ചുതെങ്ങുകോട്ട, തലശ്ശേരിക്കോട്ട, സാമൂതിരിയുടെ കഴുത്തിലേക്കു നീട്ടിയ പീരങ്കി എന്നു വിശേഷിപ്പിക്കപ്പെടുന്ന ചാലിയം കോട്ട തുടങ്ങി ചരിത്രമുറങ്ങുന്ന സ്ഥലങ്ങൾ നിരവധിയാണ്. പല കോട്ടകളും നിർമിച്ചിരിക്കുന്നതു ഫ്രഞ്ച് എഞ്ചിനീയർമാരുടെ സഹായത്താലാണ്. പുതുതലമുറകളിൽ ചരിത്രാന്വേഷികൾ വളർന്നുവരട്ടെ.

■



ടി.പി. ശാസ്തമംഗലം

പാട്ടെഴുത്തിലെ പാഠഭേദങ്ങൾ

# മുറിവേറ്റ അക്ഷരങ്ങൾ

**മു**മ്പ് ഡോ. അയ്യപ്പപ്പണിക്കർ ഇങ്ങനെ ഒരു കവിതയെഴുതി:

“കം
തകം
പാതകം
കൊലപാതകം
വാഴക്കൊലപാതകം
നേന്ത്രവാഴക്കൊലപാതകം”

ഇതിന് അക്കാലത്ത് താമസിയാതെ ‘സാഹിത്യവാരഫല’ത്തിൽ ഇപ്രകാരം ആക്ഷേപിച്ചുകൊണ്ട് ഹാസ്യാനുകരണം (പാരഡി) വന്നു.

“ർ
കർ
നിക്കർ
പണിക്കർ
അയ്യപ്പപ്പണിക്കർ”

ഇപ്പോൾ പ്രദർശനത്തിനു വന്ന ‘സിദ്ദി’ എന്ന ചിത്രത്തിലെ ഒരു പാട്ടു കേട്ടപ്പോൾ ഞാനോർമ്മിച്ചത് അയ്യപ്പപ്പണിക്കരുടെ കവിതയും അതിന്റെ ഹാസ്യാനുകരണവുമാണ്. ഗാനം ഇങ്ങനെ:

“ഒരു മാത്രയിൽ
ചിരിനാളമെൻ
അഴലാഴിയിൽ
വെയിലാകവേ
ഇതു പ്രണയമോ
കളവാണോ
പറയൂ
മിഴി തേടുന്നു ഞാൻ”

(ഗാനരചന-വിനായക് ശശികുമാർ; സംഗീതം-രമേഷ് നാരായണൻ; ആലാപനം-മധുശ്രീ നാരായണൻ)

നാളുകൾ കഴിയുന്തോറും വരികളുടെ ദൈർഘ്യം കുറഞ്ഞുകുറഞ്ഞ് ഏതാനും മില്ലീമീറ്റർ മാത്രമായിരിക്കുന്നു. അതുകൊണ്ട്, ഒരു ഗുണമുണ്ട്. വായിൽ തോന്നിയതെന്തും എഴുതാം.

“അരികിൽ നീയുണ്ടായിരുന്നെങ്കിലെന്നു ഞാൻ
ഒരുമാത്ര വെറുതെ നിനച്ചുപോയി”

(ചിത്രം - നീയെത്ര ധന്യ) എന്ന് ഒ.എൻ.വി. കുറുപ്പ് എഴുതി. ഈ ഗാനത്തിലെ മാത്രയും ‘സിദ്ദി’ യിലെ പാട്ടിൽ കടന്നുവന്നിരിക്കുന്ന മാത്രയും തമ്മിലുള്ള അന്തരം ആർക്കാണു മനസ്സിലാകാത്തത്? ആ ചിരിനാളം (വെയിലായി മാറിയ ചിരിനാളം എന്നു തിരുത്തിപ്പറയട്ടെ) പ്രണയമാണെന്നുപോലും പാടുന്ന നായികയ്ക്ക് ഉറപ്പില്ല. അതുകൊണ്ടാണല്ലോ കളവാണോ എന്ന് ആരായുന്നത്. ‘മിഴി തേടുന്നു ഞാൻ’ എന്നു വരിക്കു ഗാനത്തിൽ നിരർത്ഥകമായ വിധത്തിൽ പദപൂരണം എന്ന ലക്ഷ്യം സാധിക്കാമെന്നല്ലാതെ ഗാനത്തിൽ വലിയ സ്ഥാനമൊന്നുമില്ല.

“മുറിവാകും കിനാവോ
പേറുന്നൊരെന്നിൽ
നിലാക്കൈ വീണു
തുടുതെന്നൽ പൊതിഞ്ഞും
വിങ്ങൽ മറഞ്ഞും
മനം ചേലാർന്നു
വർണ്ണക്കാലമെന്നാണോ
മധുവാം തലോടൽപോലെ നീ
ഇനി ജാലമെന്നാണോ
ഇതൊരുദയമോ
ഇരുളാണോ
പറയൂ
മിഴി തേടുന്നു ഞാൻ”

അക്ഷരങ്ങൾക്ക് ഇത്രമാത്രം മുറിവേറ്റ മറ്റൊരു കാലമുണ്ടായിട്ടില്ല. വാക്കുകൾ പാട്ടിൽ വന്നു നിരക്കുന്നു എന്നല്ലാതെ അവയുടെ അർത്ഥം പോലും രചയിതാവ് പരിഗണിക്കുന്നില്ല. വെയിൽ, നിലാവ്, കാറ്റ്, ഇരുൾ തുടങ്ങിയ സ്ഥിരം പദങ്ങൾ ഒഴിവാക്കാൻ കഴിയാത്ത അവസ്ഥകൂടിയായപ്പോൾ അധഃപതനം പൂർത്തിയായി. ‘തുടുതെന്നൽ’ പോലെയുള്ള പ്രയോഗങ്ങളൊക്കെ തൊണ്ടതൊടാതെ വിഴുങ്ങാൻ പ്രയാസംതന്നെ. ഇത്രയും വരികൾ (ഒരു ചരണംകൂടി ബാക്കിയുണ്ടുതാനും) എഴുതിയല്ലോ, ഇവയിലൂടെ ഉരുത്തിരിഞ്ഞുവരുന്ന ആശയം പാട്ടെഴുത്തുകാരൻ ഒന്നു ചിന്തിച്ചിട്ടുണ്ടോ? എന്തിനേറെപ്പറയുന്നു, അദ്ദേഹം ഇന്നോളം എഴുതിയ ഗാനങ്ങളിൽ ഏതെങ്കിലുമൊരെണ്ണം കാലാതിവർത്തിയായി മാറിയിട്ടുണ്ടോ? പുട്ടുകുറ്റിയിൽ മാവു നിറയ്ക്കുമ്പോലെ ഈണത്തിനൊപ്പിച്ച് പദങ്ങൾ തിരുകിക്കയറ്റുന്നു. പുട്ടു വെന്തുകഴിഞ്ഞാൽ ഭക്ഷണയോഗ്യമാണ്. പക്ഷേ, പദങ്ങൾകൊണ്ടു പാകം ചെയ്തുവിളമ്പുന്ന ഗാനമെന്ന ആഹാരം ഒരു രുചിയും പ്രദാനം ചെയ്യുന്നില്ല. ആസ്വാദകരിൽ ദഹനക്കേടുണ്ടാക്കുകയും ചെയ്യുന്നു. ചലച്ചിത്രരംഗത്തു പ്രവർത്തിക്കുന്നവർ ഈ ദുരവസ്ഥ ഇനിയും ഗ്രഹിക്കാത്തതാണു കഷ്ടം!

■

Deepanalam Weekly

RNI No : 16998/68
Vol. 55 No. 34 Date of Publication 27 Oct 2022
Annual Subscription Rate ₹400 (For Abroad ₹4500)

Registered No. KL/KTM/12/2021-2023
License No.KL/CR/KTM/WPP-11/2021-2023
Licensed to post without pre-payment


# ലിത്തോസ് പാവിംഗ് ടൈൽസ് നിങ്ങളുടെ മുറ്റം കൂടുതൽ സുന്ദരമാക്കും..

വ്യത്യസ്തവും, മനോഹരവുമായ ഡിസൈനുകളുടെ വിപുല ശേഖരവുമായി ലിത്തോസ് പാവിംഗ് ടൈൽസ് വിപണിയിൽ. കുറഞ്ഞ വിലയിൽ ഏറ്റവും മികച്ചതും ദീർഘകാലം ഈട് നിൽക്കുന്നതുമായ പാവിംഗ് ടൈലുകളാണ് ലിത്തോസ് നൽകുന്നത്. ഏറ്റവും ആധുനിക മെഷിനറികളുടെ സഹായത്തോടെ സ്വന്തം ഫാക്ടറിയിൽ നിർമ്മിക്കുന്നതിനാൽ മാർക്കറ്റ് വിലയേക്കാൾ കുറഞ്ഞ നിരക്കിൽ ആവശ്യക്കാർക്ക് ടൈലുകൾ തിരഞ്ഞെടുക്കുവാൻ കഴിയുന്നു. നിർമ്മാണത്തിന്റെ ഓരോ ഘട്ടങ്ങളിലും ഗുണമേന്മ പരിശോധിച്ച് ഉറപ്പ് വരുത്തുന്നു എന്നതാണ് ലിത്തോസിന്റെ മറ്റൊരു പ്രത്യേകത. വിവിധ ഡിസൈനുകളിലുള്ള ടൈലുകൾ കേരളത്തിൽ എവിടെയും കുറഞ്ഞ നിരക്കിൽ വിരിച്ച് കൊടുക്കാനുള്ള സൗകര്യവും ഇവിടെ ഏർപ്പെടുത്തിയിട്ടുണ്ട്.

- പൂർണ്ണമായും വൈറ്റ് സിമന്റിൽ നിർമ്മിക്കുന്നതിനാൽ പായൽ പിടിക്കാനുള്ള സാധ്യത തീർത്തും കുറവ്.
- സാധാരണ ഇന്റർ ലോക്കുകളെ അപേക്ഷിച്ച് ഏറ്റവും മികച്ച കളർ ഓക്സൈഡ് ഉപയോഗിക്കുന്നു.
- പരിചയ സമ്പന്നരായ തൊഴിലാളികളാൽ പൂർണ്ണ ഉത്തരവാദിത്വത്തോടെ സൈറ്റിൽ വിരിച്ചു കൊടുക്കപ്പെടും



LITHOS PAVING TILES
ISO 9001:2015



**Royal Industries**
Near St Antony's Abbot Church,
Elamthottam, Pala, Pin 686651

907 264 7007
907 264 7008



33 വർഷത്തെ സേവനപാരമ്പര്യം

# നവഭാരത് കോളേജ്

മരിയൻ ഹോസ്പിറ്റൽ Jn;
അരുണാപുരം പി.ഒ., പാലാ

Govt. V.H.S.S. നു സമീപം
പൊൻകുന്നം

Ph: 9495195739, 9495021259

ഉയർന്ന വിജയശതമാനം
ഹോസ്റ്റൽ സൗകര്യം

പരിചയസമ്പന്നരായ അധ്യാപകർ
വിദ്യാർത്ഥികൾക്കു ബസ് കൺസഷൻ

അഡ്മിഷൻ തുടരുന്നു

+2 Science commerce humanities

6 മാസംകൊണ്ട് +2, 10
നാഷണൽ ഓപ്പൺ സ്കൂൾ (NIOS)

B.A. - All subjects (M.G. University)
B.Com - Finance and Taxation
Co-Operation
M.A. - Malayalam, History
Regular, Postal & Holiday Classes

HINDI TTC
എസ്എസ്എൽസിയോ ഉപരിവിദ്യാഭ്യാസയോഗ്യതയോ ഉള്ളവർക്ക് ഒരു വർഷംകൊണ്ട് HINDI TTC പാസായി അധ്യാപകരാകാം.


# സ്നേഹസ്മരണയ്ക്ക്

11-ാം ചരമവാർഷികം
19-11-2022



കെ.ജെ. ദേവസ്യ
കൊറ്റത്തിൽ, ആറുമാനൂർ

7-ാം ചരമവാർഷികം
19-03-2023



ത്രേസ്യാമ്മ ദേവസ്യ
കൊറ്റത്തിൽ

6-ാം ചരമവാർഷികം
07-08-2022



റവ. ഫാ. അലക്സാണ്ടർ
കൊറ്റം M.S.F.S.

3-ാം ചരമവാർഷികം
07-11-2022



റവ. ഡോ. വിൽസൺ
കൊറ്റം M.S.F.S.

"യേശു മരിക്കുകയും വീണ്ടും ഉയിർക്കുകയും ചെയ്തു എന്നു നാം വിശ്വസിക്കുന്നതുപോലെ, യേശുവിൽ നിദ്രപ്രാപിച്ചവരെ ദൈവം അവനോടുകൂടെ ഉയിർപ്പിക്കും" (1 തെസ. 4:14)

കുടുംബാംഗങ്ങൾക്കുവേണ്ടി : കൊറ്റത്തിൽ ആയുർവേദ ഹോസ്പിറ്റൽ, അയർക്കുന്നം Ph: 9447054461

Printed & Published by Fr. Joseph Thadathil on behalf of Deepanalam Society Palai, Reg. No. 69/77 and printed at Deepanalam printings Palai P.O., Pin-686575 and Published at Palai, Kottayam Dist. Kerala, Pin -686575 • Editor - Fr. Kurian Thadathil * Responsible for selection of news under PRB Act.
• Ph: 04822-212842 • 7306874714 • Fax: 04822-212842 • Email: editordeepanalam@gmail.com • deepanalam@rediffmail.com • website: www.deepanalam.org